SINCE 1976

# ഐക്യദീപം

വില 10

2021 ആഗസ്റ്റ്



## സ്വർഗ്ഗാരോപണ തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ

www.malankaralibrary.com

# MATHA SENIOR SECONDARY SCHOOL

ARCHDIOCESE OF TIRUVALLA
THUMPOLY, ALAPPUZHA. PH : 0477 2245737, 2965737, 2244165
(AFFILIATION NO 930036)












## *Wings of a Smart Future*

### DISTINCTIVE FEATURES

Greenish Campus
Spacious and Digital Classrooms
Well Equipped Physics, Chemistry, Biology and Computer Labs.
Fully equipped Integrated Lab
Specially designed Mathematics Lab
Value based and Life skill based education
Regular Football, Cricket, Basketball, Badminton Practice
Special Yoga, Taekwondo and Karate classes
Studying Artificial Intelligence in IX & X classes
Various clubs like Literary,
Mathematics, Science,
Social Science, Computer,
Nature, Philately and Numismatics
Daily English, Malayalam and Hindi News Paper Reading
Committed and Highly Talented Faculty.
Activity Room for K G Students
Art Intergrated Education

www.malankaralibrary.com

# ഐക്യദീപം




2021 ആഗസ്റ്റ്
പുസ്തകം 52 ലക്കം 17

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

സർക്കുലേഷൻ മാനേജർ & കോ–ഓർഡിനേറ്റർ
**ഫാ.ജെറോം പുളിക്കൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**പത്രാധിപസമിതി**

**ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ**
**ഫാ. ഡോ. തോമസ് പാറയ്ക്കൽ**
**റവ. സി. അലീന എസ്.ഐ.സി.**
**റവ. സി. റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി മാത്യു**
**ജയിസ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Union Bank, Tiruvalla 689 101
A/c No. 110110100023901
IFSC. UBIN0811017
SWIFT CODE : ANDBINBB

Printed at :
Mangalam Webmedia, Kottayam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

## ഉള്ളടക്കം

എഡിറ്റോറിയൽ – പ്രതിസന്ധികൾക്കിടയിലും പ്രതീക്ഷകൾ അസ്തമിക്കാതിരിക്കട്ടെ ---- 04

ഇടയശബ്ദം ---- 06
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

സ്വർഗ്ഗത്തിലെ അമ്മ ---- 09
റവ. ഫാ. ജോബിൻ പുലിവിളയിൽ

യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് ഇനിയും ഏറെ ദൂരമോ ? ---- 15
റവ. ഫാ. ജെറോം പുളിക്കൽ

ഫാ. സ്റ്റാൻ സ്വാമിയുടെ മരണം ആകസ്മികമായിരുന്നോ ? ---- 17
റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്

അന്ത്യോക്യൻ ആരാധനക്രമവും മലങ്കരസഭയും ---- 21
ഫാ. ഡോ. ഐസക് പറപ്പള്ളിൽ

മതബോധനവും വിശ്വാസപരിശീലനവും സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം ---- 30
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ

വി. ജോൺ മരിയ വിയാനി ---- 34
ഫാ. ഡോ. ആന്റണി ചെത്തിപ്പുഴ

വിശുദ്ധ എവുപ്രാസ്യമ്മ ---- 37
സി. എയ്ഞ്ചൽ എസ്.ഐ.സി

പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ ---- 39

കർത്തന്റെ കരുത്തിൽ കാലിടറാതെ ---- 40
ബേബിച്ചൻ തെക്കേടത്ത്

സുറിയാനി പഠനം – അഞ്ചാം ഭാഗം ---- 43
ഫാ. ഡോ. രാജു പറക്കോട്ട്

പുഷ്പഗിരി കാൻ കെയർ പദ്ധതി ---- 45

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral, Tiruvalla - 1. Phone : 0469 2600626. E-mail : aikyadeepamtvla@gmail.com

www.malankaralibrary.com



# എഡിറ്റോറിയൽ

## പ്രതിസന്ധികൾക്കിടയിലും പ്രതീക്ഷകൾ അസ്തമിക്കാതിരിക്കട്ടെ

**സ്വാ**തന്ത്ര്യത്തിന്റെ മഹത്തായ 75-ാം വാർഷികത്തിലേക്ക് ഇന്ത്യ പ്രവേശിക്കുകയാണ്. ബ്രിട്ടീഷ് അടിച്ചമർത്തലിനെതിരെ പോരാടി സ്വാതന്ത്ര്യമെന്ന ഭാരതീയരുടെ അവകാശം തിരികെ നേടിയെടുത്തതിന്റെ ആവേശകരമായ ഓർമ്മ പുതുക്കലാണ് ഓരോ ഓഗസ്റ്റ് പതിനഞ്ചും. രണ്ടു നൂറ്റാണ്ടുകളോളം നീണ്ട ബ്രിട്ടീഷ് ഭരണത്തിന് അറുതി വരുത്തിയ ദിവസമാണ് 1947 ഓഗസ്റ്റ് 15. നീണ്ട കാലത്തെ യാതനകൾക്കും പോരാട്ടങ്ങൾക്കുംശേഷം നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ മരിക്കാത്ത ഓർമ്മകളാണ് ഓരോ സ്വാതന്ത്ര്യദിനത്തിലും നാം അനുസ്മരിക്കുന്നത്. 1947 ഓഗസ്റ്റ് 14 ന് അർദ്ധരാത്രിയിൽ സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു നടത്തിയ പ്രസംഗം, ലോകചരിത്രത്തിന്റെ ഏടുകളിൽ സുവർണ്ണ ലിപികളിൽ എഴുതിച്ചേർക്കപ്പെട്ടു. ലോകം മുഴുവൻ ഉറങ്ങുന്ന സമയത്ത് ഇന്ത്യ പുതുജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരുകയാണെന്ന് പറഞ്ഞ ആ പ്രസംഗമാണ് ആദ്യത്തെ ഇന്ത്യൻ സ്വാതന്ത്ര്യദിന പ്രസംഗം. സാധാരണ പോരാട്ടമായിരുന്നില്ല ഇന്ത്യയുടെ സ്വാതന്ത്ര്യ സമരം.''ഭാരതമെന്ന പേർ കേട്ടാലഭിമാന പൂരിതമാകണമന്തരംഗം, കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ''. ഓരോ പൗരന്റെയും സിരകളിൽ ഓടുന്ന, രക്തത്തിൽ അലിഞ്ഞു ചേർന്ന വികാരമാണ് ദേശസ്നേഹം എന്ന് മഹാകവി വള്ളത്തോളിന്റെ ഈ വരികൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

അടുത്തകാലത്ത് സ്വാതന്ത്ര്യദിനം നാം ആഘോഷിക്കുന്നത് വലിയ പ്രതിസന്ധികൾക്കിടയിലാണ്. മഹാപ്രളയം, വയനാട്ടിലെ മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, കരിപ്പൂർ വിമാനാപകടം, ഇടുക്കിയിലെ പെട്ടിമുടിയിലുണ്ടായ മണ്ണിടിച്ചിൽ, കൊറോണ എന്ന മഹാമാരി, അതിലൂടെ ജീവൻ നഷ്ടപ്പെട്ട ആയിരക്കണക്കിനാളുകൾ, വിദ്യാർത്ഥികൾക്ക് സ്കൂളിലും കോളേജിലും പോകാനാവാത്ത അവസ്ഥ, വിശ്വാസികൾക്ക് ആരാധനാലയങ്ങളിലും, കുട്ടികൾക്ക് വേദപാഠക്ലാസുകളിലും പങ്കെടുക്കാൻ കഴിയാത്ത സാഹചര്യം, വീടിനു പുറത്തുപോലും ഇറങ്ങുവാൻ ഭയപ്പെടുന്ന സ്ഥിതി, സാമ്പത്തിക ക്ലേശങ്ങൾ അനുഭവിക്കുന്ന ലക്ഷക്കണക്കിനാളുകൾ..... ഈ സാഹചര്യങ്ങൾക്കിടയിൽ 'ജീവനോടെയിരിക്കുക' എന്നതിൽ കവിഞ്ഞ് മറ്റൊന്നും പ്രാധാന്യമില്ല. ഈ വിപത്തുകളിൽ ഭാരതജനതയുടെ ജീവിതം സ്തംഭിച്ചിരിക്കുന്നു; ആൾക്കൂട്ടത്തെ ഭയക്കുന്നു, ആൾക്കൂട്ടത്തിൽനിന്ന് അകലം പാലിക്കുന്നു, മുഖം മറച്ച് മനുഷ്യർ ജീവിക്കുന്നു, മനുഷ്യൻ മനുഷ്യനെ ഭയക്കുന്നു. എന്നാൽ ഒരു മഹാമാരിക്കും നമ്മെ തളർത്താനാവില്ല എന്ന ബോദ്ധ്യം ഈ സ്വാതന്ത്ര്യദിനത്തിൽ നമുക്കുണ്ടാകട്ടെ. ഓർക്കുക - ഇതിലും വലിയ ദുരന്തങ്ങളെ അതിജീവിച്ചാണ് മാനവരാശി ഇവിടെ വരെയെത്തിയത്. മാർട്ടിൻ ലൂഥർ കിംഗ് പറഞ്ഞു - ''നിങ്ങൾക്കു പറക്കുവാൻ കഴിയില്ലെങ്കിൽ നിങ്ങൾ ഓടുക, ഓടാൻ കഴിയുന്നില്ലെങ്കിൽ നടക്കുക, നടക്കുവാൻ കഴിയുന്നില്ലെങ്കിൽ ഇഴയുക,... ചെയ്യുന്നത് എന്തുതന്നെയായാലും മുന്നോട്ടുതന്നെ നീങ്ങുക''. പ്രതിസന്ധികളെ തരണം ചെയ്തുകൊണ്ട് മുന്നോട്ടു നീങ്ങുക - അതാണ് നാം ചെയ്യേണ്ടത്.

സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട് അടിമകളായി കഴിയേണ്ടി വരുമ്പോഴാണ് സ്വാതന്ത്ര്യം എത്ര മഹത്തരം എന്ന തിരിച്ചറിവും ഉൾക്കാഴ്ചയും നമുക്കുണ്ടാകുന്നത്.



www.malankaralibrary.com

''സ്വാതന്ത്ര്യം തന്നെ ജീവിതം, സ്വാതന്ത്ര്യം തന്നെ അമൃതം, പാരതന്ത്ര്യം മാനികൾക്ക്, മൃതിയേക്കാൾ ഭയാനകം'' എന്ന് മഹാകവി കുമാരനാശാൻ എഴുതിയത് എത്രയോ അർത്ഥവത്താണ്. നമ്മുടെ സ്വാതന്ത്ര്യം ഇന്നും നിലനില്ക്കുന്നതിന് പ്രധാന കാരണം, അത് നേടിയത് അഹിംസാ മാർഗ്ഗത്തിലൂടെ ആയതു കൊണ്ടാണ്. ഹിംസയിലൂടെ നേടുന്നത് ഒന്നും ശാശ്വതമാകില്ല എന്നും, അത് നിലനില്ക്കില്ലെന്നും രാഷ്ട്രപിതാവ് കാട്ടി തന്നു. നമ്മുടെ ലക്ഷ്യവും, അത് നേടാൻ സ്വീകരിക്കുന്ന മാർഗ്ഗവും ശുദ്ധമായിരിക്കണം എന്ന് അദ്ദേഹം സ്വജീവിതത്തിലൂടെ പഠിപ്പിച്ചു. My life is my message എന്ന് അദ്ദേഹം കാട്ടിതന്നു. മഹാത്മ ഗാന്ധി പറഞ്ഞു - വിജയത്തിലൂടെ കൈവരുന്നതല്ല ശക്തി, നിങ്ങളുടെ പ്രശ്നങ്ങളാണ് നിങ്ങളുടെ ശക്തിയെ രൂപീകരിക്കുന്നത്. ജീവിതത്തിലെ ഏറ്റം വിഷമകരമായ ഘട്ടങ്ങളിൽ സ്വയം അടിയറവ് പറയില്ലെന്ന് നിങ്ങൾ തീരുമാനിച്ചാൽ അതാണ് ശക്തി. ഈ സ്വാതന്ത്ര്യദിനത്തിൽ നാം ചെയ്യേണ്ടതും അതാണ്. പ്രതിസന്ധികളോടും പ്രശ്നങ്ങളോടും അടിയറവ് പറയില്ല എന്ന പ്രതിജ്ഞ. വിജയം ആസ്വാദ്യകരമാകണമെങ്കിൽ പ്രയാസങ്ങളും പ്രശ്നങ്ങളും സഹനവും ആവശ്യമാണ്. പരാജയം എന്നത് കൂടുതൽ കരുത്തോടെ തിരിച്ചു വരാനുള്ള അവസരമാണ്. ദുരിതങ്ങളും പ്രയാസങ്ങളും മഹാമാരിയുമൊക്കെ കടന്നുപോകും. ദുരിതങ്ങൾക്കുശേഷമുള്ള ലോകം നമ്മെ കാത്തിരിക്കുന്നു. നല്ല നാളേയ്ക്കായി ക്ഷമയോടെ കാത്തിരിക്കാം.

**പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം**

ഓഗസ്റ്റ് 15-ാം തീയതി വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണപെരുന്നാൾ (ശൂനോയോ പെരുന്നാൾ) നാം ആഘോഷിക്കുകയാണ്. 15 ദിവസങ്ങൾ ഭക്തിപൂർവ്വം നോമ്പുനോറ്റ് ഈ പെരുന്നാളിലേക്ക് നാം കടന്നു വരുമ്പോൾ, ആ അമ്മയുടെ മദ്ധ്യസ്ഥം നമ്മുടെ ജീവിതത്തിനായി അപേക്ഷിക്കാം. അമലോത്ഭവയായി ജനിച്ച്, പരിശുദ്ധയായി ജീവിച്ച്, സ്വർഗ്ഗാരോപിതയായ ആ അമ്മ, തന്റെ പുത്രനായ യേശുവിന്റെ ജനനത്തിലും ജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലും പെന്തിക്കോസ്തിയിലും കൂടെയുണ്ടായിരുന്നു. അതിനാൽ മറിയത്തിന്റെ ഇഹലോകജീവിതത്തിന്റെ അവസാനം ആത്മശരീരങ്ങളോടെ അവൾ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. ആദിമ നൂറ്റാണ്ടു മുതൽ വിശ്വസിച്ചു വന്നിരുന്നതും തലമുറകളായി കൈമാറി വന്നിരുന്നതുമായ ഈ വിശ്വാസത്തെയാണ് പീയൂസ് 12-ാമൻ മാർപാപ്പാ 1950 നവംബർ 1 ന് Munificentissimus Deus എന്ന അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷനിലൂടെ സഭയുടെ വിശ്വാസസത്യമായി പ്രഖ്യാപിച്ചത്. ഇതിനാധാരമായി കാരണങ്ങൾ ഇവയാണ് : ആദിമ നൂറ്റാണ്ടു മുതൽ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം ഒരു വിശ്വാസമായും ആഘോഷമായും തിരുസഭ കൊണ്ടാടിയിരുന്നു. 2. ആദിമ സഭാപിതാക്കന്മാരുടെ പ്രസംഗങ്ങളിലും രചനകളിലും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് പരാമർശങ്ങൾ ഉണ്ടായിരുന്നു. 3. വി. ഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുന്ന അടയാളങ്ങളും പ്രതീകങ്ങളും.

'ദൈവകൃപ നിറഞ്ഞവളേ സ്വസ്തി'- ഗബ്രിയേൽമാലാഖ മറിയത്തെ അഭിസംബോധന ചെയ്യുന്നത് അങ്ങനെയാണ്. 'സ്ത്രീകളിൽ നീ അനുഗ്രഹീത' - ഇങ്ങനെയാണ് എലിസബേത്ത് മറിയത്തെ അഭിസംബോധന ചെയ്യുന്നത്. 'നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും എത്ര അനുഗ്രഹീതം' - കർത്താവിന്റെ വചനം കേട്ട ഒരമ്മ ജനക്കൂട്ടത്തിൽനിന്ന് സന്തോഷത്തോടെ വിളിച്ചു പറഞ്ഞത് അങ്ങനെയാണ്. അതുതന്നെയായിരുന്നു യഥാർത്ഥത്തിൽ മറിയം. 'ഇതാ കർത്താവിന്റെ ദാസി' എന്ന വചനത്തിലൂടെ പരിശുദ്ധ അമ്മ ദൈവഹിതത്തിന് പൂർണ്ണയായി വിധേയപ്പെട്ട് ദൈവത്തെ മഹത്വപ്പെടുത്തി. അതിനാൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് സഭ പഠിപ്പിക്കുന്നു. ജപമാലയിൽ പരിശുദ്ധ മറിയത്തെ സ്വർലോക രാജ്ഞി എന്നാണ് വിശേഷിപ്പിക്കുന്നത്. സ്വർഗ്ഗത്തിൽ രാജ്ഞിയായി മറിയം നിലകൊള്ളുന്നു. ദൈവം തിരഞ്ഞെടുത്ത വാഗ്ദാനപേടകമായ പരിശുദ്ധ അമ്മയെ ദൈവം സ്വർഗ്ഗത്തിലേക്കുയർത്തി പ്രതിഷ്ഠിച്ചിരിക്കുന്നു. ദൈവഹിതത്തിന് മുഴുവനായി സമർപ്പിച്ച അമ്മ ദൈവത്തെ മഹത്വപ്പെടുത്തിയതുപോലെ നാമും ദൈവഹിതത്തിന് മുഴുവനായി സമർപ്പിച്ച് ദൈവത്തെ മഹത്വപ്പെടുത്തേണ്ടവരാണ്. ഈ ലോകജീവിതത്തിന്റെ അവസാനം പരിശുദ്ധ അമ്മയ്ക്ക് സ്വർഗ്ഗപ്രാപ്തിയുണ്ടായെങ്കിൽ വിശ്വസ്തതയോടും വിശുദ്ധിയോടും ജീവിച്ചാൽ നമുക്കും എത്തിച്ചേരാവുന്ന ഇടമാണ് സ്വർഗ്ഗം.

സ്വാതന്ത്ര്യദിനത്തിന്റെയും വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**




www.malankaralibrary.com



# ഇടയശബ്ദം


മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

## ഓഗസ്റ്റിലെ ഓർമ്മകൾ

### ശൂനോയോ പെരുനാൾ

ഓഗസ്റ്റ് മാസം സന്തോഷം നൽകുന്ന നിരവധി ഓർമ്മകളുടെ മാസമാണ്. കത്തോലിക്കരായ നമ്മെ സംബന്ധിച്ച് അതിൽ പ്രധാനമായ ഒന്നാണ് പരി. ദൈവമാതാവിന്റെ ശൂനോയോ പെരുന്നാൾ. പരിശുദ്ധ അമ്മ ശരീരത്തോടും ആത്മാവോടും കൂടി നിത്യതയിലേക്കു പ്രവേശിച്ചു എന്നത് ആദ്യ നൂറ്റാണ്ടുമുതലുള്ള വിശ്വാസമാണ്. പരി. പിതാവ് പീയൂസ് 12-ാമൻ മാർപാപ്പ 1950 നവംബർ 1-ാം തീയതി പരി. അമ്മയുടെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി (Dogma) പ്രഖ്യാപിച്ചു. പൗരസ്ത്യസഭകളിൽ ഏറെ ഭക്തിയോടെ ആചരിച്ചുവരുന്ന ഈ തിരുനാൾ ചില സഭകളിൽ 15 നോമ്പ് നോറ്റ് ഒരുങ്ങുന്നു. മലങ്കരസഭയും 15 ദിവസം നോമ്പ് നോറ്റാണ് ശൂനോയോ പെരുന്നാൾ ആചരിക്കുന്നത്. ദൈവം ഉയിർപ്പിച്ചവരിൽ ആദ്യജനായിരുന്നു യേശുമിശിഹാ. തന്നോട് രക്ഷാകര ദൗത്യത്തിൽ ചേർന്നുനിന്ന അമ്മയ്ക്കും ദൈവം ഈ ഭാഗ്യം നൽകി എന്നത് വി. പൗലോസ് 1 കോറി. 15:20 ൽ പറയുന്നു. ''നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്നും ഉയിർപ്പിക്കപ്പെട്ടു....ഓരോരുത്തരും താന്താങ്ങളുടെ ക്രമമനുസരിച്ചായിരിക്കും (ഉയിർപ്പിക്കപ്പെടുക). ആദ്യഫലം ക്രിസ്തു; പിന്നെ അവനുള്ളവരും''. നമ്മെ സംബന്ധിച്ച് ദൈവം നൽകിയ അമൂല്യ സമ്മാനമാണ് തന്റെ തിരുമകൻ. അതുപോലെയാണ് ദൈവം നമുക്കു നൽകിയ പരി. അമ്മയും. കുരിശിൻ ചാരത്തുവച്ച് നമുക്കു നൽകപ്പെട്ട ഈ അമൂല്യനിധി നമ്മെ ദൈവമക്കളാക്കാൻ നിരന്തരം മദ്ധ്യസ്ഥം വഹിക്കുന്നു,, നമുക്കെതിരെയുള്ള ശത്രുവിന്റെ ആക്രമണത്തിൽ നമ്മെ നിരന്തരം സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. മക്കളെന്ന നിലയിൽ മറ്റാരെയുംകാൾ കൂടുതൽ നമ്മെ അറിയുന്നു. നമ്മുടെ കുറവുകളിൽ വേദനിക്കുന്ന, അവയ്ക്കു പരിഹാരം തേടുന്ന, നമ്മെ വീണ്ടും ജീവസ്ഥാനത്തേക്കെത്തിക്കുന്ന ഈ വലിയ സ്നേഹം. അമ്മ എന്നാൽ നന്മ ആണ്. അമ്മയാണ് നമ്മെ സുരക്ഷിതരായി മറച്ചു പിടിക്കുന്നത് - അമ്മയുടെ ജീവിതംകൊണ്ടു നേടിയ നന്മയാണ് ദൈവം നമുക്കു ആവശ്യമായ സമയത്ത് നൽകികൊണ്ടിരിക്കുന്നത്.

സ്വർഗ്ഗാരോപണ പെരുന്നാളിലെ മറ്റൊരു വലിയ സന്ദേശമാണ് ദൈവത്തിന്റെ പദ്ധതിയിൽ മനുഷ്യനുള്ള അമൂല്യമായ സ്ഥാനം. തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെ ഇത്രത്തോളം സ്നേഹിക്കുന്നു, ഉയർത്തുന്നു, തന്റെ മഹത്വത്തിൽ തന്നോടൊപ്പം ഇരുത്തുന്നു. ദൈവം മനുഷ്യനായത് മനുഷ്യർ ദൈവമാകുന്നതിനാണെന്ന പിതാക്കന്മാരുടെ പ്രബോധനം എത്ര സമ്പുഷ്ടം. തന്നിൽ വിശ്വസിക്കുന്നവൻ താൻ ചെയ്ത പ്രവൃത്തികൾ തന്നെ ചെയ്യും - സ്വർഗ്ഗത്തിൽ പിതാവിന്റെ പക്കലേക്ക് പോകുന്നതുകൊണ്ട് ഇവയേക്കാൾ വലിയവയും ചെയ്യും എന്ന് കർത്താവു പറഞ്ഞതോർക്കാം. God's glory is, man being fully human എന്ന് വിശുദ്ധ ഇറനേവൂസ് പഠിപ്പിക്കുന്നു. ദൈവം തന്റെ മക്കളുടെ സ്നേഹത്തിലൂടെ അറിയപ്പെടുന്നു. വൃക്ഷത്തിന്റെ നന്മ ഫലത്തിലൂടെ അറിയണമെന്ന പ്രപഞ്ചനാഥന്റെ ജ്ഞാനം ഇവിടെ സാർത്ഥകമാകുന്നു. മനുഷ്യന്റെ പൂർണ്ണത, അവനെ സൃഷ്ടിച്ച ദൈവത്തിന്റെ ഇഷ്ടം പ്രവൃത്തിച്ച് സ്വതന്ത്രനാകുന്നതിലൂടെയാണ്. സ്വതന്ത്ര മനസ്സോടെ നാം ദൈവ



www.malankaralibrary.com

ത്തിന്റെ വിളിക്കു പ്രത്യുത്തരം നൽകണം. ഈ മഹത്തായ കാര്യമാണ് പരി. ദൈവമാതാവിൽ നാം കാണുന്നത്. ദൈവപദ്ധതിയാണെന്ന റിഞ്ഞ നിമിഷം മുതൽ 'ഇതാ ഞാൻ; കർത്താവിന്റെ ദാസി; നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ'' എന്നു ഉരുവിടുന്നു. ഈ സുന്ദരമായ സ്വാതന്ത്ര്യത്തിന്റെ മൂർത്തഭാവമാണ് അമ്മ ലോകത്തിനു കാണിച്ചു തരുന്നത്. ഈ സത്യത്തിന്റെ മറ്റൊരു ഭാവമാണ് ഈ ദിവസംതന്നെ ഭാരതീയർ ആചരിക്കുന്ന സ്വാതന്ത്ര്യദിനവും. യഥാർത്ഥത്തിൽ സ്വാതന്ത്ര്യവും ഉത്തരവാദിത്വവും എന്താണെന്ന് ഒരു ഗുരുവിനെപ്പോലെ ജീവിതംകൊണ്ടു നമ്മെ പഠിപ്പിക്കുന്ന പരി. അമ്മയുടെ സ്കൂളിൽനിന്നും വേണം നാം പഠിക്കുവാൻ. ദൈവപദ്ധതിയിൽ എല്ലാം നല്ല ചേർച്ചയുള്ളതായി കാണുന്നു. അതാണ് ആ ദൈവിക ജ്ഞാനത്തിന്റെ മനോഹാരിത. പരി. അമ്മയുടെ വലിയ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് ഉത്തമ പൗരന്മാരായി നാടിനും ലോകത്തിനുംവേണ്ടി നമ്മെ പുനർസമർപ്പിക്കാം.

### സൺഡേസ്കൂൾദിനം

ഓഗസ്റ്റ് മാസത്തിലെ ഒന്നാം ഞായറാഴ്ച മലങ്കര സുറിയാനി കത്തോലിക്കാസഭ ''സൺഡേസ്കൂൾ ദിന''മായി ആചരിക്കുന്നു. ആദ്ധ്യാത്മികതയുടെയും സാമൂഹിക ജീവിതത്തിന്റെയും പൗരജീവിതത്തിന്റെയും അടിസ്ഥാനങ്ങൾ പഠിക്കാനും ജീവിതത്തിൽ അനുവർത്തിക്കാനും പരിശീലനം നേടുന്ന മതപഠനം മാതാപിതാക്കളും കുട്ടികളും അധ്യാപകരും ഗൗരവമായി എടുക്കേണ്ടതാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മുൻകാലങ്ങളിൽ നടത്തിയിരുന്നതുപോലെയുള്ള മതാഭ്യസനം പള്ളികൾ കേന്ദ്രീകരിച്ച് നടത്താൻ സാധിക്കുന്നില്ല എങ്കിലും കുട്ടികളുടെ മതാഭ്യസനത്തിന് ഒരുതരത്തിലും വിഘാതമാകാതിരിക്കാൻ ചുമതലപ്പെട്ടവർ പ്രത്യേകിച്ച് മാതാപിതാക്കൾ ശ്രദ്ധിക്കണം. അതിരൂപതാ മതബോധനകേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന ഓൺലൈൻ ക്ലാസ്സുകൾ അതിന് സഹായകമാണ്. സൺഡേസ്കൂൾദിനത്തിന്റെ സന്തോഷം എല്ലാവർക്കും നേരുന്നു.

### ബാവാതിരുമേനിയുടെ ഇരുദശക മെത്രാഭിഷേക വാർഷികം

ഓഗസ്റ്റ് പതിനഞ്ച്, സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ മെത്രാഭിഷേകത്തിന്റെ ഇരുപതാം വാർഷികം കൂടിയാണ്. മലങ്കരസഭക്കു മാത്രമല്ല, കേരളത്തിനാകമാനവും ഭാരത കത്തോലിക്കാസഭയ്ക്കും ചടുലമായ നേതൃത്വം നല്കാൻ ദൈവം തെരഞ്ഞെടുത്തിരിക്കുന്ന ബാവാതിരുമേനിയെപ്രതി ദൈവത്തെ സ്തുതിക്കുകയും, പിതാവിന്റെ ശുശ്രൂഷകൾക്കും നേതൃത്വത്തിനും പ്രാർത്ഥനകൊണ്ടും പ്രോത്സാഹനംകൊണ്ടും സഹകരണംകൊണ്ടും പിൻബലം കൊടുക്കുകയും ചെയ്യുക എന്നത് സകലരുടെയും ചുമതലയാണെന്ന് ഓർക്കാം.

### ഭാരതസ്വാതന്ത്ര്യദിനം

1910 ൽ രവീന്ദ്രനാഥ് ടാഗോർ എഴുതിയ ''ചിത്തോ ജെത ഭയശൂന്യോം'' എന്ന ബംഗാളി കവിത നമ്മുടെ ഓർമ്മകളിൽ ഒളിമങ്ങാതെ കിടപ്പുണ്ട്. 'Let my country awake''. ''എവിടെ അകതാര് നിർഭയമാകുന്നു, എവിടെ ശിരസ് ഉയർന്നു നിൽക്കുന്നു, എവിടെ അറിവു യഥേഷ്ടം സ്വതന്ത്രമാകുന്നു, എവിടെ ഇടുങ്ങിയ ഉൾഭിത്തികളാൽ അംശങ്ങളായി ഉലകം ഉടയ്ക്കപ്പെടാതിരിക്കുന്നു, എവിടെ ആർജവത്തിൻ അഗാധതയിലങ്കുരിക്കും വചസുകൾ ബഹിർഗമിക്കുന്നു, എവിടെ അശ്രാന്ത പരിശ്രമം അഖണ്ഡതയിലേക്കതിൻ കരങ്ങൾ നീട്ടുന്നു, എവിടെ അരണ്ട ആചാരങ്ങളുടെ അരസമാം മണൽപ്പരപ്പിലേക്ക് വിവേകത്തിൻ അരുവിക്കു വഴി തെറ്റാതിരിക്കുന്നു, എവിടെ അനവരതം അഭിവൃദ്ധിപ്പെടും ചിന്താകർമ്മങ്ങളിലേക്ക് അവിടുന്നാൽ ആനയിക്കപ്പെടുന്നു, ആ സ്വാതന്ത്ര്യത്തിൻ ആരാമത്തിലേക്ക്, എൻ രക്ഷിതാവെ എന്റെ നാടിനെ ഉണർത്തീടണമെ''.

വർത്തമാനകാലത്തിലെ ഇന്ത്യയുടെ മുഖത്തിനു സംഭവിക്കാവുന്ന, ഏതൊരു നാടിനും സംഭവിക്കാവുന്ന അപകടത്തെപ്പറ്റി ഗുരുദേവ് വർണ്ണിക്കുമ്പോൾ - ദൈവമ



www.malankaralibrary.com

നുഷ്യരുടെ പ്രവാചകതുല്യമായ വചസുകൾ നാം നിരന്തരം വിചിന്തനത്തിനും വിലയിരുത്തലിനും ഇടയാക്കണം. പല തരത്തിലുള്ള കടുത്ത വെല്ലുവിളികളെ ഇന്ത്യ അഭിമുഖീകരിക്കുന്ന ഈ വേളയിൽ പൗരബോധവും ദേശസ്നേഹവും നീതിയും സ്വാതന്ത്ര്യവും പാവപ്പെട്ടവരുടെ ഉന്നമനവും മനുഷ്യോന്മുഖമായ ജീവിത സാഹചര്യങ്ങൾ എല്ലാവർക്കും സംലഭ്യമാക്കുന്നതിനുള്ള ആർജ്ജവും മാത്രമെ നമ്മെ മുമ്പോട്ടു നയിക്കൂ. സ്വപ്നങ്ങൾ കാണാനും അതു ജനനന്മയ്ക്കും ഗുണപരമായ ജീവിത പരിപോഷണത്തിനും ഊന്നൽ കൊടുക്കുന്ന രാഷ്ട്രീയ സാമുദായിക സാമൂഹിക തീരുമാനങ്ങൾ കൈക്കൊള്ളുവാനും ബന്ധപ്പെട്ടവർക്ക് കഴിയണം. മനുഷ്യചരിത്രത്തിലെ വളരെ പ്രത്യേകമായ ഒരു മേഖലയാണ് സ്വാതന്ത്ര്യവും അടിമത്ത്വവും. ഇവയുടെ ചരിത്രമാണ് യഥാർത്ഥത്തിൽ മനുഷ്യ ചരിത്രം എന്നുപോലും വിശേഷിപ്പിക്കാം. നാം പലരും സ്വതന്ത്രരെന്നു ചിന്തിക്കുമ്പോൾപോലും പല അടിമത്വങ്ങൾക്കു വശംവദരാകുന്നു. മദ്യം, മയക്കുമരുന്നുകൾ, മൊബൈൽ, അശ്ലീലങ്ങൾ, കോപം, കലഹം, അസൂയ, സ്വാർത്ഥത തുടങ്ങിയവക്ക് അടിമകളാകുന്നു. എവിടെയാണ് യഥാർത്ഥ സ്വാതന്ത്ര്യം ? അത് ആരും നൽകിയതല്ല - ജന്മനായുള്ള ദൈവദാനമാണ്. ഒരു നാടിന്റെ വ്യക്തിയുടെ, സമൂഹത്തിന്റെ നന്മപൂരിതമായ വളർച്ചയ്ക്ക് സ്വാതന്ത്ര്യത്തോടെയുള്ള ഉൾച്ചേരൽ, സംഭാവനകൾ ആവശ്യമാണ്. മനുഷ്യന് ഇഷ്ടമുള്ളതു ചെയ്യുക എന്നതല്ല മറിച്ച് നീതിപൂർവ്വമായും സത്യസന്ധമായും സ്വാതന്ത്ര്യം വിനിയോഗിക്കുക എന്നതാണ് പ്രധാനം. ചിലരുടെ സ്വാർത്ഥപരമായ തീരുമാനങ്ങൾകൊണ്ട് എത്രയധികം ആളുകളാണ് സഹനങ്ങൾ ഏൽക്കേണ്ടി വരുന്നത്. കൊറോണയുടെ ഉത്ഭവത്തെപ്പറ്റിയുള്ള അന്വേഷണങ്ങൾ നടക്കുന്നു - ഇത് ഏതെങ്കിലും ജൈവായുധമായിരുന്നുവെങ്കിൽ എത്ര ഹീനമായ കുറ്റമാണത്. അതു തെളിയിക്കപ്പെടട്ടെ! ''അവനവൻ ആത്മസുഖത്തിനാചരിക്കുന്നവ അപരനു സുഖത്തിനായി വരേണം'' എന്നു ഗുരുസ്വാമികൾ പറഞ്ഞിരിക്കുന്നു. മനുഷ്യൻ ഇന്ന് വല്ലാതെ സ്വാർത്ഥനായിരിക്കുന്നു. തൻകാര്യം മാത്രം നോക്കുന്നു. എതിര് നിൽക്കുന്നവരെയും തടസമാണെന്ന് തോന്നുന്നവരെയും അരിഞ്ഞു വീഴ്ത്തുവാൻ കാണിക്കുന്ന ആക്രാന്തം എത്ര വിനാശകരം. മദ്യം, മയക്കുമരുന്ന്, വഴിവിട്ട ലൈംഗിക ഭോഗതൃഷ്ണ ഇവ മനുഷ്യനെ പൈശാചികനാക്കിയിരിക്കുന്നു. മൃഗങ്ങൾക്കുപോലുമുള്ളത്ര നീതി ബോധവും സഹാനുഭൂതിയും മനുഷ്യനു ഇല്ലാതായിരിക്കുന്നു.

ഭാരതം എല്ലാവർക്കും മാതൃകയാകാൻ പറ്റിയ നന്മയുള്ള നാടാണ്. അത് വിദ്വേഷത്തിന്റെയും അസഹിഷ്ണുതയുടെയും സങ്കുചിത ചിന്താഗതികളുടെയും സ്വാധീനത്തിൽ വിഷലിപ്തമാകാതിരിക്കുവാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഭാഷയുടെയും വർണ്ണത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ ജനതയെ പിച്ചിചീന്തുവാൻ അനുവദിക്കരുത്. മനസുകളിൽ വിഷം കലർന്നാൽ അതു പരിഹരിക്കുവാൻ സാധിക്കാതെ വരും. താത്കാലിക ലാഭങ്ങളോ അധികാര സാദ്ധ്യതയോ കരുതി സനാതന മൂല്യങ്ങൾ കാണാതെ പോകുന്നതും അവമതിക്കുന്നതും അക്ഷന്തവ്യമാണ്. ഒരു ജനതയുടെ ആകമാനമായ വളർച്ച; മനുഷ്യോന്മുഖമായ മുന്നേറ്റം; സാമൂഹികവും വിദ്യാഭ്യാസപരവും ആരോഗ്യപരവും സാംസ്കാരികവുമായ മുന്നേറ്റം ഇവ എല്ലാവരും ആദരിക്കണം. അധികാരികൾ അതിനു പ്രോത്സാഹനം നൽകണം. ടാഗോർ പറഞ്ഞതുപോലെ ഉള്ള് നിർഭയവും ശിരസ് ഉയർന്നും നില്ക്കുന്ന, ഉലകം അംശങ്ങളായി ഉലയ്ക്കപ്പെടാത്ത, വിവേകത്തിന്റെ അരുവി വഴി തെറ്റാതൊഴുകുന്ന അഭിവൃദ്ധിയുടെ ചിന്താകർമ്മങ്ങളിലേക്ക്, സ്വാതന്ത്ര്യത്തിന്റെ ആരാമത്തിലേക്ക് നയിക്കണമെ. പൗരബോധംകൊണ്ടും, സമർപ്പണ മനോഭാവംകൊണ്ടും, വ്യതിചലിക്കാത്ത ധാർമ്മികബോധംകൊണ്ടും സത്യത്തിലും നീതിയിലും സാഹോദര്യത്തിലും നിറഞ്ഞ ഇന്ത്യാക്കാരായി നമുക്കു പറയാം ''ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരിസഹോദരന്മാരാണ്''. ഈ ബോധ്യത്തിൽ ത്രിവർണ്ണ പതാക പാറി പറന്ന് ചുവന്ന കോട്ടയെ അഭിമാന പുളകിതമാക്കട്ടെ.



www.malankaralibrary.com

# സ്വർഗ്ഗത്തിലെ അമ്മ



**ഫാ. ജോബിൻ പുലിവിളയിൽ**
(മാവേലിക്കര)

**കു**ട്ടി അമ്മയോട് ചോദിച്ചു: ഞാൻ എവിടെ നിന്നാണ് വന്നത്? എന്നെ എവിടെ നിന്നെങ്കിലും കിട്ടിയതാണോ അമ്മയ്ക്ക്? അമ്മ കുഞ്ഞിനെ നെഞ്ചോട് ചേർത്ത് ചിരിച്ചും പിന്നെ കരഞ്ഞുംകൊണ്ട് പറഞ്ഞു; 'നീ എന്റെ ഹൃദയത്തിന്റെ അഭിലാഷമായിരുന്നു'.' - രവീന്ദ്രനാഥ ടാഗോറിന്റെ ഈ വരികൾ പോലെ ഏതൊരമ്മയുടെയും ഹൃദയത്തിന്റെ അഭിലാഷമാണ് അവളുടെ ഉദരത്തിൽ ഉരുവാകുന്ന കുഞ്ഞ്. ഗർഭപാത്രങ്ങൾ ടെസ്റ്റ്യൂബിന് വഴിമാറുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വാടക ഗർഭപാത്രങ്ങളും ഗാർഹിക പീഢനങ്ങളുമൊക്കെ മാതൃത്വത്തെക്കുറിച്ചും, സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള സങ്കല്പങ്ങളെ വല്ലാതെ മാറ്റിമറിക്കുന്നുണ്ട്. വിസ്മയയും, സുചിത്രയും, അർച്ചനയുമൊക്കെ ഇല്ലാതായത് ആഴ്ചകൾക്ക് മുൻപ്. ചർച്ചകളും, സംവാദങ്ങളും, പ്രതികരണങ്ങളും കത്തി നിന്നത് നല്ല ഉദ്ദേശത്തോടുകൂടിത്തന്നെ. ഒരു വശത്ത്, ഇനിയൊരു ഉത്രയോ, വിസ്മയയോ ഉണ്ടാകരുതെന്ന് ചിന്തിക്കുമ്പോൾ മറുവശത്ത് രൂപപ്പെടുന്നത് 'സാറാ'യെ പോലുള്ള കഥാപാത്രങ്ങൾ. അമ്മയാകാൻ കൊതിച്ച ഒരു സ്ത്രീയുടെ പേരാണ് ബൈബിളിൽ സാറാ... പറഞ്ഞിട്ട് കാര്യമില്ല, ഇതൊരു തല തിരിഞ്ഞ കാലംതന്നെ. അമ്മ പ്രമേയമാകുന്ന അനേകം കഥകൾ മലയാളത്തിലുണ്ടായിട്ടുണ്ട്. എന്നാൽ ഇതുപോലൊന്നിത് ആദ്യം. കുഞ്ഞ് തന്റെ കരിയറിന് തടസ്സമാകുമെന്ന് കരുതി അതിനെ





www.malankaralibrary.com

ഇല്ലായ്മ ചെയ്യുന്ന ഒരു അമ്മയുടെ ചിത്രമാണ് സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ലഹരിയിൽ ജൂഡ് ആന്റണി എന്ന സംവിധായകൻ 'സാറാ'യിലൂടെ പ്രേക്ഷകരിൽ എത്തിക്കുന്നത്. ഒരു സ്ത്രീയുടെ കരിയർ, പ്രൊഫഷൻ മാതൃത്വമാണ്. അവൾ നല്ല പ്രൊഫഷണൽ ആകുന്നത് നല്ല അമ്മയാകുമ്പോഴാണ്.

മാതൃത്വം സ്നേഹത്തിന്റെയും, കരുതലിന്റെയും ശൂന്യവത്ക്കരണത്തിന്റെയും ആകെത്തുകയാണ്. ഓരോ കുഞ്ഞും ദൈവപദ്ധതിയനുസരിച്ച് ഉരുവാകുന്നത് അമ്മയുടെ ഉദരത്തിലാണെന്നും പിതാവായ ദൈവത്തിന്റെ അഭിലാഷം തന്റെ ഹൃദയാഭിലാഷമാക്കി മാറ്റിയ ദൈവമാതാവായ വി. കന്യകമറിയം നമ്മെ ഓർമ്മിപ്പിക്കുന്നു. ഉത്രയും വിസ്മയയും സാറായുമൊക്കെ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ സ്ത്രീത്വത്തെയും, മാതൃത്വത്തെയും, ദൈവം ഉയർത്തിയ മനോഹര രംഗമാണ് മാതാവിന്റെ സ്വർഗ്ഗാരോപണത്തിൽ നാം കാണുന്നത്.

**സ്വർഗ്ഗാരോപണം: അർത്ഥവും, ചരിത്രവും**

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം എന്ന അസാധാരണ സംഭവത്തിന് കൃത്യമായ ഒരു നാമകരണം നൽകുവാൻ ആദിമ ക്രിസ്ത്യാനികൾ വിഷമിച്ചു. അവർ നൽകിയിരുന്ന പേരുകൾ ഇവയായിരുന്നു. Koimesis (Greek) Dormition (Latin) Analepsis അഥവാ മാറ്റി നടുക, അതുമല്ലെങ്കിൽ മാറ്റി സ്ഥാപിക്കുക. ശൂനോയോ (Sunoyo) എന്ന പദമാണ് സുറിയാനിയിൽ ഉപയോഗിക്കുന്നത്. Dormition എന്ന പദം വേർപെടുത്താൻ പാടില്ലാത്ത രണ്ട് സംഭവങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. ഒന്ന് മാതാവിന്റെ മരണം, രണ്ട് മാതാവിന്റെ ഉയിർപ്പും, അതേതുടർന്നുള്ള അവളുടെ സ്വർഗ്ഗപ്രവേശനവും. സ്വർഗ്ഗാരോപണം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? Adesumere എന്ന ലത്തീൻ വാക്കിൽ നിന്നാണ് Assumption എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്. തന്നിലേക്കുതന്നെ സ്വീകരിക്കുക, മുകളിലേക്ക് എടുക്കപ്പെടുക എന്നാണ് പദത്തിന്റെ അർത്ഥം. മാതാവ് ദൈവത്തിന്റെ ശക്തിയാൽ ആത്മശരീരങ്ങളോടുകൂടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാണ് ദൈവശാസ്ത്രപരമായ അർത്ഥം. ചുരുക്കത്തിൽ, Assumption അഥവാ സ്വർഗ്ഗാരോപണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവമാതാവായ കന്യകമറിയം അവളുടേതല്ലാത്ത ശക്തിയാൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാണ്. യേശുക്രിസ്തു ദൈവമായതുകൊണ്ട് പുനരുത്ഥാനത്തിന് ശേഷം സ്വശക്തിയാൽ സ്വർഗ്ഗത്തിലേക്ക് കരേറി (Ascension). എന്നാൽ ദൈവമാതാവിനെ ദൈവം തന്റെ ശക്തിയാൽ ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേക്ക് എടുത്തു (Assumption).

ദൈവമാതാവായ പരിശുദ്ധ കന്യക മറിയാമിന്റെ മരണവും, സ്വർഗ്ഗാരോപണവും ചരിത്രസംഭവങ്ങൾ ആണെങ്കിലും അതിന്റെ സ്ഥലകാല സാഹചര്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവില്ല. വിശുദ്ധ ഗ്രന്ഥത്തിലും, മാതാവിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റി പരാമർശിച്ചിട്ടില്ല. എങ്കിലും ഒന്നാം നൂറ്റാണ്ടുമുതൽ മാതാവിന്റെ സ്വർഗ്ഗാരോപണത്തിൽ സഭ വിശ്വസിച്ചിരുന്നതായി പാരമ്പര്യങ്ങൾ തെളിയിക്കുന്നു. അഞ്ചും, ആറും നൂറ്റാണ്ടുകളിൽ പ്രചാരണത്തിലിരുന്ന അപ്പോക്രിഫൽ ഗ്രന്ഥങ്ങളിൽ പലയിടത്തും കാണുന്ന "മറിയത്തിന്റെ സ്വർഗ്ഗയാത്ര അഥവാ മറിയത്തിന്റെ കടന്ന് പോകൽ (Transition of Mary) എന്ന പദപ്രയോഗം മാതാവിന്റെ സ്വർഗ്ഗാരോപണത്തിൽ ആളുകൾക്കുണ്ടായിരുന്ന വിശ്വാസത്തെ തെളിയിക്കുന്നു. മാതാവിന്റെ സ്വർഗ്ഗാരോപണം ജറുസലേമിൽ വച്ചു നടന്നുവെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. പൗരസ്ത്യ എഴുത്തുകാരും, ബൈസന്റയിൻ ആരാധനക്രമവും ഇത് സാക്ഷിക്കുന്നു. മാതാവിന്റെ മരണസമയത്ത് എല്ലാ ശ്ലീഹൻമാരും സന്നിഹിതരായിരുന്നു എന്നും മാർതോമാശ്ലീഹാ മൂന്ന് ദിവസങ്ങൾക്ക് ശേഷമാണ് വന്നത് എന്നും പറയുന്നു. മാർതോമാശ്ലീഹാ വന്നപ്പോൾ മറ്റ് അപ്പസ്തോലൻമാർ അദ്ദേഹത്തേയും കൂട്ടി മാതാവിനെ അടക്കം ചെയ്ത ഗത്സെമെനിയിൽ ചെന്നുവെന്നും മാതാവിനെ അടക്കിയ സ്ഥലത്ത് പരിമളവാസനയുള്ള പുഷ്പങ്ങൾ മാത്രം കണ്ടു എന്നും, ഒരു മാലാഖ പ്രത്യക്ഷപ്പെട്ട് മാതാവിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് അവരോട് പറഞ്ഞു എന്നും പാരമ്പര്യമുണ്ട്. ഈ സംഭവങ്ങളെക്കുറിച്ചുള്ള പല സ്തീനായിലെ പാരമ്പര്യങ്ങളെക്കുറിച്ച് ആദ്യത്തേതും വിശദവുമായ വിവരണം



www.malankaralibrary.com

നൽകുന്നത് നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബിഷപ്പ് മെലിട്ടൻ (Meliton) ആണ്. പിന്നീട് ഇതിനെക്കുറിച്ച് വിവരണം നൽകുന്നത് ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചരിത്രകാരൻ കൂടിയായ ലിവാസിലെ ബിഷപ്പ് തെയോതെക്ക്നോസ് (550-560) ആണ്. മറിയത്തിന്റെ സ്വർഗ്ഗാരോപണ സത്യത്തിന് ഉറപ്പേകുന്ന ചരിത്രപരമായ ഒരു കാര്യംകൂടി നാം പരിഗണിക്കണം. മറിയം സ്വർഗ്ഗാരോപണം ചെയ്തില്ലായിരുന്നുവെങ്കിൽ അവളുടെ ശരീരം അഥവാ ശരീരാവശിഷ്ടം എവിടെയെങ്കിലും കാണുമായിരുന്നു. എന്നാൽ അത് കണ്ടെത്തിയെന്ന് ഇതുവരെ ആരും അവകാശപ്പെട്ടിട്ടില്ല.

**പതിനഞ്ചുനോമ്പും, സ്വർഗ്ഗാരോപണവും**

നോമ്പുകാലം സഭാമക്കളുടെ യഥാർത്ഥ നവീകരണകാലമായി സഭ കരുതുന്നു. മലങ്കരസഭയിൽ നിർബന്ധമായും ആചരിക്കേണ്ട നോമ്പുകൾ അമ്പത് നോമ്പ്, ഇരുപത്തിയഞ്ച് നോമ്പ്, മൂന്ന് നോമ്പ് എന്നിവയാണ്. പതിമൂന്ന് നോമ്പ്, പതിനഞ്ച് നോമ്പ്, എട്ട് നോമ്പ് എന്നിവ ആത്മീയ വളർച്ചയ്ക്കായി വിശ്വാസികൾ പൊതുവെ ആചരിച്ചുവരുന്നു. എട്ടുനോമ്പും, പതിനഞ്ചുനോമ്പും പരിശുദ്ധ അമ്മയുടെ അനുസ്മരണാർത്ഥം ആണല്ലോ ആചരിക്കുന്നത്. എല്ലാ നോമ്പുകളും സ്നേഹത്തിൽനിന്നും ഉരുവാകുന്ന ത്യാഗങ്ങളാണ്. പരിശുദ്ധ കന്യകമറിയം നമുക്കെന്നും ഏറെ പ്രിയപ്പെട്ടവളായതുകൊണ്ടാണ് അമ്മയുടെ ജനനത്തിനും, വേർപാടിനും നോമ്പുനോൽക്കുന്നതും തിരുനാൾ ആചരിക്കുന്നതും.

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെ ഒരുക്കമായിട്ടാണ് പതിനഞ്ചു ദിവസം നോമ്പാചരിക്കുന്നത്. ദൈവമാതാവിനെപ്പോലെ സ്വർഗ്ഗപ്രാപ്തി ലഭിക്കുന്നതിന് എല്ലാ സഭാമക്കളും സ്വർഗ്ഗപ്രാപ്തിക്കായി ഈ നോമ്പനുഷ്ഠിക്കുന്നു. എല്ലാ വർഷവും ഓഗസ്റ്റ് 1 മുതൽ 15 വരെയുള്ള ദിവസങ്ങളിലാണ് ആത്മശരീരങ്ങളോടെ സ്വർഗ്ഗാരോപണം ചെയ്ത പരിശുദ്ധ അമ്മയുടെ അനുസ്മരണാർത്ഥം ഈ നോമ്പാചരിക്കുന്നത്.

**സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യം**

പരിശുദ്ധ കന്യകമറിയത്തെ സംബന്ധിച്ച് പ്രധാനമായും നാല് വിശ്വാസ സത്യങ്ങളാണ് തിരുസഭ നമ്മെ പഠിപ്പിക്കുന്നത്.

**1). ദൈവമാതൃത്വം :**

ലോകരക്ഷകനായ യേശുവിന്റെ അമ്മ ദൈവമാതാവാണെന്നുള്ള വിശ്വാസം. ഗ്രീക്കുഭാഷയിൽ തെയോട്ടോക്കോസ് - Theotokos എന്നു പറയുന്ന പദം സുറിയാനിയിൽ 'യൊൽദാസ് ആലോഹോ' എന്നും, ഇംഗ്ലീഷിൽ Mother of God എന്നും നാം തർജ്ജമ ചെയ്യുന്നു. ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻതമ്പുരാൻ മനുഷ്യരക്ഷാർത്ഥം അവതരിച്ചപ്പോൾ മറിയം എന്ന മനുഷ്യപുത്രിയിൽനിന്ന് പൂർണ്ണ മനുഷ്യത്വം പ്രാപിച്ചു എന്ന വിശ്വാസമാണ് ദൈവമാതാവ് എന്ന സംബോധനയിലൂടെ നാം ഏറ്റു പറയുന്നത്. AD 431-ൽ നടന്ന എഫേസൂസ് കൗൺസിലിൽ ഈ വിശ്വാസസത്യം അംഗീകരിക്കപ്പെട്ടു.

**2). നിത്യ കന്യാത്വം**

പുരുഷബന്ധമില്ലാതെ പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് മറിയം യേശുവിനെ ഗർഭം ധരിച്ചതെന്ന് സുവിശേഷങ്ങളിൽനിന്ന് വ്യക്തമാണ് (മത്തായി 1:18-25). ദൈവമാതാവായ മറിയം യേശുവിന് ജന്മം നൽകുന്നതിനുമുമ്പും, നൽകുമ്പോഴും, അതിനുശേഷവും കന്യകയായി തുടരുന്നുവെന്ന് ഈ വിശ്വാസസത്യം നമ്മെ പഠിപ്പിക്കുന്നു. എ.ഡി. 553-ൽ നടന്ന കോൺസ്റ്റാന്റ് നോപ്പിൾ കൗൺസിൽ മറിയത്തിന്റെ നിത്യകന്യാത്വം (Perpetual Virginity) അംഗീകരിച്ചു.

**3. അമലോത്ഭവം (Immaculate Conception)**

ദൈവമാതാവാകാൻ അനാദിയിലേ തെരഞ്ഞെടുക്കപ്പെട്ട മറിയം, ദൈവം വന്നു വസിക്കേണ്ടവളും ദൈവത്തിന് മനുഷ്യശരീരം പ്രദാനം ചെയ്യേണ്ടവളുമായിരുന്നതിനാൽ, പാപമാലിന്യങ്ങളിൽനിന്നും ഉത്ഭവപാപത്തിൽനിന്നും (original sin) ദൈവം അവളെ കാത്തു സൂക്ഷിച്ചിരുന്നു എന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. 1854 ഡിസംബർ 8 ന് ഒമ്പതാം പിയൂസ് മാർപാപ്പ Ineffabilis Deus എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ മറിയത്തിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു.

**4). സ്വർഗ്ഗാരോപണം**

സ്വർഗ്ഗാരോപണത്തെപ്പറ്റി വി. ഗ്രന്ഥത്തിൽ പ്രത്യക്ഷമായി ഒന്നുംതന്നെ പറഞ്ഞി



www.malankaralibrary.com

ട്ടില്ല. എന്നാൽ വി. ഗ്രന്ഥം നൽകുന്ന മറ്റു ചില വിവരണങ്ങളുടെ അടിസ്ഥാനത്തിൽ ദൈവമാതാവും നിത്യകന്യകയും അമലോത്ഭവയുമായ പരിശുദ്ധ കന്യകമറിയം ശരീരത്തോടെ സ്വർഗ്ഗത്തിലേക്ക് ദൈവത്താൽ എടുക്കപ്പെട്ടു എന്ന നിഗമനത്തിൽ എത്തിച്ചേരാം. അതിനാൽ പരിശുദ്ധയും നിർമ്മലയും ദൈവമാതാവുമായ മറിയം ഈലോക ജീവിതത്തിനുശേഷം സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടു എന്നതാണ് ക്രൈസ്തവ വിശ്വാസം. ദൈവപുത്രനു വസിക്കുവാൻ യോഗ്യമായ ദൈവാലയമായിത്തീരുകയും, ദൈവവചനം കേൾക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്തതിനാൽ ഭാഗ്യവതിയായിത്തീർന്ന മറിയം സ്വർഗ്ഗത്തിലേക്ക് ശരീരത്തോടെ എടുക്കപ്പെട്ടുവെന്ന യാഥാർത്ഥ്യം ഒരു വിശ്വാസ സത്യമായി 1950 നവംബർ 1-ാം തീയതി Munificentissimus Deus എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ പന്ത്രണ്ടാം പിയൂസ് മാർപാപ്പ ഇപ്രകാരം പ്രഖ്യാപിക്കുകയുണ്ടായി: ‘‘മറിയത്തിന്റെ മേൽ അതുല്യങ്ങളായ ആനുകൂല്യങ്ങൾ വർഷിച്ച സർവ്വശക്തനായ ദൈവത്തിന്റെ മഹത്വത്തിനും അമർത്യനും യുഗാധിരാജനും, പാപത്തെയും, മരണത്തെയും വിജയിച്ചവനുമായ അവിടുത്തെ സുതന്റെ സ്തുതിക്കും അവിടുത്തെ മഹത്വസമ്പൂർണ്ണയായ മാതാവിന്റെ പ്രതാപവർദ്ധനവിനും സാർവ്വത്രികസഭയുടെ ആനന്ദത്തിനും, ആഹ്ളാദത്തിനുംവേണ്ടി നമ്മുടെ കർത്താവേശുമിശിഹായുടെയും ഭാഗ്യപ്പെട്ട അപ്പസ്തോലന്മാരായ പത്രോസിന്റെയും, പൗലോസിന്റെയും നമ്മുടെതന്നെയും അധികാരത്താൽ നിത്യവിശുദ്ധയായ കന്യകമറിയം തന്റെ ഐഹിക ജീവിതകാലം പൂർത്തിയാക്കിയശേഷം ശരീരവും, ആത്മാവുമായി സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടുവെന്നത് ദൈവികമായി വെളിപ്പെടുത്തപ്പെട്ട വിശ്വാസ സത്യമാണെന്ന് ഞാൻ പ്രഘോഷിക്കുകയും, പ്രഖ്യാപിക്കുകയും , നിർവചിക്കുകയും ചെയ്യുന്നു (നമ്പർ 44). രണ്ടാം വത്തിക്കാൻ കൗൺസിൽ സ്വർഗ്ഗാരോപണ സത്യത്തെ ആവർത്തിച്ചു പ്രഖ്യാപിക്കുകയും അതോടൊപ്പം മറിയം സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും റാണിയായി ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട സംഭവത്തെ എടുത്തുകാട്ടുകയും ചെയ്തു.



ബൈബിളിന്റെ നേരിട്ടുള്ള പിൻബലമില്ലാത്ത മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിക്കുന്നതിനുവേണ്ടി പന്ത്രണ്ടാം പിയൂസ് മാർപാപ്പ മെത്രാൻമാരും അജപാലകരും ദൈവശാസ്ത്ര വിചക്ഷണരുമായ ആയിരക്കണക്കിന് ആളുകളിൽനിന്ന് പ്രതികരണങ്ങൾ



www.malankaralibrary.com

ക്ഷണിച്ചിരുന്നു. മലങ്കരയുടെ ശബ്ദമായി മാർ ഈവാനിയോസ് പിതാവ് മലങ്കര കത്തോലിക്കാസഭയുടെയും, കേരളത്തിലെ സുറിയാനിക്കാരുടെയും ചിരകാല വിശ്വാസമാണ് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണമെന്ന് പ്രതികരിച്ചു. അക്കാലത്ത് മലങ്കരയിലെ സുറിയാനിക്കാർ പതിനഞ്ചുനോമ്പുകാലത്ത് പ്രഭാത പ്രാർത്ഥനയിലും, സന്ധ്യാ പ്രാർത്ഥനയിലും ചേർത്ത് ചൊല്ലേണ്ട അപേക്ഷകളും, ശൂനോയോ പെരുന്നാളിനുള്ള കോലോകളും, ബോവൂസോകളും ഉദ്ധരിച്ചുകൊണ്ടാണ് അമ്മയുടെ സ്വർഗ്ഗാരോപണം മലങ്കരസഭയുടെ പരമ്പരാഗത വിശ്വാസമാണെന്ന് മാർ ഈവാനിയോസ് പിതാവ് പ്രതികരിച്ചത്. ഉദയംപേരൂർ സുനഹദോസ് പതിനഞ്ചുനോമ്പിനെക്കുറിച്ച് നൽകിയ കാനോനയിൽ പതിനഞ്ചുനോമ്പ് പൂർവ്വികാചാരമായി തുടരാൻ അനുവദിച്ചിരിക്കുന്നത് ചൂണ്ടിക്കാട്ടി, ഈ വിശ്വാസം കേരള സുറിയാനിക്കാരുടെ പൊതു പൈതൃകമാണെന്നും മാർ ഈവാനിയോസ് പിതാവ് തന്റെ പ്രതികരണക്കുറിപ്പിൽ പരമാർശിച്ചു.

**സ്വർഗ്ഗാരോപണത്തിരുന്നാൾ**

ക്രിസ്തീയ പാരമ്പര്യത്തിൽ 4 ഗണത്തിലുള്ള തിരുനാളുകളാണുള്ളത്:

1. നമ്മുടെ കർത്താവിന്റെ തിരുനാളുകൾ
2. പരിശുദ്ധ ദൈവമാതാവിന്റെ തിരുനാളുകൾ
3. അപ്പസ്തോലന്മാരുടെ തിരുനാളുകൾ
4. വിശുദ്ധരുടെ തിരുനാളുകൾ

ഇതിൽ നമ്മുടെ കർത്താവിന്റെ തിരുനാളുകളാണ് ഏറ്റം പ്രധാനപ്പെട്ടത്. അതിനുശേഷം എറെ പ്രാധാന്യത്തോടും ആദരവോടും ആചരിക്കുന്ന തിരുനാളുകളാണ് പരിശുദ്ധ അമ്മയുടെ തിരുനാളുകൾ. ആരാധനക്രമവത്സര ക്രമീകരണത്തിൽതന്നെ പരിശുദ്ധ മറിയത്തിന്റെ ബഹുമാനാർത്ഥമുള്ള തിരുനാളുകളും നോമ്പുകളും അനുസ്മരണാദിനങ്ങളും ക്രമപ്പെടുത്തിയിരിക്കുന്നു. മാർച്ച് 25-ന് മാതാവിനോടുള്ള അറിയിപ്പും, സെപ്റ്റംബർ 8-ന് മാതാവിന്റെ ജനനപ്പെരുന്നാളും, ആഗസ്റ്റ് 15-ന് സ്വർഗാരോപണത്തിരുന്നാളും നാം കൊണ്ടാടുന്നു. കൂടാതെ നവംബർ 21-ന് മാതാവിന്റെ ദൈവാലയ പ്രവേശനവും ഡിസംബർ 26-ന് മാതാവിന്റെ പുകഴ്ചയുടെ തിരുനാളും, ജനുവരി 15-ന് വിത്തുകളെപ്രതിയുള്ള മാതാവിന്റെ ഓർമയും, മെയ് 15-ന് കതിരുകളെപ്രതിയുള്ള മാതാവിന്റെ ഓർമയും ആചരിച്ചുകൊണ്ട് നാം ദൈവമാതാവിനെ വണങ്ങുന്നു. ആരാധനക്രമവത്സരത്തിലെ മാതാവിന്റെ വിവിധ പെരുനാളുകളിൽവച്ച് ഏറ്റം ദൈർഘ്യം ഉള്ള അനുസ്മരണയാണ് പതിനഞ്ച് നോമ്പും അതിന്റെ അവസാനത്തിൽ സ്വർഗ്ഗാരോപണപ്പെരുന്നാളും.

സ്വർഗ്ഗാരോപണപ്പെരുന്നാളിനെക്കുറിച്ച് ആരാധനക്രമത്തിലുള്ള ഏറ്റവും പുരാതനമായ രേഖ 5-ാം ശതവർഷത്തിലുള്ളതാണ്. അഞ്ചാം നൂറ്റാണ്ടിനു വളരെ മുമ്പുതന്നെ സ്വർഗ്ഗാരോപണപ്പെരുന്നാൾ ആഘോഷിക്കപ്പെട്ടിരുന്നുവെന്നതിന് തെളിവുകളുണ്ട്. 495-ൽ എഴുതപ്പെട്ട ജലാസിന്റെ കൂദാശക്രമത്തിൽ (Sacramentary) സ്വർഗ്ഗാരോപണത്തിരുനാളും രേഖപ്പെടുത്തിയിട്ടുണ്ട്. ജറുസലേമിലെ വി.തിമോത്തി, നിസായിലെ വി. ഗ്രിഗറി, വി.ജോൺ ഡമഷിൻ, വി. ജർമ്മാനൂസ്, വി.ജറോം ആദിയായവരെല്ലാം മാതാവ് ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്ന് പഠിപ്പിച്ചിരുന്നു. വി.ജെറോം എഴുതിയെന്ന് വിശ്വസിക്കപ്പെടുന്ന ഡമാസസിന്റെ രക്തസാക്ഷി വിവരണത്തിൽ ''മറിയത്തിന്റെ നിദ്ര', സ്വർഗ്ഗാരോപണം എന്നീ രണ്ട് തിരുനാളുകളെപ്പറ്റി പ്രസ്താവനകളുണ്ട്. സുറിയാനിക്കാർ, ഫ്രഞ്ചുകാർ, അർമേനിയാക്കാർ, റോമാക്കാർ എന്നിവരുടെ ആചാരമനുസരിച്ച് ഈ തിരുനാൾ ആഘോഷം നടത്തിവന്നിരുന്നതായി മൊസറബിക് മിസ്സാലിലും കാണുന്നു. ഫ്രാൻസിൽ ടൂർസിലെ വിശുദ്ധ ഗ്രിഗരിയുടെ കാലത്ത് (540) സ്വർഗ്ഗാരോപണത്തിരുന്നാൾ ജാഗരണത്തോടെ ആഘോഷിച്ചിരുന്നു. മഹാനായ ഗ്രിഗറി മാർപ്പാപ്പയുടെ കൂദാശക്രമത്തിൽ (Sacramentary) രണ്ടു തവണ ഈ തിരുനാളിനെപ്പറ്റി പ്രസ്താവിച്ചു കാണുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ ചക്രവർത്തിയായിരുന്ന മൗറിസിയൂസ് (582-602) ഒരു കല്പനവഴി ആഗസ്റ്റ് 15 മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളായി ആഘോഷിക്കുവാൻ സാമ്രാജ്യത്തിലെ എല്ലാ ജനങ്ങളോടും ആഹ്വാനം ചെയ്തു. റോമൻസഭയിൽ ഈ പെരുന്നാൾ ഏഴാം നൂറ്റാണ്ടിൽ പോപ് പേർജിയൂസ് ഒന്നാമന്റെ കാലത്ത് തുടങ്ങി. എട്ടാം



www.malankaralibrary.com

നൂറ്റാണ്ടോടുകൂടി ഈ പെരുന്നാൾ പാശ്ചാത്യസഭയിലും പൗരസ്ത്യസഭയിലും ഒരുപോലെ ആഗസ്റ്റ് 15 ന് ആഘോഷിക്കുവാൻ തുടങ്ങി. വിവിധ പാശ്ചാത്യ-പൗരസ്ത്യ സഭകളുടെ ആരാധനക്രമങ്ങളിൽ ഈ തിരുന്നാളിന്റെ പ്രാധാന്യവും അർത്ഥവും വിളിച്ചറിയിക്കുന്ന പ്രാർത്ഥനകളും ഗാനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. പൗരസ്ത്യ സുറിയാനി സഭകളിൽ സ്വർഗ്ഗാരോപണത്തിരുനാളിനെ പ്രത്യേകമായ രീതിയിൽ ആദരിക്കുകയും ആചരിക്കുകയും ചെയ്യുന്നു. അർമേനിയൻ സഭയിൽ തിരുന്നാൾ ദിവസത്തെ യാമപ്രാർത്ഥനയിലെ ഗീതങ്ങൾ സ്വർഗ്ഗാരോപണപ്പെരുന്നാളിനെക്കുറിച്ച് വിവരിക്കുന്നവയാണ്. കോപ്റ്റിക് എത്യോപ്യൻ സഭകളിൽ ഈ പെരുന്നാളിനോടനുബന്ധിച്ച് മെഴുകുതിരി പ്രദക്ഷിണം നടത്താറുണ്ട്. ബൈസന്റയിൻ സഭയിൽ സ്വർഗ്ഗാരോപണതിരുന്നാൾ ആഹ്ലാദ പ്രകടനങ്ങളോടെയാണ് നടത്തുക. ഈ സഭയിലും പതിനഞ്ചു ദിവസത്തെ നോമ്പ്, പ്രത്യേക പ്രാർത്ഥനകൾ, ഗീതങ്ങൾ എന്നിവയുണ്ട്. മലങ്കരസഭയുടെ ആരാധനക്രമത്തിലും സ്വർഗ്ഗാരോപണത്തെ വിവരിക്കുന്ന പരാമർശങ്ങളുണ്ട്.

'ദൈവമിറങ്ങിവസിച്ചുമറിയാമിന്നുൾ
താഴ്മയിലവളെ വെന്നീടാനായ്
ആരുണ്ടീ ഭുവിയതിനാൽ അവളെയേറ്റി
ഉന്നത പദമതിൽ നാഥൻ'' (ബുധൻ, മൂന്നാം മണി). ദൈവം അവളെ മഹത്വപ്പെടുത്തിയതിന്റെ പൂർണ്ണതയായി അവളുടെ പുത്രൻ അവളുടെ മരണനിമിഷം അവളെ സ്വർഗ്ഗത്തിലേക്കെടുത്തു. ദൈവമാതാവിന്റെ വാങ്ങിപ്പ് എന്നാണ് മലങ്കരസഭ പുരാതനകാലം മുതൽ അതിനെ വർണ്ണിക്കുക.

ഓർക്കപ്പെട്ടീടും
ധന്യയവൾ മറിയം മഹിമയൊ-
ടേദൻ പൂകിയ സത്ദിവസം. (വെള്ളി, പ്രഭാതം, കോലോ 1). മറിയത്തിന്റെ സ്വർഗ്ഗപ്രവേശത്തെ പരാമർശിക്കുന്ന മറ്റൊരു ആരാധനാ ഗീതമാണിത്.

**ഉപസംഹാരം**

ഈലോകജീവിതം മഹത്തരമാക്കിയാലേ സ്വർഗീയ സൗഭാഗ്യത്തിന് നാം അവകാശികളാവുകയുള്ളു. മനുഷ്യന് ലഭിക്കുന്ന ഈ മാഹാത്മ്യം എത്രത്തോളം ഉന്നതമാണെന്ന് പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം നമുക്ക് തരുന്ന വലിയ സന്ദേശം നമ്മുടെ സ്ഥിരമായ ഭവനം സ്വർഗ്ഗമാണെന്നും, അവിടെ ചെല്ലാനുള്ള ഒരുക്ക കാലമാണിവിടെയെന്നും ഉള്ളതാണ്. അതോടൊപ്പംതന്നെ സാധാരണക്കാരിയായ ഒരു സ്ത്രീക്ക് തന്റെ ദൈവത്തോടുള്ള അടുപ്പംവഴി എന്തുമാത്രം മഹത്തായ സ്ഥാനങ്ങളിലേക്ക് ഉയരാനാവും എന്നതിന്റെ ഉദാത്തമായ മാതൃകയാണ് പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണം. കന്യക, ഭാര്യ, അമ്മ എന്ന പ്രകാരം സ്ത്രീത്വത്തിന്റെ വിവിധ അവസ്ഥകളിൽ പരിശുദ്ധ മറിയം സഭയുടെ മാതൃകയും പ്രതീക്ഷയുമാണ്. പരിശുദ്ധ ജോൺ പോൾ ഒന്നാമൻ മാർപ്പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നതും അതുതന്നെയാണ്. മറിയം നമ്മെ പഠിപ്പിക്കുന്നത് പ്രതീക്ഷയെന്ന പുണ്യത്തെക്കുറിച്ചാണ്. ദാരിദ്ര്യത്തിനോ ലോക ജീവിതത്തിലെ പരിമിതികൾക്കോ സ്ത്രീത്വത്തിന്റെ മഹത്വം കുറയ്ക്കാനാവില്ല. കാരണം 'സ്ത്രീ'യായ കന്യകമറിയം സ്ത്രീകളുടെ മഹത്വവും മാതൃകയുമത്രേ.

**ഓഗസ്റ്റ് 15**



മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമീസ്
കാതോലിക്കാബാവായുടെ
മെത്രാഭിഷേക വാർഷികം



www.malankaralibrary.com

# യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് ഇനിയും ഏറെ ദൂരമോ?



**ഫാ. ജെറോം പുളിക്കൽ**
(അസി. വികാരി, സെന്റ് ജോൺസ് കത്തീഡ്രൽ തിരുവല്ല)

**സൂ**ര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ മേൽക്കോയ്മയിൽനിന്ന് ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 74 വർഷങ്ങൾ പൂർത്തിയാകുന്നു. 1947 ഓഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രിയിൽ ചെങ്കോട്ടയിൽ ഭാരതത്തിന്റെ ത്രിവർണ്ണ പതാക ഉയർന്നപ്പോൾ അത് നൂറ്റാണ്ടുകൾ അടിമത്വത്തിൽ കഴിഞ്ഞ ഒരു ജനവിഭാഗത്തിന്റെ ആത്മാഭിമാനത്തിന്റെ ഉയിർത്തെഴുന്നേൽപ്പായിരുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ 7 ദശാബ്ദങ്ങൾ പിന്നിടു



മ്പോൾ നാം ആത്മവിചിന്തനം നടത്തേണ്ട ഒരു ചോദ്യമുണ്ട്. Are we really free today? നമ്മളിന്ന് യഥാർത്ഥത്തിൽ സ്വതന്ത്രരാണോ? സ്വാതന്ത്ര്യമെന്നത് കേവലം ഒരു രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമാണോ? ആശയത്തിന്റെയും ചിന്തയുടെയും ജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും ജീവിതശൈലിയുടെയും ഭാഷയുടെയും ലോകത്ത് സമ്മർദ്ദങ്ങളും സ്വാധീനങ്ങളുമില്ലാതെ ജീവിക്കുന്നതല്ല യഥാർത്ഥ സ്വാതന്ത്ര്യം! നമ്മുടെ ജീവിതശൈലിയിലും ചിന്താരീതിയിലും ബൗദ്ധിക ലോകത്തും സാംസ്കാരിക പശ്ചാത്തലത്തിലും ബ്രിട്ടീഷ് സാമ്രാജ്യത്വ ശക്തികൾ അവശേഷിപ്പിച്ച ചില അവശേഷിപ്പുകളിൽ നാം ഇന്നും കുടുങ്ങിക്കിടക്കുകയാണ്. ആധുനിക സൈദ്ധാന്തികന്മാർ ഇതിനെ വിളിക്കുന്നത് നവ സാമ്രാജ്യത്വവത്കരണം (Post/new Colonialism) എന്നാണ്. നാം ജീവിക്കുന്ന ഈ കാലഘട്ടം നവ സാമ്രാജ്യത്വത്തിന്റെ ഏറ്റം വലിയ ഉദാഹരണമാണ്.

### 1. ചിന്താലോകത്തെ നവ സാമ്രാജ്യത്വം (Philosophical/ideological neo colonialism)

കോളനിവത്കരണത്തിൽനിന്ന് സ്വതന്ത്രരായിട്ടും ഇന്നും നമ്മുടെ ചിന്തകളെ, ആശയങ്ങളെ, ജീവിതശൈലിയെ സ്വതന്ത്രമാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. നല്ലതെല്ലാം പാശ്ചാത്യലോകത്തുനിന്നു വരുന്നു എന്ന ചിന്ത ഇന്നും നമ്മിൽ ശക്തമാണ് (what comes from the West is the standardized one). സ്വന്തം ദേശത്തുനിന്നുള്ളതിനെ സ്വീകരിക്കുവാനോ അംഗീകരിക്കുവാനോ സാധിക്കാതെ, പാശ്ചാത്യ ലോകത്തുനിന്നു വരുന്നതിനെ അന്ധമായി അനുകരിച്ച് കോളനിവത്കരണത്തിന്റെ അവശേഷിപ്പുകളായി നാം ഇന്നും തുടരുന്നു.



www.malankaralibrary.com

## 2. സാംസ്കാരിക നവസാമ്രാജ്യത്വം (cultural neo colonialism)

ഭാരതത്തിന്റെ സംസ്കാരത്തിൽ, പാരമ്പര്യത്തിൽ അഭിമാനം കൊണ്ട പൗരസ്ത്യവാദി 'മാക്സ് മുള്ളർ' പറഞ്ഞു, 'ഇനിയൊരു ജന്മമുണ്ടായാൽ അത് ഇന്ത്യയിലാകണം'. ആർഷഭാരത സംസ്കാരത്തിന്റെ ഔന്നത്യത്തെ മനസ്സിലാക്കിക്കൊണ്ട് വിദേശികൾ ഭാരതത്തിലേക്കു വരുമ്പോൾ, ഈ സംസ്കാരത്തെ ഉൾക്കൊള്ളുവാനും അതിന് വില നൽകുവാനും സ്വദേശികളായ നമുക്ക് സാധിക്കാതെ പോകുന്നു. ആർഷഭാരത സംസ്കാരം പകർന്നു തന്ന ഭക്ഷണക്രമങ്ങളെയും വസ്ത്രധാരണത്തെയും നിഷേധിക്കുവാൻ നമ്മെ പഠിപ്പിച്ച ബ്രിട്ടീഷ് സാമ്രാജ്യത്വ ശക്തിയുടെ സ്വാധീനത്തിൽനിന്നും വിമുക്തി നേടുവാൻ ഇന്നും നമുക്ക് കഴിഞ്ഞിട്ടില്ല. ഭക്ഷണക്രമത്തിന്റെയും വസ്ത്രധാരണത്തിന്റെയും നിലവാരം ഇന്നും നാം നിശ്ചയിക്കുന്നത് പാശ്ചാത്യർ പകർന്നുതന്ന തെറ്റായ അവബോധത്തിൽനിന്നുമാണ്. നമ്മുടെ ആഘോഷങ്ങളിലൊക്കെ വന്ന വ്യതിയാനങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. കാലഹരണപ്പെട്ടു എന്നു പറഞ്ഞുകൊണ്ട് പരമ്പരാഗതരീതിയിലുള്ള ആഘോഷ പരിപാടികളുടെ നിറങ്ങൾ മാറ്റി അവയെ വിദേശാധിപത്യ രീതിയിലേക്ക് മാറ്റുവാൻ നാം ശ്രമിക്കുമ്പോൾ, കോളനിവത്കരണത്തിൽനിന്നും നാം സ്വതന്ത്രരായി എന്ന് പറയുവാൻ സാധിക്കുമോ? ഇല്ല, കോളനിവത്കരണത്തിന്റെ ജീവിക്കുന്ന അവശേഷിപ്പുകളായി നാം തുടരുന്നു.

## 3. ജ്ഞാനമീമാംസയുടെ നവസാമ്രാജ്യത്വം (epistemological neo colonialism)

ആർഷഭാരതസംസ്കാരത്തിന് തനതായ ഒരു വിദ്യാഭ്യാസ സമ്പ്രദായം ഉണ്ടായിരുന്നു. ലോകോത്തര വിദ്യാഭ്യാസത്തോട് നിലവാരം പുലർത്തുന്ന അറിവിന്റെ ലോകം ഭാരതത്തിലുണ്ടായിരുന്നു. ഗുരുകുലത്തിൽ, ഗുരുവിന്റെ മുഖത്തുനിന്ന് അറിവ് നേടുന്ന ശ്രേഷ്ഠമായ ഒരു ശൈലിയും ഇവിടെയുണ്ടായിരുന്നു. എന്നാൽ കോളനിവത്കരണത്തിന്റെ ഭാഗമായി പട്ടാളച്ചിട്ടയോടു കൂടിയ വിദ്യാഭ്യാസശൈലിയും, അടച്ചിട്ട ക്ലാസ്മുറിയും, ടൈ കെട്ടിയ യൂണിഫോമും, അദ്ധ്യാപക-വിദ്യാർത്ഥി രീതിയും അവലംബിക്കുവാൻ തുടങ്ങി. ഭാരതത്തിൽനിന്നുള്ളതിനേക്കാൾ ശ്രേഷ്ഠം പാശ്ചാത്യദേശത്തുനിന്നുള്ളതാണ് എന്ന ചിന്തയെ ഇത് വളർത്തി, ഇന്നും ഇത് തുടർന്നു കൊണ്ടിരിക്കുന്നു.

## 4. മതലോകത്തെ നവസാമ്രാജ്യത്വം (Religious neo colonialism)

എല്ലാ മതങ്ങൾക്കും തുല്യ പ്രാധാന്യം നൽകിക്കൊണ്ട് എല്ലാവരും ഈശ്വരന്റെ മക്കൾ എന്ന ചിന്താധാര ശക്തമായിരുന്നു ഭാരതത്തിൽ. എന്നാൽ കോളനിവത്കരണത്തിന്റെ ഭാഗമായി മതത്തിന്റെ അടിസ്ഥാനത്തിൽ പ്രാചീന ഹിന്ദു ഇന്ത്യ, മധ്യകാല മുസ്ലിം ഇന്ത്യ, ആധുനിക ബ്രിട്ടീഷ് ഇന്ത്യ എന്നിങ്ങനെ ചരിത്രത്തെ വേർതിരിച്ചു. Divide & rule എന്ന ഭരണതന്ത്രത്തെ വളരെ കൃത്യമായി സാമ്രാജ്യത്വ ശക്തികൾ ഉപയോഗിച്ചപ്പോൾ ഭാരതത്തിനു നഷ്ടമായത് നാനാത്വത്തിൽ ഏകത്വമായ ഒരു രാഷ്ട്രത്തെയാണ്. കാലാന്തരത്തിൽ ഇത് കൂടുതൽ ശക്തിയാർജിക്കുകയും മതസ്പർദ്ധ വളരുകയും ചെയ്തു. ഇന്നും വ്യത്യസ്തമായ രീതിയിൽ ഈ വർഗീയത ഉപയോഗിക്കുകയും അതിന് നാം ഇരകളായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കാൻ ഇന്നും സാധിക്കാത്ത ഒരു ജനതയാണ് യഥാർത്ഥത്തിൽ നമ്മൾ. സ്വതന്ത്രമാകാത്ത ഒരു മനസ്സുമായി 75-ാം സ്വാതന്ത്ര്യദിനം നാം ആഘോഷിക്കുവാൻ പോകുമ്പോൾ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് പോകുവാൻ ഇച്ഛാശക്തിയുള്ളവരായി നമുക്ക് മാറാം. സ്വാതന്ത്ര്യമെന്നത് സ്വതന്ത്രമായി ചിന്തിക്കാനുള്ള ആർജവത്തമാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ആർജവത്തത്തോടുകൂടി ചിന്തിക്കണമെങ്കിൽ നാം പണയം വച്ചിരിക്കുന്ന നമ്മുടെ ചിന്തയെയും, സംസ്കാരത്തെയും ബുദ്ധിയെയും ഉണർത്തണം. 1947 ആഗസ്റ്റ് 15 ന് ചെങ്കോട്ടയിൽ ഇന്ത്യയുടെ ത്രിവർണ്ണ പതാക ഉയർന്നപ്പോൾ അത് ആത്മാഭിമാനത്തിന്റെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കുള്ള ഉണർത്തുപാട്ടു മാത്രമായിരുന്നു. അവിടെനിന്നും വലിയൊരു കാതം ഇനിയും നാം നടക്കേണ്ടിയിരിക്കുന്നു. നവസാമ്രാജ്യത്വത്തിന്റെ ചങ്ങലകളെ പൊട്ടിച്ചുകൊണ്ട് നമ്മുടെ ചിന്തയെയും, ജീവിതശൈലിയെയും, ബുദ്ധിയെയും വിമോചിപ്പിക്കാം. ചിന്താശക്തിയെയും ബുദ്ധിയെയും പണയം വയ്ക്കാത്ത സ്വതന്ത്ര മനസ്സുള്ള ജനതയായി വളരാം. അതിനായി നമുക്ക് ഉണരാം, മറ്റുള്ളവരെ ഉണർത്താം.




www.malankaralibrary.com

# ഫാ. സ്റ്റാൻ സ്വാമിയുടെ മരണം ആകസ്മികമായിരുന്നോ?



റവ. ഫാ. വർഗീസ് വള്ളിക്കാട്ട്

**നൂ**റ്റിത്തൊണ്ണൂറു വർഷം ദീർഘിച്ച ബ്രിട്ടീഷ് ആധിപത്യത്തിൽനിന്നു രാജ്യം രാഷ്ട്രീയമായി സ്വാതന്ത്ര്യം നേടിയതിന്റെ സ്മരണകൾ പുതുക്കി 2021 ആഗസ്റ്റ് 15 ന് ഇന്ത്യ എഴുപത്തിയഞ്ചാം സ്വാതന്ത്ര്യദിനം ആഘോഷിക്കുകയാണ്. 1857 മുതൽ 1947 വരെ നീണ്ടു നിന്ന സ്വാതന്ത്ര്യപോരാട്ടങ്ങളുടെ ഫലമായി രാഷ്ട്രീയാധികാരം വിദേശികളിൽനിന്ന് ഇന്ത്യക്കാരായ ഭരണക്കാരുടെ കൈകളിൽ എത്തി എന്നത് ഒരു ചെറിയ കാര്യമല്ല. ജനാധിപത്യത്തിൽ ഭരണം ഭൂരിപക്ഷത്തിന്റേതാണെങ്കിലും, എല്ലാ വിഭാഗം ജനങ്ങളുടെയും വിശിഷ്യാ, ഇന്ത്യൻ ഭരണഘടന പ്രത്യേക സംരക്ഷണവും പരിരക്ഷയും ഒരുക്കിയിട്ടുള്ള, ആദിവാസികളുടെയും ദളിതരുടെയും ന്യൂനപക്ഷങ്ങളുടെയും മൗലികാവകാശങ്ങളും തുല്യ അന്തസ്സും സംരക്ഷിക്കപ്പെടുന്നു എന്നുറപ്പാക്കാനുള്ള ഉത്തരവാദിത്വം ഭരണകൂടത്തിനുണ്ട്.




സർവ്വാധിപത്യപ്രവണതയുള്ള പ്രത്യയശാസ്ത്രവും ഭരണാധികാരികളും രാജ്യം ഭരിക്കുകയും, ഭരണഘടന ഉറപ്പുനൽകുന്ന ജനാധിപത്യ സംവിധാനങ്ങൾ പരുങ്ങലിലാവുകയും, നീതിന്യായസംവിധാനങ്ങൾ ഭരണകൂട താല്പര്യങ്ങൾക്ക് വഴങ്ങിക്കൊടുക്കുകയും, പൗരന്മാർക്ക് നിയമവാഴ്ചയിൽ വിശ്വാസം കുറഞ്ഞുവരുകയും ചെയ്യുന്ന സമകാലിക സാഹചര്യത്തിന്റെ ഒരു നേർക്കാഴ്ചയാണ് 2021 ജൂലൈ 5 നു എൻ.ഐ.എ കസ്റ്റഡിയിലിരിക്കെ ഫാ. സ്റ്റാൻ സ്വാമിയെന്ന 84 കാരന്റെ മരണം മുന്നോട്ടുവച്ചത്. മൂന്നു പതിറ്റാണ്ടിലേറെ ബീഹാർ-ജാർഖണ്ഡ്-ഛത്തിസ്ഗഢ് മേഖലയിലെ ആദിവാസികളോടൊപ്പം ജീവിക്കുകയും, ജീവിക്കാനും നിലനില്ക്കാനുമുള്ള അവരുടെ സമരങ്ങളിൽ പങ്കുചേരുകയും, കോർപ്പറേറ്റു-ഭരണകൂട കൂട്ടുകെട്ടിന്റെ ചൂഷണത്തെ ശാസ്ത്രീയമായി വിശകലനവിധേയമാക്കുകയും, ആദിവാസി യുവാക്കളെ അന്യായമായി പീഡിപ്പിക്കുന്ന ഭരണകൂടത്തിന്റെ മർദ്ദന നയങ്ങളെ നിയമപരമായി നേരിടാൻ നീതിന്യായ സംവിധാനങ്ങളെ ആശ്രയിക്കുകയും ചെയ്ത ഒരു ഈശോസഭാ വൈദികനായിരുന്നു ഫാ. സ്റ്റാൻ സ്വാമി.

### സ്റ്റാൻ സ്വാമിയച്ചന്റെ പ്രവർത്തന മണ്ഡലങ്ങൾ

1970 ൽ വൈദികനായ ഫാ. സ്റ്റാൻ, 1971 ൽ ജംഷഡ്പൂർ ജെസ്യൂട്ട് പ്രൊവിൻസിനു കീഴിൽ കാത്തലിക് റിലീഫ് സർവീസ് ഡയറക്ടർ എന്ന നിലയിൽ, ബീഹാർ-ജാർഖണ്ഡ് മേഖലയിലെ ആദിവാസികളുടെ ഇടയിലാണ് തന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 1975-1986 കാലഘട്ടത്തിൽ ബാംഗ്ലൂർ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന റിസേർച്ച് സ്ഥാപനത്തിന്റെ ഡയറക്ടർ എന്ന നിലയിൽ അദ്ദേഹം പ്രവർത്തിച്ചു. ഇന്ത്യൻ



www.malankaralibrary.com

സാമൂഹ്യാവസ്ഥയിൽ ദളിത്, ആദിവാസി ജനവിഭാഗങ്ങളും സ്ത്രീകളും അനുഭവിക്കുന്ന അടിച്ചമർത്തലുകളും ചൂഷണങ്ങളും ആഴത്തിൽ വിശകലനവിധേയമാക്കുന്നതിനും പരിഹാരമാർഗങ്ങൾ ആരായുന്നതിനും ഈ കാലയളവ് അദ്ദേഹം വിനിയോഗിച്ചു. സമൂഹത്തോടു പ്രതിബദ്ധതയുള്ള സാമൂഹ്യപ്രവർത്തകരെ പരിശീലിപ്പിക്കുന്ന ഒരു സാമൂഹ്യശാസ്ത്രജ്ഞൻ എന്ന നിലയിൽനിന്ന് അദ്ദേഹം സ്വയം താഴെത്തട്ടിൽ ഒരു സാമൂഹ്യപ്രവർത്തകനായി മാറുന്ന കാഴ്ചയാണ് തുടർന്ന് കാണാൻ കഴിയുന്നത്. 2021 ജൂലൈ 6 നു അഗ്നിയിൽ എരിഞ്ഞടങ്ങുംവരെ, സ്റ്റാൻ സ്വാമിയെന്ന പുരോഹിതന്റെ ജീവിതം ഒരു മെഴുതിരിപോലെ ഇന്ത്യയിലെ മർദ്ദിത ജനവിഭാഗങ്ങൾക്കുവേണ്ടി എരിഞ്ഞുകൊണ്ടിരുന്നു.

### കോർപറേറ്റു-ഭരണകൂട താല്പര്യങ്ങൾക്കെതിരേ

ആദിവാസികളോടൊപ്പം താഴെത്തട്ടിൽ പ്രവർത്തിക്കുമ്പോഴും, തന്നിലെ സാമൂഹ്യ ശാസ്ത്രജ്ഞന്റെ നിരീക്ഷണ പാടവവും വിശകലന വൈദഗ്ധ്യവും അദ്ദേഹം പ്രയോജനപ്പെടുത്തി. ഭരണകൂടത്തിന്റെ താല്പര്യങ്ങളെയും കോർപ്പറേറ്റുകളുമായുള്ള അതിന്റെ അവിശുദ്ധ ബന്ധങ്ങളെയും തുറന്നു കാട്ടുന്നതിന് അദ്ദേഹം മടിച്ചില്ല. ഭൂമി-വെള്ളം-വനം എന്നിവയിൽ ഊന്നിയുള്ള ആദിവാസികളുടെ ജീവനോപാധികൾ കവർന്നെടുക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്ന വികസനരീതികളെ അദ്ദേഹം വിമർശിച്ചു. ഭരണഘടന അനുശാസിക്കുന്ന ആദിവാസി സംരക്ഷണ സംവിധാനങ്ങൾ നടപ്പാക്കുന്നതിൽ ഭരണകൂടങ്ങൾ വരുത്തുന്ന ബോധപൂർവകമായ അലംഭാവത്തെ ആ സന്യാസി തുറന്നുകാട്ടി. മാവോയിസ്റ്റുകൾ സജീവമായ ബീഹാർ-ജാർഖണ്ഡ്-ഛത്തീസ്ഗഡ് മേഖലയിലെ ആദിവാസിയുവാക്കളെ നക്സൽബന്ധം ചുമത്തി ജയിലിലടയ്ക്കുന്ന ഭരണകൂട നടപടിക്കെതിരേ അദ്ദേഹം ശബ്ദമുയർത്തി. നിയമപരമായ മാർഗങ്ങളിലൂടെ നിരപരാധികളുടെ മോചനത്തിനായി അച്ചൻ പ്രവർത്തിച്ചു. ഇത്തരം പ്രവർത്തനങ്ങൾ നിലവിൽ കേന്ദ്രം ഭരിക്കുന്ന സർക്കാരിനെ ചൊടിപ്പിച്ചതിൽ അത്ഭുതമില്ലല്ലോ.

### അറസ്റ്റും ജുഡീഷ്യൽ കസ്റ്റഡിയും

വിയോജിക്കാനുള്ള അവകാശം ജനാധിപത്യത്തിന്റെ ആത്മാവാണെന്നിരിക്കെ, എതിർശബ്ദങ്ങളെ നിശബ്ദമാക്കുക എന്ന നയം വച്ചുപുലർത്തുന്ന ഒരു ഭരണകൂടത്തിന്, അതിനുള്ള കാരണങ്ങൾ കണ്ടെത്തുക പ്രയാസകരമല്ല. ഫാ.സ്റ്റാൻ സ്വാമിയുടെയും സഹതടവുകാരുടെയും കാര്യത്തിൽ, എൻ.ഐ.എ എന്ന കേന്ദ്ര അന്വേഷണ ഏജൻസിയാണ് അതിനു ദേശീയതലത്തിൽ വല വിരിച്ചത്. 2020 ഒക്ടോബർ 8 ന് ഫാ. സ്റ്റാൻ സ്വാമിയെ എൻ.ഐ.എ റാഞ്ചിയിലെ ജെസ്യൂട്ട് ഹൗസിൽനിന്നു കസ്റ്റഡിയിലെടുക്കുകയും തുടർന്ന് ചോദ്യം ചെയ്യുന്നതിനായി ബോംബെയിലേക്ക് കൊണ്ടുവന്ന് നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമം (യു.എ.പി.എ) ചുമത്തി തലോജ ജയിലിൽ പാർപ്പിക്കുകയുമായിരുന്നു.

### അറസ്റ്റിനു കാരണം കണ്ടെത്തുന്നു

1818 ൽ മഹാരാഷ്ട്രയിൽ നടന്ന ഭീമ-കൊറെഗാവോൺ യുദ്ധവിജയത്തിന്റെ ഇരുന്നൂറാം വാർഷികത്തോടനുബന്ധിച്ച് 2018 ജനുവരി ഒന്നിന് മഹാരാഷ്ട്രയിലെ പൂനയിൽ സംഘടിപ്പിക്കപ്പെട്ട ദളിത് സമ്മേളനത്തിൽ പങ്കെടുത്തവരും ചില പ്രാദേശിക ജാതി-രാഷ്ട്രീയക്കാരുമായുണ്ടായ സംഘർഷങ്ങൾക്ക് 2017 ഡിസംബർ മുപ്പത്തൊന്നിനു നടന്ന എൽഗാർ പരിഷദ് സമ്മേളനത്തിലെ പ്രസംഗങ്ങളും ക്ലാസ്സുകളും കാരണമായി എന്ന പൂനാ പോലീസിന്റെ കണ്ടെത്തലും, തുടർന്ന് അതിനു പിന്നിൽ പ്രവർത്തിച്ച 'അർബൻ നക്സലൈറ്റുകളെ' കണ്ടെത്താനുള്ള എൻ.ഐ.എ. യുടെ അന്വേഷണവുമാണ് ഒരിക്കലും പൂനാ സന്ദർശിക്കുകയോ നിയമത്തിന്റെയും സമാധാനത്തിന്റെയും മാർഗം വിട്ടു യാതൊന്നും പ്രവർത്തിക്കുകയോ ചെയ്തിട്ടില്ലാത്ത ഫാ. സ്റ്റാൻ സ്വാമി ഉൾപ്പെടെയുള്ള, എഴുത്തുകാരും ചിന്തകരും സാമൂഹ്യ പ്രവർത്തകരുമായ 16 പേരുടെ അറസ്റ്റിൽ കലാശിച്ചത്. ഈ 16 പേരും ദളിത്-ആദിവാസി-ന്യൂനപക്ഷ അവകാശ സംരക്ഷണത്തിനുവേണ്ടി നിലകൊള്ളുന്നവരും മനുഷ്യത്വപരമായ സർക്കാർ നയങ്ങൾക്കും നടപടികൾക്കുംവേണ്ടി വാദിക്കുന്നവരും നിയമപരമായ മാർഗങ്ങളിലൂടെ സർക്കാർ നയങ്ങളെ എതിർക്കുന്നവരുമായിരുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

ഭീമ-കൊറെഗാവോൺ ഗൂഢാലോചനയിൽ പങ്കെടുത്തു, നിരോധിത മാവോയിസ്റ്റു സംഘടനകളുമായി ബന്ധം പുലർത്തി, പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയെ വധിക്കാൻ പദ്ധതിയിട്ടു തുടങ്ങിയ ആരോപണങ്ങൾ അടങ്ങിയ കുറ്റപത്രമാണ് എൻ.ഐ.എ. ഇവർക്കെതിരേ കോടതിയിൽ സമർപ്പിച്ചത്. സർക്കാർ നയങ്ങളെ എതിർക്കുകയും ഭിന്നാഭിപ്രായം പുലർത്തുകയും ചെയ്യുന്നവരെ ജയിലിലടച്ചു നിശ്ശബ്ദരാക്കുക എന്ന ഭരണകൂട താല്പര്യമാണ് എൻ.ഐ.എ. നടപ്പാക്കിക്കൊണ്ടിരിക്കു



www.malankaralibrary.com

ന്നത് എന്ന ശക്തമായ വിമർശനം രാജ്യാന്തരതലത്തിൽത്തന്നെ ഉയർന്നു കൊണ്ടിരിക്കെയാണ്, യു.എ.പി.എ. ചുമത്തി ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിരുന്ന 84 കാരനായ ഫാ. സ്റ്റാൻ സ്വാമി മരണത്തിനു കീഴടങ്ങിയത്.

**കസ്റ്റഡിയിലെ പീഡനപർവ്വം**

പാർക്കിൻസൺസ് രോഗിയായിരുന്ന ഫാ. സ്റ്റാൻ സ്വാമിക്ക് ഒരു സിപ്പർ കപ്പും സ്ട്രോയും കിട്ടുന്നതിനായി അദ്ദേഹത്തിന്റെ അഭിഭാഷകർക്ക് കോടതിയെ സമീപിക്കേണ്ടി വന്നു എന്ന് മാത്രമല്ല, മാസങ്ങൾ നീണ്ട കാത്തിരിപ്പും വേണ്ടിവന്നു എന്നതുതന്നെ ജയിൽ അധികൃതരുടെയും കുറ്റാന്വേഷണ ഏജൻസിയുടെയും തടവുകാരോടുള്ള സമീപനം വെളിപ്പെടുത്തുന്നതാണ്. മാസങ്ങൾ ദീർഘിച്ച ജുഡീഷ്യൽ കസ്റ്റഡിയിൽ ഫാ.സ്റ്റാനിന്റെ രോഗം വഷളാവുകയും ഒപ്പം, കോവിഡ് ബാധിതനാവുകയും ചെയ്തിട്ടും, പരിശോധനകൾ നടത്താനും ചികിത്സ ലഭ്യമാക്കാനുമുള്ള നിയമപരമായ ബാധ്യത നിറവേറ്റാൻപോലും എൻ.ഐ.എ. ഉദ്യോഗസ്ഥരും തലോജ ജയിൽ അധികൃതരും എൻ.ഐ.എ. സ്പെഷ്യൽ കോടതിയും തയ്യാറായില്ല എന്നത് നടുക്കുന്ന പരമാർഥമാണ്. ഒൻപതു മാസം ദീർഘിച്ച ജയിൽവാസത്തിനിടയിൽ നാലുവട്ടം സമർപ്പിച്ച ജാമ്യ അപേക്ഷകൾ തുടർച്ചയായി നിരസിക്കപ്പെട്ടതിനെത്തുടർന്ന്, വൈദ്യ പരിശോധനയ്ക്കും ചികിത്സയ്ക്കുമുള്ള അനുമതിക്കായി മുംബൈ ഹൈക്കോടതിയെ സമീപിച്ച അദ്ദേഹത്തിന്റെ അഭിഭാഷകർക്ക്, 2021 മെയ് 28നാണ് അതിനുള്ള അനുമതി ലഭിച്ചത്. തുടർന്ന്, അദ്ദേഹത്തെ ബാന്ദ്രയിലുള്ള ഹോളി ഫാമിലി ഹോസ്പിറ്റലിലേക്ക് മാറ്റി. അപ്പോൾപോലും, അദ്ദേഹത്തിന്റെ ആരോഗ്യനില തൃപ്തികരമാണെന്ന എൻ.ഐ.എ. അധികൃതരുടെ വാദത്തെത്തുടർന്ന് അദ്ദേഹത്തിന് ജാമ്യം നിഷേധിക്കപ്പെട്ടു. എൻഐ.എ. യുടെ പ്രതികാരബുദ്ധിയോടെയുള്ള നിലപാടുകളും ഇന്ത്യൻ ജുഡീഷ്യൽ സംവിധാനത്തിന്റെ കുറ്റകരമെന്നു വിശേഷിപ്പിക്കാവുന്ന പരാജയവുമാണ് അദ്ദേഹത്തിന്റെ ജീവനെടുത്തത് എന്ന് പറഞ്ഞാൽ, അതിൽ അതിശയോക്തിയില്ല.

**ഉത്തരം തേടുന്ന ചോദ്യങ്ങൾ**

ആശയംകൊണ്ടോ ആയുധം കൊണ്ടോ ഫാ. സ്റ്റാൻ സ്വാമി അക്രമം കാട്ടുകയോ അതിനു പ്രേരണ നൽകുകയോ ചെയ്തതായി കഴിഞ്ഞ ഒൻപതു മാസത്തെ അന്വേഷണത്തിനൊടുവിലും എൻ.ഐ.എ.യ്ക്കു കണ്ടെത്താനോ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനോ കഴിഞ്ഞിട്ടില്ല. പിന്നെ എന്തുകൊണ്ട് എൻ.ഐ.എ. സ്പെഷ്യൽ കോടതി അദ്ദേഹത്തിനു ജാമ്യം അനുവദിച്ചില്ല? മരണവാർത്ത കോടതിയിൽ റിപ്പോർട്ടു ചെയ്യുമ്പോൾ, മുംബൈ ഹൈക്കോടതി അദ്ദേഹത്തിന്റെ ജാമ്യാപേക്ഷ പരിഗണിക്കാനുള്ള തിരക്കിട്ട ഒരുക്കങ്ങളിലായിരുന്നു എന്നും, മരണ വാർത്തയിൽ നടുക്കവും ദുഃഖവും രേഖപ്പെടുത്തിയെന്നും വാർത്ത വന്നു. ഫാ.സ്റ്റാൻ സ്വാമിയുടെ കസ്റ്റഡി മരണത്തിനും അദ്ദേഹത്തിനെതിരേ തെളിവുണ്ടാക്കാൻ നടന്ന കുറ്റകരമായ ഗൂഢാലോചനയ്ക്കും പിന്നിൽ ആരൊക്കെയായിരുന്നു? എൻ.ഐ.എ. കോടതിയിൽ ഹാജരാക്കിയ ഫാ. സ്റ്റാനിന്റെ തൃപ്തികരമായ ആരോഗ്യനില സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് എങ്ങനെ ഉണ്ടായി? ഫാ. സ്റ്റാനിനെ പരിശോധിക്കുന്നതിനായി ജയിൽ അധികൃതർ നിയോഗിച്ച ബോംബെ ജെ. ജെ. ഹോസ്പിറ്റലിന് ഇതിലുള്ള പങ്കെന്താണ്? ഫാ. സ്റ്റാൻ സ്വാമിയുടെ മരണം ആകസ്മികമോ അതോ ആസൂത്രിതമോ എന്ന ചോദ്യം നിയമവാഴ്ചയിൽ വിശ്വസിക്കുന്ന ആരെയും അസ്വസ്ഥരാക്കുന്ന ഒന്നാണ്. ഫാ. സ്റ്റാൻ സ്വാമിയുടെ മരണത്തിൽ നടുക്കവും ദുഃഖവും രേഖപ്പെടുത്തിയ എല്ലാവരുംതന്നെ, ഇന്നത്തെ ഇന്ത്യൻ ജനാധിപത്യസംവിധാനങ്ങളുടെ വിശിഷ്യാ, ജുഡീഷ്യറിയുടെ പരാജയത്തിലേക്കാണ് വിരൽ ചൂണ്ടിയത്! ഭരണകൂടത്തിന്റെ താല്പര്യങ്ങൾ നടപ്പാക്കുന്ന സംവിധാനങ്ങൾ മാത്രമായി അന്വേഷണ ഏജൻസികളും നിയമ സംവിധാനങ്ങളും പരിണമിച്ചാൽ, പൗരാവകാശങ്ങൾ മാത്രമല്ല, ജനാധിപത്യവും നോക്കുകുത്തിയാവും. യു.എ.പി.എ. പോലുള്ള നിയമങ്ങൾ, അത്തരം ഒരു സാഹചര്യത്തിൽ, എത്രമാത്രം ദുരുപയോഗിക്കപ്പെടാം എന്നത് നടുക്കത്തോടെ മാത്രമേ ആലോചിക്കാനാവൂ.

ഫാ. സ്റ്റാൻ സ്വാമിയുടെ മരണം ഒരു ആകസ്മികതയല്ല. അതുകൊണ്ടുതന്നെ, അദ്ദേഹത്തോടൊപ്പം അറസ്റ്റിലായ മറ്റുള്ളവരുടെ സ്ഥിതിയെന്ത് എന്ന ചോദ്യം അതിപ്രധാനമാണ്. രാജ്യത്തെ ഉന്നത നീതിപീഠങ്ങൾ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തിയില്ലെങ്കിൽ, സ്റ്റാൻ സ്വാമിമാർ ഇനിയുമുണ്ടാകാം. നീതിപീഠങ്ങൾ മാത്രമല്ല, മാധ്യമങ്ങളും പൊതുസമൂഹവും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഭരണകൂടങ്ങൾ പൗരന്മാരുടെ മൗലിക അവകാശങ്ങൾ കവർന്നെടുക്കുന്നില്ല എന്ന് ഉറപ്പു വരുത്താൻ, ജനപ്രതിനിധികൾക്കും കടമയുണ്ട്.



www.malankaralibrary.com

### സ്വാതന്ത്ര്യത്തിന്റെ വില നിതാന്ത ജാഗ്രതയാണ്

രാജ്യം എഴുപത്തിനാലാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുമ്പോൾ, സ്വാതന്ത്ര്യത്തിന്റെ വില നിതാന്ത ജാഗ്രതയാണ് എന്ന യാഥാർഥ്യം എല്ലാവരും ഓർക്കണം. മനുഷ്യാവകാശങ്ങൾക്കും പൗരന്റെ മൗലികാവകാശങ്ങൾക്കും വേണ്ടി പോരാടുന്നവർ കുറ്റവാളികളല്ല. ആദിവാസി യുവാക്കളെ ഒന്നടങ്കം മാവോയിസ്റ്റുകളെന്നു മുദ്ര കുത്തുന്നത് നീതിക്കു ചേർന്നതല്ല. അവരുടെ നഷ്ടപ്പെട്ട ഭൂമിക്കും വെള്ളത്തിനും പ്രകൃതിവിഭവങ്ങൾക്കും ഉചിതമായ നഷ്ടപരിഹാരവും അവർക്കു മനുഷ്യത്വപരമായ പുനരധിവാസവും ഉറപ്പാക്കണമെന്ന് നിയമപരമായ മാർഗങ്ങളിലൂടെ ഭരണകൂടത്തോട് ആവശ്യപ്പെടുന്നത് മാവോയിസ്റ്റ് പ്രവർത്തനമല്ല.

### സ്റ്റാൻ സ്വാമി ഒരു പ്രതീകമാണ്

ഫാ. സ്റ്റാൻ സ്വാമിയുടെ മരണം അദ്ദേഹത്തിന്റെ ജീവിതംപോലെതന്നെ തീക്ഷ്ണതയാർന്ന ഒരു നിയോഗമാണ്! സ്റ്റാൻ സ്വാമി നീതി നിഷേധിക്കപ്പെട്ട ഒരുപാടു മനുഷ്യരുടെ ശബ്ദവും പ്രതീകവുമാണ്! ജീവിതത്തിൽ അദ്ദേഹം ചെയ്തിരുന്നതുപോലെ, ഇന്ത്യൻ സാമൂഹ്യ യാഥാർഥ്യങ്ങളെ വിശകലന വിധേയമാക്കുന്നതിനുള്ള ഉത്തരവാദിത്വത്തിലേക്ക് എല്ലാ പൗരന്മാരെയും ഉണർത്തുന്നതാണ് അദ്ദേഹത്തിന്റെ മരണം! അൽബേർ കമ്യൂ പറഞ്ഞു: അനീതിക്കു മുൻപിൽ, തിന്മയുടെ ശക്തിക്കു മുൻപിൽ, പരിധിയില്ലാത്ത സഹനത്തിനു മുൻപിൽ, മനസ്സിന്റെ ശക്തികൊണ്ടു പൊരുതി നില്ക്കുക എന്ന്. അതാണ് സ്റ്റാൻ സ്വാമി ചെയ്തത്. അതാണ് ഗാന്ധിജി ചെയ്തത്. അതാണ് മാർട്ടിൻ ലൂതർ കിങ് ജൂനിയർ ചെയ്തത്. ക്രിസ്തുവും അതാണ് ചെയ്തത് എന്നു വ്യാഖ്യാനിക്കാവുന്നതാണ്: ആത്മാവിന്റെ ശക്തികൊണ്ടു തിന്മയെ നേരിടുക! നീതി ഉറപ്പാകുംവരെ തളരാതെ, പൊരുതിനില്ക്കുക!

# ക്രിസ്തുവും അങ്ങനെതന്നെ ആയിരുന്നു



**റവ. രാജു തോമസ്**
(എബനേസർ മാർത്തോമാപള്ളി, കാവുംഭാഗം)

സ്റ്റാൻ സ്വാമി അങ്ങ് ശബ്ദമില്ലാത്തവരുടെ ശബ്ദമായി നിന്നു,
ക്രിസ്തുവും അങ്ങനെ തന്നെ ആയിരുന്നു.
സ്റ്റാൻ സ്വാമി അങ്ങ് ആട്ടിയോടിക്കപ്പെട്ടവരുടെ അത്താണിയായി നിന്നു,
ക്രിസ്തുവും അങ്ങനെ തന്നെ ആയിരുന്നു.
സ്റ്റാൻ സ്വാമി അങ്ങ് ആട്ടിയോടിക്കപ്പെട്ടവരുടെ കൂടെ നിന്നു,
ക്രിസ്തുവും അങ്ങനെ തന്നെ ആയിരുന്നു.
സ്റ്റാൻ സ്വാമി അങ്ങ് അധികാരി വർഗ്ഗത്തോട് സന്ധിയില്ലാ സമരം ചെയ്തു,
ക്രിസ്തുവും അങ്ങനെ തന്നെ ആയിരുന്നു.
സ്റ്റാൻ സ്വാമി അങ്ങ് സംഘടിത മത തീവ്രവാദത്തെ എതിർത്തു,
ക്രിസ്തുവും അങ്ങനെ തന്നെ ആയിരുന്നു.
സ്റ്റാൻ സ്വാമി അങ്ങ് നീതി നിഷേധിക്കപ്പെട്ടവൻ ആയിരുന്നു,
ക്രിസ്തുവും അങ്ങനെ തന്നെ ആയിരുന്നു.
സ്റ്റാൻ സ്വാമി അങ്ങ് ഭരണകൂടത്തിന്റെ കണ്ണിലെ കരടായിരുന്നു,
ക്രിസ്തുവും അങ്ങനെ തന്നെ ആയിരുന്നു.
സ്റ്റാൻ സ്വാമി ഒടുവിൽ അങ്ങ് നീതിക്ക് വേണ്ടി മരിച്ചു,
ക്രിസ്തുവും അങ്ങനെ തന്നെ.
സ്റ്റാൻ സ്വാമി അങ്ങയുടെ മരണം വിഫലമാകില്ല,
ക്രിസ്തുവിന്റെ മരണവും വിഫലമായില്ല.
സ്റ്റാൻ സ്വാമി അങ്ങ് ഇനിയും ഈ മണ്ണിൽ ജീവിക്കും,
അണയാത്ത ജ്വാലയായി.
മറ്റൊരു ക്രിസ്തു ക്രൂശിക്കപ്പെട്ടു. ഇനിയും കുരിശുകൾ ഉയരും.
ഉയർത്തുക നാം നമ്മുടെ ശബ്ദം.





www.malankaralibrary.com

# അന്ത്യോക്യൻ ആരാധനക്രമവും മലങ്കര സഭയും



**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**
(സെക്രട്ടറി, മലങ്കര സുറിയാനി
കത്തോലിക്കാസഭയുടെ ലിറ്റർജി കമ്മീഷൻ)

**ആ**രാധനക്രമത്തിന് ഇംഗ്ലീഷിൽ liturgy എന്ന വാക്കാണ് ഉപയോഗിക്കുന്നത്. Liturgy എന്ന വാക്ക്, ഗ്രീക്കുഭാഷയിലെ രണ്ട് വാക്കുകളുടെ സംയോജനമാണ് - Leos (people) or leitos (public) എന്നതോടൊപ്പം ergon (work/service) എന്ന ഗ്രീക്കുപദവും കൂടി ചേരുന്നതാണ് leitourgia (public worship). ബനഡിക്ടൈൻ സന്യാസിയും ആരാധനക്രമ പണ്ഡിതനുമായ Ambrosius Verheul ആരാധനയെക്കുറിച്ച് പറയുന്ന മനോഹരമായ നിർവചനം ഇങ്ങനെയാണ്: Liturgy is the personal meeting, under the veil of Holy signs of God with His Church and with each of her members, in and through Christ, and in the unity of the Holy Spirit. പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ യേശുവിലൂടെ, സഭയും സഭാംഗങ്ങളും, വിശുദ്ധ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ദൈവത്തെ വ്യക്തിപരമായി കണ്ടുമുട്ടുന്നതാണ് ആരാധന. ഈ നിർവചന പ്രകാരം ആരാധന ആറ് പ്രധാന മാനങ്ങളെ (സവിശേഷതകൾ) സൂചിപ്പിക്കുന്നു.

1. ആരാധന ദൈവത്തെ കണ്ടുമുട്ടലാണ് (Theocentric dimension)
2. ഈ കണ്ടുമുട്ടൽ യേശുക്രിസ്തുവിലൂടെയാണ് (Christocentric dimension)
3. ഈ കണ്ടുമുട്ടൽ പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിലൂടെയാണ് (Pneumato-centric dimension)
4. ഈ കണ്ടുമുട്ടൽ സംഭവിക്കുന്നത് സഭയിലാണ് (Ecclesial dimension)
5. ഈ കണ്ടുമുട്ടൽ വ്യക്തിപരമായി നടക്കേണ്ടതാണ് (Personal dimension)
6. ഈ കണ്ടുമുട്ടൽ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയുമാണ് (Symbolic dimension)

ചുരുക്കത്തിൽ, ആരാധന, പിതാവും പുത്രനും പ. ആത്മാവും, സഭയും, അടയാളങ്ങളും, ഞാനെന്ന വ്യക്തിയും ഒന്നിച്ചുചേരുന്ന സുന്ദരമായ മുഹൂർത്തമാണ്. ഈ ഒരു അനുഭവമാണ് യഥാർത്ഥ ആരാധന. ആരാധന അനുഭവവേദ്യമാകുവാൻ മൂന്ന് പ്രധാന കാര്യങ്ങളാണ്, ആരാധനക്രമത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കോൺസ്റ്റിറ്റ്യൂഷനായ Sacrosanctum concilium (no. 14) ൽ പറയുന്നത്: ആരാധനയിൽ മുഴുവനായും സജീവമായും ബോധപൂർവ്വവും പങ്കുചേരുക (full, active and conscious participation in the liturgy). മുഴുവനായും എന്നത് തുടക്കം മുതൽ അവസാനംവരെ മുഴുവൻ സമയവും പങ്കെടുക്കുക എന്ന അർത്ഥത്തിൽ മാത്രമല്ല, മറിച്ച്, ആരാധനയിൽ ശരീരംകൊണ്ട് പങ്കെടുക്കുന്നതുപോലെ മനസ്സും ഹൃദയവും ശ്രദ്ധയും ഒക്കെ അവിടെയുണ്ടാകണമെന്നർത്ഥം. സജീവമായി പങ്കുചേരണമെന്ന് പറഞ്ഞാൽ, യാന്ത്രികമായും നിർജീവമായും (passive) ആയി പങ്കുചേരുന്നതല്ല യഥാർത്ഥ ആരാധന എന്നർത്ഥം. ബോധപൂർവ്വം എന്നാൽ പ്രാർത്ഥനകളുടെയും ഗീതങ്ങളുടെയും അർത്ഥം വ്യക്തമായി മനസ്സിലാക്കി, അത് ഉൾക്കൊണ്ട് പങ്കുചേരുക എന്നതാണ്. അങ്ങനെ മുഴുവനായും സജീവമായും ബോധപൂർവ്വവും പങ്കെടുക്കുമ്പോഴാണ് ആരാധന നമുക്ക് അനുഭവവേദ്യമാകുന്നത് എന്നാണ് സഭ പഠിപ്പിക്കുക. ആരാധന നമ്മുടെ വിശ്വാസത്തെ പ്രകടിപ്പിക്കുന്നതാണ്. വിശ്വാസത്തിന്റെ മൂന്ന് തലങ്ങൾ ഇവയാണ്:

1. വിശ്വാസം അറിയുക, പങ്കുവയ്ക്കുക (phase of transmitting the faith = catechism. വിശ്വാസ പരിശീലന ക്ലാസുകളിലൂടെ വിശ്വാസം പഠിക്കുകയും പരിശീലിക്കുകയും ചെയ്യുന്നു).
2. വിശ്വാസം ആഘോഷിക്കുക (phase of celebrating the faith = Liturgy. നാം പഠിച്ചതും പരിശീലനം നേടിയതുമായ വിശ്വാസം ആഘോഷിക്കുന്നത് ആരാധനയിലൂടെയാണ്).
3. വിശ്വാസം ജീവിക്കുക (phase of living the faith = spirituality. അറിഞ്ഞതും പരിശീലിച്ചതും



www.malankaralibrary.com

ആഘോഷിച്ചതുമായ വിശ്വാസം ജീവിക്കുക - ആദ്ധ്യാത്മികതയിൽ വളരുക. ചുരുക്കത്തിൽ ആരാധനയും നമ്മുടെ ആത്മീയ ജീവിതവും തമ്മിൽ ഏറെ ബന്ധപ്പെട്ടിരിക്കുന്നു എന്നർത്ഥം. ജീവിതത്തെ സ്പർശിക്കുന്നതാണ്, രൂപപ്പെടുത്തേണ്ടതാണ് ആരാധന. അത് ഒരുവന്റെ ജീവിതത്തെ സ്പർശിക്കുന്നില്ലെങ്കിൽ യഥാർത്ഥ ആരാധനയല്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിശ്വസിക്കുന്നത് പ്രാർത്ഥിക്കുക, പ്രാർത്ഥിക്കുന്നത് വിശ്വസിക്കുക, വിശ്വസിക്കുന്നതും പ്രാർത്ഥിക്കുന്നതും ജീവിക്കുക - ഇതിനെയാണ് സഭാപിതാക്കന്മാർ lex orandi, lex credendi, lex vivendi എന്ന് വിളിക്കുക. ഒരു വിശ്വാസിയുടെ ആദ്ധ്യാത്മികത, ഏറ്റം പ്രധാനമായി, ആരാധനയിലൂടെ ഉത്കൃഷ്ടമാകുന്നതും, ലഭ്യമാകുന്നതുമായ ആധ്യാത്മികതയാണ് (liturgical spirituality). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആരാധനാജീവിതം ആത്മീയജീവിതത്തിലേക്കുള്ള വളർച്ചയുടെ മാർഗ്ഗം കൂടിയാണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (Catechism of the Catholic Church) 1069 മുതൽ 1072 വരെയുള്ള ഖണ്ഡികകളിൽ, എന്താണ് ആരാധന (liturgy) എന്ന് വ്യക്തമായി പ്രതിപാദിക്കുന്നു. സഭയുടെ കേന്ദ്രസ്ഥാനമാണ് ആരാധനക്രമത്തിന്റേത്. അതിനാലാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുക, ''സഭയുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നത് ആരാധനയിൽനിന്നാണെന്ന്'' (ആരാധനക്രമം, നമ്പർ 10).

ആരാധനയുടെ പരമപ്രധാനമായ 2 ലക്ഷ്യങ്ങൾ, ദൈവത്തിന്റെ മഹത്വീകരണവും (glorification of God) മനുഷ്യന്റെ വിശുദ്ധീകരണവുമാണ് (sanctification of man). രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയായ Sacrosanctum Concilium എന്താണ് ആരാധനയെന്നും, എങ്ങനെയാണ് ആരാധന പരികർമ്മം ചെയ്യേണ്ടതെന്നും, എങ്ങനെ ആരാധനയിൽ സംബന്ധിക്കുമ്പോഴാണ് അത് നമുക്ക് അനുഭവവേദ്യമാകുന്നതെന്നും പഠിപ്പിക്കുന്നു. ദൈവാരാധന രക്ഷാകര ചരിത്രത്തിന്റെയും (salvation history) പെസഹാ രഹസ്യങ്ങളുടെയും (paschal mysteries) ആഘോഷമാണെന്നും (SC 5), ആരാധനക്രമത്തിന്റെ സ്വഭാവവും സഭാജീവിതത്തിൽ അതിനുള്ള പ്രാധാന്യവും പ്രമാണരേഖ ഓർമ്മിപ്പിക്കുന്നു. ആരാധനയെക്കുറിച്ച് സമഗ്രമായി പഠിക്കുവാനാഗ്രഹിക്കുന്ന ഏതൊരു വ്യക്തിയും, ഈ പ്രമാണരേഖയുടെ 7 അദ്ധ്യായങ്ങളും വായിച്ച് പഠിക്കേണ്ടതാണ്:

അദ്ധ്യായം ഒന്ന് : ആരാധനയെക്കുറിച്ചുള്ള പൊതു തത്വങ്ങൾ (General norms & instructions)
അദ്ധ്യായം രണ്ട് : വി. കുർബാന എന്ന രഹസ്യം (Sacred mystery of the Holy Eucharist)
അദ്ധ്യായം മൂന്ന് : മറ്റ് കൂദാശകളും കൂദാശാനുകരണങ്ങളും (All other sacraments & sacramentals)
അദ്ധ്യായം നാല് : യാമപ്രാർത്ഥനകൾ (Divine Office)
അദ്ധ്യായം അഞ്ച് : ആരാധനക്രമ വത്സരം (Liturgical year)
അദ്ധ്യായം ആറ് : ആരാധനക്രമ സംഗീതം (Sacred music)
അദ്ധ്യായം ഏഴ് : വിശുദ്ധ കലകളും ദിവ്യാലങ്കാരങ്ങളും (Sacred Art & Furnishings)

**പൗരസ്ത്യ കത്തോലിക്കാസഭയും ആരാധനാ പാരമ്പര്യങ്ങളും**

പൗരസ്ത്യ കത്തോലിക്കാസഭയിൽ (Oriental Catholic Church) 23 വ്യക്തിഗത റീത്തുകൾ (individual churches) ഉണ്ട്. ഓരോ വ്യക്തിഗത റീത്തും മറ്റു റീത്തുകളിൽനിന്ന് നാലു തരത്തിൽ വ്യത്യസ്തതയുള്ളതാണ് - ആരാധനക്രമം (liturgy), ദൈവശാസ്ത്രം (theology), ആദ്ധ്യാത്മികത (spirituality), കാനോനികത്വം (ecclesiastical discipline). പൗരസ്ത്യ കത്തോലിക്കാസഭയിൽ അഞ്ച് ആരാധനാകുടുംബങ്ങൾ/പാരമ്പര്യങ്ങളാണുള്ളത് (liturgical families/traditions). മേല്പറഞ്ഞ വ്യക്തിഗത റീത്തുകൾ അഞ്ച് ആരാധനാകുടുംബങ്ങളിൽ ഉൾക്കൊള്ളുന്നു (പൗരസ്ത്യ കത്തോലിക്കാസഭയിലെ വ്യക്തിഗത സഭകളെ മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്).

**1 - അലക്സാണ്ഡ്രിയൻ ആരാധനാ പാരമ്പര്യം (Alexandrian liturgical tradition)**

1 - കോപ്റ്റിക് കാത്തലിക് ചർച്ച്
2 - എത്യോപ്യൻ കാത്തലിക് ചർച്ച്
3 - എറിത്രേറിയൻ കാത്തലിക് ചർച്ച്

**2 - അന്ത്യോക്യൻ ആരാധനാ പാരമ്പര്യം (Antiochian/West Syrian liturgical tradition)**

1 - മാറോനൈറ്റ് കാത്തലിക് ചർച്ച്
2 - സിറിയൻ കാത്തലിക് ചർച്ച്
3 - സീറോ മലങ്കര കാത്തലിക് ചർച്ച്

(അന്ത്യോക്യൻ പാരമ്പര്യം ഉൾക്കൊള്ളുന്ന, കത്തോലിക്കാസഭയിലെ വ്യക്തിഗതസഭകളെ മാത്രമേ ഇവിടെ സൂചിപ്പിച്ചിട്ടുള്ളൂ. ഈ പാരമ്പര്യം ഉൾക്കൊള്ളുന്ന വിവിധ അകത്തോലിക്കാ സഭകൾ കേരളത്തിൽ ഉണ്ടെന്നറിയാമല്ലോ).



www.malankaralibrary.com

**3 – അർമേനിയൻ ആരാധനാ പാരമ്പര്യം (Armenian liturgical tradition)**

1 – അർമേനിയൻ കാത്തലിക് ചർച്ച്.

**4 – കാൽഡിയൻ ആരാധനാ പാരമ്പര്യം (Chaldean/East Syrian liturgical tradition)**

1 – കാൽഡിയൻ കാത്തലിക് ചർച്ച്

2 – സീറോ മലബാർ കാത്തലിക് ചർച്ച്

**5 – ബൈസന്റയിൻ ആരാധനാ പാരമ്പര്യം (Byzantine/Constantinopolitan liturgical tradition)**

മെൽക്കൈറ്റ് കാത്തലിക് ചർച്ച്, റുമേനിയൻ കാത്തലിക് ചർച്ച്, റുതേനിയൻ കാത്തലിക് ചർച്ച്, ഉക്രേനിയൻ കാത്തലിക് ചർച്ച് ഉൾപ്പെടെ വലുതും ചെറുതുമായ 14 വ്യക്തിഗത സഭകൾ ഉൾക്കൊള്ളുന്നതാണ് ബൈസന്റയിൻ ആരാധനാപാരമ്പര്യം (വിസ്താരഭയത്താൽ മറ്റു സഭകളുടെ പേരുകൾ ചേർക്കുന്നില്ല. വിശദാംശങ്ങൾക്ക് മലങ്കര കത്തോലിക്കാ വേദപാഠം 8-ാം ക്ലാസ് പുസ്തകം 54, 55 പേജുകൾ ശ്രദ്ധിക്കുക)

പൗരസ്ത്യസഭയിൽ തുല്യ പദവികളോടുകൂടിയ അഞ്ച് പ്രധാന ആരാധനാപാരമ്പര്യങ്ങളാണുള്ളത് എന്ന് മുകളിൽ കണ്ടുവല്ലോ. അലക്സാന്ത്രിയൻ, അന്ത്യോക്യൻ, അർമേനിയൻ, ബൈസന്റയിൻ, കാൽഡിയൻ എന്നീ അഞ്ച് ആരാധനാ പാരമ്പര്യങ്ങളിൽ അന്ത്യോക്യൻ ആരാധനക്രമം ഏറ്റം ഹൃദ്യവും, മനോഹരവും, ആകർഷണീയവും, ഏറെ സവിശേഷതകളുള്ളതുമാണ്. അന്ത്യോക്യൻ ആരാധനക്രമത്തിന്റെ മനോഹാരിതയും സവിശേഷതകളും വിശദീകരിക്കുന്നതിനു മുമ്പ് 'റീത്ത്' എന്ന പദത്തിന്റെ ഉത്ഭവത്തെപ്പറ്റി ചിന്തിക്കാം. 'Ritus' എന്ന ലത്തീൻ പദത്തിൽനിന്നാണ് റീത്ത് എന്ന വാക്കിന്റെ ഉത്ഭവം. പൊതുവേ, റീത്ത് എന്നു പറഞ്ഞാൽ ദിവ്യകർമ്മങ്ങളനുഷ്ഠിക്കുന്നതിനുള്ള അംഗീകൃതരീതികളും ആചാരവിധികളും ഉൾക്കൊള്ളുന്ന ആരാധനക്രമം എന്നർത്ഥം. രണ്ടാം വത്തിക്കാൻ കൗൺസിൽ റീത്തിനെ 'വ്യക്തിത്വമാർന്ന ഒരു പ്രാദേശികസഭ' (Individual Church) എന്നു വിളിക്കുന്നു. പൗരസ്ത്യസഭകൾക്കായുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയിൽ റീത്തിനെപ്പറ്റി ഇപ്രകാരം പറയുന്നു. ''ആരാധനക്രമം, കാനോനികത്വം, പുരാതന പാരമ്പര്യങ്ങളിലധിഷ്ഠിതമായ പ്രത്യേക നിയമങ്ങൾ, ആചാരങ്ങൾ, സ്വയം ഭരണക്രമം എന്നിവയിൽനിന്നും ഓരോ റീത്തും വ്യതിരിക്തം...പരിശുദ്ധ സിംഹാസനത്തിൽനിന്ന് അംഗീകാരം ലഭിച്ചതായ വിശ്വാസികളുടെ സമൂഹമാണ് ഓരോ റീത്തും'' (Orientalium Ecclesiarum, നമ്പർ 3).

നാലാം നൂറ്റാണ്ടുവരെ ഒരു റീത്ത് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ശ്ലൈഹിക ആരാധനക്രമമാണ് അന്ന് എവിടെയും നിലനിന്നിരുന്നത്. ഇന്ന് കാണുന്ന വ്യത്യസ്ത റീത്തുകൾ ശ്ലൈഹിക ആരാധനക്രമമെന്ന റീത്തിൽനിന്ന് പൊട്ടിമുളച്ചതാണ്. ഏകത്വത്തിൽനിന്ന് വിവിധത്വമുണ്ടായി. അഞ്ചാം നൂറ്റാണ്ടുവരെയുള്ള സഭാപിതാക്കന്മാർ ഇത് സാക്ഷ്യപ്പെടുത്തുന്നു. പിൽക്കാലത്ത് റോമാസാമ്രാജ്യത്തെ രണ്ടായി വിഭജിച്ച്, Illiricum, Oriens എന്നീ പ്രവിശ്യകൾ പൗരസ്ത്യ സാമ്രാജ്യത്തിലും, Gallicum, Italia എന്നീ പ്രവിശ്യകൾ പാശ്ചാത്യ സാമ്രാജ്യത്തിലും ഉൾപ്പെടുത്തി. പാശ്ചാത്യ ഭാഗത്ത് റോമും, പൗരസ്ത്യഭാഗത്ത് കോൺസ്റ്റാന്റിനോപ്പിളും കേന്ദ്രങ്ങളായി ആരാധനക്രമം വളർന്നു. അങ്ങനെ പാശ്ചാത്യവും പൗരസ്ത്യവും എന്ന സംജ്ഞകൾ നിലവിൽ വന്നു. ഇവയോടൊപ്പം വിവിധ സ്ഥലങ്ങൾ ആരാധനാകേന്ദ്രങ്ങളാകുകയും, വിവിധ റീത്തുകൾ നിലവിൽ വരുകയും ചെയ്തു. അന്ത്യോക്യാ, അലക്സാന്ത്രിയ, സെലൂച്ചിയ-ചെസിഫോൺ, അർമേനിയ എന്നിവിടങ്ങളെല്ലാം ക്രമേണ ആരാധനാകേന്ദ്രങ്ങളായി മാറി.

**അന്ത്യോക്യൻ ആരാധനക്രമത്തിന്റെ ഉത്ഭവം**

ജറുസലേംസഭയുടെ പ്രഥമാദ്ധ്യക്ഷനും നമ്മുടെ കർത്താവിന്റെ സഹോദരനും ശ്ലീഹായുമായ മാർ യാക്കോബ് ആദ്യ നൂറ്റാണ്ടിൽത്തന്നെ വി. കുർബാനക്രമം ക്രോഡീകരിച്ചിരുന്നു. ഈ കുർബാന തക്സായാണ് അന്ത്യോക്യൻ ആരാധനക്രമത്തിന്റെ അടിസ്ഥാനം. അപ്രകാരം വി.യാക്കോബ്ശ്ലീഹായാണ് അന്ത്യോക്യൻ ആരാധനക്രമത്തിന് അടിസ്ഥാനമിട്ടത്. ജറുസലേമിൽ രൂപംകൊണ്ട മാർ യാക്കോബിന്റെ തക്സാ പില്ക്കാലത്ത് അന്ത്യോക്യൻസഭ സ്വീകരിക്കുകയും, തങ്ങളുടെ ആരാധനക്രമമായി വളർത്തുകയും ചെയ്തു. അന്ത്യോക്യൻ ആരാധനക്രമത്തിന് അടിസ്ഥാനമിട്ട യാക്കോബ്ശ്ലീഹായെപ്പറ്റി മാർ ദിവന്നാസ്യോസ് ബർസ്ലീബി ഇപ്രകാരം പറയുന്നു; ''പെന്തിക്കോസ്തിദിവസം ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെ പ്രാപിച്ചു. തിങ്കളാഴ്ച അവർ മൂറോൻ കൂദാശ ചെയ്തു. ചൊവ്വാഴ്ച ബലിപീഠം കൂദാശ ചെയ്യുകയും നമ്മുടെ കർത്താവിൽനിന്ന് ഗ്രഹിച്ച പ്രകാരം അവർ സംഘംകൂടി വി. കുർബാനയുടെ അനുഷ്ഠാനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. ബുധനാഴ്ച നമ്മുടെ കർത്താവിന്റെ സഹോദരനും ജറുസലേമിന്റെ എപ്പിസ്കോപ്പായുമായ മാർ യാക്കോബ്ശ്ലീഹാ ഈ ക്രമം അടിസ്ഥാനമാക്കി പ്രഥമ കുർബാനയർപ്പിച്ചു......''



www.malankaralibrary.com

(പണിക്കർ ഗീവർഗീസ്, മലങ്കര കുർബാന തീർത്ഥാടക സഭയിൽ, പേജ് 27; ജി. ചേടിയത്ത് - ജി.അപ്പശ്ശേരി, ദിവന്നാസിയോസ് ബർസ്ലീബി. ആരാധനക്രമത്തിന്റെ വ്യാഖ്യാനം, കോട്ടയം, 1990, p.15). അർത്ഥസംപുഷ്ടവും, ദൈവശാസ്ത്രസമ്പന്നവുമായ പ്രാർത്ഥനകളും, മനോഹരമായ ഗീതങ്ങളുംകൊണ്ട് ആകർഷണീയമാണ് അന്ത്യോക്യൻ ആരാധനക്രമം. നിസിബിസിലെ മാർ അപ്രേം, അഫ്രാത്തസ്, ബാലായി, അന്ത്യോക്യായിലെ സേവേറിയോസ്, എഡേസായിലെ യാക്കോബ്, ശെമവൂൻ കൂക്കോയോ, സാറൂഗിലെ യാക്കോബ്, വി. ജോൺ ക്രിസോസ്റ്റം എന്നിവർ ഉൾപ്പെടെ നിരവധി സഭാപിതാക്കന്മാരുടെ അമൂല്യ സംഭാവനകൾ ഈ ആരാധനക്രമത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നു. കൂടാതെ ഒമ്പതാം നൂറ്റാണ്ടിലെ മോശ ബർകേഫാ, പന്ത്രണ്ടാം നൂറ്റാണ്ടിലെ മാർ ഗ്രിഗോറിയോസ് ബാർ എബ്രായാ എന്നിവരുടെയും അമൂല്യമായ സംഭാവനകൾ അന്ത്യോക്യൻ ആരാധനക്രമത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുകയും ആരാധനക്രമത്തെ സമ്പന്നമാക്കുകയും ചെയ്തു. സന്യാസാശ്രമങ്ങളിൽ രൂപംകൊണ്ടതും വളർച്ച പ്രാപിച്ചതുമായ ഈ ആരാധനക്രമം ആഴമേറിയ ആദ്ധ്യാത്മികതയാലും, കർക്കശമായ തപശ്ചര്യകളാലും ശ്രദ്ധേയമാണ്.

**അന്ത്യോക്യൻ ആരാധനക്രമം മലങ്കരസഭയിൽ**

എ.ഡി. 52-ൽ മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നതുമുതൽ 16-ാം നൂറ്റാണ്ടുവരെ കേരളത്തിലെ സുറിയാനി ക്രൈസ്തവർ ഒന്നായിരുന്നു. അവർ ഒരേ ആരാധനക്രമം പാലിച്ചവരുമായിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന ആരാധനക്രമം കൽദായ ആരാധനക്രമം ആയിരുന്നു. എന്നാൽ 16-ാം നൂറ്റാണ്ടിലുണ്ടായ പോർച്ചുഗീസുകാരുടെ അധികാര ദുർവിനിയോഗത്തിലൂടെ സുറിയാനി ക്രിസ്ത്യാനികളുടെ ആരാധനാകാര്യങ്ങളിലുള്ള അമിതമായ കൈകടത്തൽ, സുറിയാനിസഭയുടെ പാരമ്പര്യങ്ങളെ തച്ചുടച്ച് ലത്തീൻവല്ക്കരിക്കാനുള്ള ശ്രമങ്ങൾ എന്നിവ കേരള സുറിയാനിസഭയെ രണ്ടായി പിളർത്തി. അതിന്റെ ഫലമാണ് മട്ടാഞ്ചേരിയിൽ 1653-ൽ നടന്ന കൂനൻകുരിശ് സത്യം. ഇതോടെ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ രണ്ട് വിഭാഗങ്ങളായി മാറി - പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും. കുരിശിൽ ആലാത്തു കെട്ടി സത്യം ചെയ്തു മാറിയ പുത്തൻകൂറ്റുകാർ, തങ്ങളുടെ മഹത്തായ സുറിയാനി പാരമ്പര്യം കാത്തു സൂക്ഷിക്കുന്നതിന് ഏതദ്ദേശീയ മേലദ്ധ്യക്ഷന്മാർ വേണമെന്നാഗ്രഹിച്ച്, ആർച്ചുഡീക്കനെ ഒന്നാം മാർത്തോമ്മാ എന്ന പേരിൽ നേതാവാക്കി. ഇത് അംഗീകരിച്ചു കിട്ടാൻ റോമിനെ സമീപിച്ചെങ്കിലും അക്കാലത്തുണ്ടായിരുന്ന പാശ്ചാത്യ മിഷണറിമാർ എതിർത്തു. അങ്ങനെ, മറ്റു മാർഗ്ഗങ്ങളില്ലാത്തതിനാൽ പുത്തൻകൂറ്റുകാർ അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസുമായി ബന്ധം പുലർത്തുകയും, പാത്രിയർക്കീസ്, അന്ത്യോക്യൻ മെത്രാന്മാരെ മലങ്കരയിലേക്ക് അയയ്ക്കുകയും ചെയ്തു. 1665-ൽ മാർ ഗ്രിഗോറിയോസ് എന്ന മെത്രാൻ അന്ത്യോക്യൻ ആരാധനക്രമം ഇവിടെ കൊണ്ടുവന്നെങ്കിലും അവ ക്രമേണ മാത്രമേ നിലവിൽ വന്നുള്ളൂ. എന്നിരുന്നാലും സുറിയാനി ക്രൈസ്തവരുടെ നഷ്ടപ്പെട്ട പല മഹനീയ പാരമ്പര്യങ്ങളും വീണ്ടെടുക്കുവാൻ അന്ത്യോക്യൻ മെത്രാന്മാരുടെ വരവോടെ സാധിച്ചു. 1751-ൽ ഇവിടെയെത്തിയ മാർ ബസേലിയോസ്, മാർ ജോൺ എന്നിവർ അന്ത്യോക്യൻ ആരാധനക്രമം പൂർണ്ണമായി മലങ്കരയിലവതരിപ്പിച്ചു. പുത്തൻകൂറ്റുകാർ അതിനെ ഹാർദ്ദവമായി സ്വീകരിച്ചു. 43 വർഷം പുത്തൻകൂർ വിഭാഗത്തിന് നേതൃത്വം നല്കിയ മാർ ദിവന്നാസ്യോസ് മൂന്നാമൻ ഈ ആരാധനക്രമം ശക്തമായി ഇവിടെ പ്രചരിപ്പിച്ചെങ്കിലും, 1836-ൽ മാവേലിക്കരയിൽ നടന്ന സുന്നഹദോസാണ് അന്ത്യോക്യൻ ആരാധനക്രമം പൂർണ്ണമായും ഔദ്യോഗികമായും ഇവിടെ അംഗീകരിച്ചത്. 1876-ൽ മുളന്തുരുത്തിയിൽ നടന്ന സുന്നഹദോസോടെ പുത്തൻകൂർവിഭാഗം അന്ത്യോക്യൻ ആരാധനക്രമം പൂർണ്ണമായും മലങ്കരയിൽ സ്വീകരിച്ചു. കേരളത്തിലെ യാക്കോബായ, ഓർത്തഡോക്സ്, മലങ്കര കത്തോലിക്കാ, മാർത്തോമ്മാ, തൊഴിയൂർ സഭകൾ ഇപ്പോഴും ഈ ആരാധനക്രമം തുടരുന്നു. പുത്തൻകൂർവിഭാഗത്തിലെ ഒരു വിഭാഗം ആളുകൾ 1930-ൽ മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടപ്പോൾ ഈ ആരാധനക്രമംതന്നെ തുടരുവാൻ റോമിൽനിന്ന് അനുവദിച്ചു. അങ്ങനെ ആ വിഭാഗം മലങ്കര സുറിയാനി കത്തോലിക്കർ എന്ന് അറിയപ്പെട്ടു.

**അന്ത്യോക്യൻ-മലങ്കര ആരാധനക്രമത്തിന്റെ സവിശേഷതകൾ**

ക്രൈസ്തവലോകത്തെ ഏറ്റം മനോഹരവും ആകർഷകവും ഹൃദ്യവുമായ ആരാധനക്രമമാണ് അന്ത്യോക്യൻ ആരാധനക്രമം. ഒട്ടേറെ സവിശേഷതകളടങ്ങിയതാണ് ഈ ആരാധനക്രമം.

**1. വേദപുസ്തകാധിഷ്ഠിതത്വം (Biblical basis)**

ആരാധനക്രമത്തിലെ പ്രാർത്ഥനകളും ഗീതങ്ങളുമെല്ലാം വേദപുസ്തകവചനങ്ങളെ



www.malankaralibrary.com

അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാണ്. മലങ്കര ആരാധനക്രമത്തിലെ എല്ലാ കൂദാശകളുടെയും ശുശ്രൂഷകളുടെയും, പ്രാർത്ഥനകളും ഗീതങ്ങളും, ബൈബിൾ ഉദ്ധരണികളോ, ബൈബിൾ സന്ദേശമോ, ബൈബിൾ പരാമർശങ്ങളോകൊണ്ട് ചിട്ടപ്പെടുത്തിയിട്ടുള്ളതാണ്. വേദപുസ്തകവായനകളും, അതോടനുബന്ധിച്ചുള്ള പ്രാർത്ഥനകളുമൊക്കെ യഹൂദ സിനഗോഗുകളിലെ ശുശ്രൂഷകളെ അനുകരിച്ചുള്ളതാണ്. വി. കുർബാന, കൂദാശകൾ, യാമപ്രാർത്ഥനകൾ ഇവയ്ക്കെല്ലാം വചന ശുശ്രൂഷയുണ്ട്. പഴയനിയമവും ലേഖനങ്ങളും സുവിശേഷവും അതോടൊപ്പം വായിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ രഹസ്യങ്ങളായ വി. ത്രിത്വം, മനുഷ്യാവതാരം, കുരിശ്, രക്ഷകന്റെ ഉയിർപ്പ്, രണ്ടാംവരവ്, പരിശുദ്ധ മറിയം, വിശുദ്ധന്മാരുടെ സംസർഗ്ഗം, ക്രിസ്തുവിന്റെ മണവാട്ടിയായ സഭ...ഇവയെല്ലാം പ്രാർത്ഥനകളിലും ഗീതങ്ങളിലും അവതരിപ്പിച്ചിരിക്കുന്നത് വേദപുസ്തക പശ്ചാത്തലത്തിലാണ്. പ്രാർത്ഥനകളിലും ഗീതങ്ങളിലുമുള്ള വാക്കുകളും ശൈലികളും വേദപുസ്തകാധിഷ്ഠിതമാണ്. ഉദാഹരണത്തിന്, വി. കുർബാന പരസ്യമായി ആരംഭിക്കുന്നതിനുമുമ്പ് പാടുന്ന ഗീതങ്ങളെടുക്കാം:

''കൈക്കൊള്ളണമഹറോനണച്ചതുപോലെ ധൂപമിതും...'' (സംഖ്യ 16:47)
''കടലതിൽ യൗനാനെന്നപോലെ കനിയുക ദാസന്മാരിലെന്നും'' (യോനാ. 2:3-10)
''മരണത്തെ നീക്കിയ ഫിനഹാസിൻ പ്രാർത്ഥനയുംപോൽ...'' (സംഖ്യ 25:7-11)

ആരാധനക്രമവത്സരത്തിൽ ഏഴു കാലങ്ങളിലായി നാം വായിക്കുന്ന ഞായറാഴ്ച വേദവായനകൾ, സൃഷ്ടി മുതൽ മനുഷ്യാവതാരം വരെയും, മനുഷ്യാവതാരം മുതൽ രണ്ടാം വരവു വരെയുമുള്ള രക്ഷാകരപദ്ധതിയുടെ സമഗ്ര അവതരണമാണ്. വചനിപ്പുകാലത്തെ (സൂബോറോ) വായനകൾ, മനുഷ്യാവതാരത്തിലൂടെ ലോകത്തിലേക്ക് കടന്നുവരുന്ന 'വചന'ത്തെ സ്വീകരിക്കുവാൻ വിശ്വാസസമൂഹത്തെ ഒരുക്കുന്നു. യൽദാ-ദനഹാ കാലത്തെ വായനകൾ, വിശ്വാസികൾ പ്രകാശത്തിലേക്ക് കടന്നുവരുന്നതിനും ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ സ്വീകരിക്കുന്നതിനും ഒരുക്കുന്നു. വലിയനോമ്പുകാലത്തെ വായനകൾ, ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവരെയും ശുദ്ധീകരിക്കുകയും വിശ്വാസത്തിൽ ശക്തിപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. കൃംതാക്കാലത്തെ വായനകൾ, കർത്താവിന്റെ ഉത്ഥാനത്തെ മനസ്സിലാക്കുന്നതിനും അനുഭവിക്കുന്നതിനും നമ്മെ യോഗ്യരാക്കുന്നു. പെന്തിക്കോസ്തിക്കാലത്തെ വായനകൾ, ഉത്ഥാനാനുഭവം സ്വന്തമാക്കിയവരെ പരിശുദ്ധാത്മാവിനാൽ ശക്തിപ്പെടുത്തുന്നതിന് സഹായിക്കുന്നു. തേജസ്ക്കരണകാലത്തെ വായനകൾ കർത്താവിന്റെ മഹത്വം കാണുന്നതിനും അനുഭവിക്കുന്നതിനും നമ്മെ രൂപാന്തരപ്പെടുത്തുന്നതിനും സഹായിക്കുന്നു. സ്ലീബാക്കാലത്തെ വായനകൾ കുരിശിലൂടെ കരഗതമായ രക്ഷയെയും സഹനത്തിന്റെ മൂല്യത്തെയും നമ്മെ ഓർമ്മിപ്പിക്കുന്നു. ആരാധനക്രമവത്സരത്തിലെ ഏഴു കാലങ്ങളിലുമുള്ള ഞായറാഴ്ച വായനകളെ ഇത്തരത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. വചനവായനകൾ മാത്രമല്ല, വായിക്കപ്പെട്ട വചനത്തിന്റെ വ്യാഖ്യാനവും ആരാധനയിൽ ഏറെ പ്രാധാന്യമുള്ളതാണ്. അത് വിശ്വാസസമൂഹത്തിന് ദൈവത്തിന്റെ സ്വരം കേൾക്കുന്നതിനും, അതേപ്പറ്റി ധ്യാനിക്കുന്നതിനും, വചനത്തിന്റെ ശക്തിയാൽ രൂപാന്തരപ്പെടുന്നതിനും ഇടയാക്കുന്നു.

**2. നിഗൂഢാത്മകത്വം/രഹസ്യാത്മകത (Symbolic nature)**

ആരാധനക്രമത്തിലുള്ള പ്രാർത്ഥനകളും ഗീതങ്ങളും ദൈവീകതയുടെ നിഗൂഢ രഹസ്യങ്ങളിലേക്കിറങ്ങിച്ചെല്ലുവാൻ വിശ്വാസിയെ സഹായിക്കുന്നു. പ്രാർത്ഥനകളിലും ഗീതങ്ങളിലും ദൈവികശക്തിയുടെയും വിശുദ്ധിയുടെയും ധാരാളം ഘടകങ്ങൾ കാണാം. ആരാധനയിൽ നാം ഉപയോഗിക്കുന്ന അടയാളങ്ങളും പ്രതീകങ്ങളും, ദൈവാനുഭവത്തിലേക്കും ദൈവികസാന്നിധ്യത്തിലേക്കും കടന്നുവരാൻ നമ്മെ സഹായിക്കുന്നു. ദൃശ്യമായ അടയാളങ്ങളിലൂടെ അദൃശ്യമായ ദൈവികസാന്നിധ്യവും ദൈവാനുഭവവും സ്വന്തമാക്കുവാൻ പ്രതീകങ്ങൾ നമുക്ക് ഇടയാക്കുന്നു.

**3. ആരാധനയിലൂടെ പ്രബോധനം (Liturgical catechesis)**

മലങ്കര ആരാധനക്രമത്തിലെ ഗീതങ്ങളിലും പ്രാർത്ഥനകളിലും സഭയുടെ പ്രബോധനങ്ങളും വിശ്വാസ സത്യങ്ങളും ദൈവശാസ്ത്രചിന്തകളുമാണ് ഉൾക്കൊണ്ടിരിക്കുന്നത്. ഓരോ കാലത്തിനും തിരുനാളിനും കൂദാശയ്ക്കും ഉപയോഗിക്കുന്ന സെദറാ പ്രാർത്ഥനയിലും മറ്റു പ്രാർത്ഥനകളിലും, വിശ്വാസസത്യങ്ങളും ദൈവശാസ്ത്രചിന്തകളും അടങ്ങിയിരിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്ന വി. ത്രിത്വത്തെക്കുറിച്ചുള്ള വ്യക്തമായ ദർശനവും പ്രാർത്ഥനകളിലൂടെ വിശ്വാസികൾക്ക് ലഭിക്കുന്നു. അങ്ങനെ മലങ്കരസഭയുടെ ദൈവശാസ്ത്രം മുഴുവൻ, പ്രാർത്ഥനകളിലും ഗീതങ്ങളിലും വ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു.



www.malankaralibrary.com

**4. ആവർത്തന പ്രകൃതം (Nature of repetition)**

അന്ത്യോക്യൻ ആരാധനക്രമത്തിന്റെ മറ്റൊരു സവിശേഷതയാണ് ആവർത്തനപ്രകൃതം. ആവർത്തന പ്രകൃതത്തിലൂടെ വിശ്വാസികൾക്ക് ഉറച്ച ബോധ്യവും ഭക്തിയും ഏകാഗ്രതയും വർദ്ധിപ്പിക്കുവാൻ ഇടയാക്കുന്നു. ഉദാ: ''ദൈവമേ നീ പരിശുദ്ധനാകുന്നു....'' എന്ന ത്രൈശുദ്ധ കീർത്തനത്തിന്റെ ആവർത്തനത്തിലൂടെ ഒരുവന് ഭക്തിയുടെ തീവ്രമായ അനുഭവത്തിലേക്ക് എത്തിച്ചേരുവാനും, ദൈവികരഹസ്യങ്ങളെ ആഴത്തിൽ ധ്യാനിക്കുവാനും ഇടയാക്കുന്നു. പ്രധാന മായും നാലു തരത്തിലുള്ള ആവർത്തന പ്രകൃതം ആരാധനക്രമത്തിൽ നാം കാണുന്നു:

ഒരേ ആശയംതന്നെ (same theme) ഞായറാഴ്ച നമസ്കാരത്തിന്റെ വിവിധ ഗാനങ്ങളിൽ നാം കാണുന്നു. ''മഹിമയോടക്കബറീന്നു പുറപ്പെട്ടീ.....'' ''ദൈവമുയർത്തു മഹത്വത്തോടാദാമി നെയും.....'' ''മിശിഹാ ജീവിച്ചെഴുന്നേറ്റു....'' ഈ ഗാനങ്ങളെല്ലാം 'ദൈവം ഉയർത്തു' എന്ന ഒരേ ആശയം അവതരിപ്പിക്കുന്നു.

ഒരേ വാക്ക് (same word) പല പ്രാവശ്യം ആവർത്തിക്കുന്നു. ഉദാ: പരിശുദ്ധൻ, കുറിയേലാ യിസോൻ, ബാറെക്മോർ എന്നീ വാക്കുകൾ വിവിധ ഘട്ടങ്ങളിൽ ആവർത്തിക്കുന്നു.

ഒരേ കൃത്യം (same act) പലപ്പോഴും ആവർത്തിക്കുന്നു. ഉദാ. നാല്പത് പ്രാവശ്യം കുമ്പി ടൽ, 3 പ്രാവശ്യം കുരിശ് വരച്ച് ആശീർവാദം.

ഒരേ പല്ലവി (same pallavi) ആവർത്തിക്കപ്പെടുന്നു. ഉദാ: ജനനപ്പെരുനാളിന്റെ സെദറാ യിൽ ''നീ അത്ഭുതമാകുന്നു'', ഓശാനയ്ക്ക് ''സ്വയംഭൂവിൽനിന്നുള്ള സ്വയം ഭൂവിന് ഓശാന'' എന്നിങ്ങനെ ഓരോ പാദത്തിന്റെയും മറുപടിയായി ആവർത്തിച്ചു ചൊല്ലുന്ന പല്ലവികളും ധാരാളമുണ്ട്.

**5. സംഗീതാത്മകം (musical liturgy)**

മലങ്കര ആരാധനക്രമം സംഗീതാത്മകമാണ്. ഗാനങ്ങൾ മാത്രമല്ല പ്രാർത്ഥനകൾപോലും പ്രത്യേക രാഗത്തിലും ട്യൂണിലുമാണ് ചൊല്ലുക. ആരാധനാഗീതങ്ങളുടെ അഷ്ട രാഗങ്ങൾ (Ekaro - Bethgazo), അതിന്റെ താളം, ഭാവം, ലയം എന്നിവ ഏറെ ആകർഷണീയമാണ്. ആരാധനാ സംഗീതത്തിൽ സുറിയാനി സംഗീതത്തിന് ഉന്നതമായ സ്ഥാനമുണ്ട്. സുറിയാനി പിതാക്കന്മാർ പല പ്പോഴും കവിതകളെഴുതിയിരുന്നത് പ്രാസമനുസരിച്ചാണ്. അക്ഷരമാലയിലെ ഒരേ അക്ഷരം വച്ച് ഓരോ വരിയും തുടങ്ങുന്ന രീതിയും (acrostic), വിവിധ അളവിലും മാത്രകളിലും (metre) എഴുത പ്പെട്ട കവിതകളും ഈ ആരാധനക്രമത്തിന്റെ പ്രത്യേകതകളാണ്. പിതാക്കന്മാർ രചിച്ച മെമ്രാകൾ (ഗദ്യത്തിലും പദ്യത്തിലുമുള്ള ആത്മീയ പ്രസംഗങ്ങൾ), മദറോശോ (ഉപദേശം), ആലങ്കാരിക മായി കാര്യങ്ങളെ വിശദീകരിച്ചുകൊണ്ടുള്ള സുഗീസോ, അനേക പാദങ്ങൾ ചേർന്നുള്ള കോലോ കൾ, സങ്കീർത്തന ഭാഗങ്ങൾ ഉൾക്കൊള്ളുന്ന എനിയോനോ, അപേക്ഷാഗീതമായ ബോവൂസോ, സങ്കീർത്തന വാക്യങ്ങളടങ്ങുന്ന മാനീസോ, സ്തുതിപ്പിന്റെ പ്രാർത്ഥനകളടങ്ങുന്ന മാവൂർബോ, മദ്ധ്യസ്ഥ പ്രാർത്ഥനകളായ കുക്കിലിയോൻ, പ്രത്യേക ആശയത്തെ അവതരിപ്പിക്കുന്ന എക്ബോ.... എന്നിവ അന്ത്യോക്യൻ ആരാധനക്രമത്തിന്റെയും സുറിയാനി സംഗീതത്തിന്റെയും പ്രത്യേകതക ളാണ്. മാർ അപ്രേം, മാർ ബാലായി, സാറൂഗിലെ മാർ യാക്കോബ്, എഡേസായിലെ യാക്കോബ്, ശെമവൂൻ കൂക്കോയോ, അന്ത്യോക്യായിലെ സേവേറിയോസ് തുടങ്ങിയ പിതാക്കന്മാരും സുറി യാനി പണ്ഡിതരുമാണ് സുറിയാനി സംഗീതത്തിന് അമൂല്യ സംഭാവനകൾ നല്കിയത്.

6. നമ്മുടെ **കർത്താവിന്റെ ജീവിതം മുഴുവൻ സമഗ്രമായി** ആരാധനയിൽ അനുസ്മരിക്കുന്നു. വി. കുർബാനയുടെ തുടക്കത്തിൽ നാം പാടുന്ന ഗീതത്തിൽ അത് വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്: നാഥാ നിൻ ജനനം, സ്നാനം, പീഢ, ക്രൂശേറ്റം, മൃതി, ഉത്ഥാനം, സ്വർഗ്ഗാരോഹണമെന്നിവ യെയും... ഓർത്തീടുന്നീ യാഗത്തിൽ.

7. **യേശുക്രിസ്തുവിന്റെ ഉത്ഥാനസംഭവത്തിന് ഊന്നൽ നല്കുന്ന ആരാധനക്രമം.** ക്രൂശിക്ക പ്പെട്ട ക്രിസ്തുവിനേക്കാൾ, ഉത്ഥിതനായ കർത്താവിനുള്ള വലിയ പ്രാധാന്യം സൂചിപ്പിച്ചുകൊ ണ്ടാണ് നമ്മുടെ ആരാധനാക്രമത്തിലെ പ്രാർത്ഥനകളും ഗീതങ്ങളും ചിട്ടപ്പെടുത്തിയിരിക്കുന്നത്. അതിനാലാണ് നമ്മുടെ ദേവാലയങ്ങളിൽ ക്രൂശിതരൂപം ഉള്ള കുരിശ് ഉപയോഗിക്കാത്തത്. അതോ ടൊപ്പം ഉത്ഥാനചിന്തകൾ പ്രദാനം ചെയ്യുന്ന ധാരാളം പ്രാർത്ഥനകളും ഗീതങ്ങളും ആരാധനയിൽ ഉണ്ട്.

8. **പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും പങ്കും, പരിശുദ്ധാത്മാവിന്റെ ആവാസവും** ഏറെ ശ്രദ്ധേ യമാണ്. വി. കുർബാനയിലെ റൂഹാക്ഷണവും, റൂഹാ ആവാസവും ഏറെ പ്രധാനപ്പെട്ടതാണ്. പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് പരിശുദ്ധ കുർബാനമേൽ ആവസിക്കുന്നത് അനുസ്മരിച്ചുകൊണ്ട് ശുശ്രൂഷകൻ ചൊല്ലുന്നു: ''ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗ്ഗമാകുന്ന ഉയരത്തിൽനിന്ന് പ്രതാപ



www.malankaralibrary.com

ത്തോടുകൂടി ഇറങ്ങി സമർപ്പിതമായിരിക്കുന്ന ഈ പരിശുദ്ധ കുർബാനമേൽ ആവസിച്ച് ഇതിനെ ശുദ്ധീകരിക്കുന്ന ഈ സമയം എത്ര ദിവ്യവും ഭക്തിജനകവുമാകുന്നു''. തുടർന്നുള്ള പ്രാർത്ഥനയിൽ വൈദികൻ ഇപ്രകാരം ചൊല്ലുന്നു – ''പരിശുദ്ധാത്മാവ് ആവസിച്ച് ഈ അപ്പത്തെ ദൈവമായ കർത്താവിന്റെ ശരീരമാക്കി പൂർത്തിയാക്കട്ടെ,..... പരിശുദ്ധാത്മാവ് ആവസിച്ച് ഈ കാസായെ ദൈവമായ കർത്താവിന്റെ രക്തമാക്കി പൂർത്തിയാക്കട്ടെ''. എല്ലാറ്റിനെയും പൂർത്തിയാക്കുന്ന, വിശുദ്ധീകരിക്കുന്ന, രൂപാന്തരപ്പെടുത്തുന്ന, സ്ഥിരീകരിക്കുന്ന, സജീവമാക്കുന്ന പരിശുദ്ധാത്മാവിന്റെ പങ്ക് ആരാധനക്രമത്തിൽ നാം വ്യക്തമായി കാണുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെ അപ്പവും, വീഞ്ഞും കർത്താവിന്റെ തിരുശരീരവും രക്തവുമായി രൂപാന്തരപ്പെടുക മാത്രമല്ല, ആ തിരുശരീരരക്തങ്ങളിൽ പങ്കുചേരുന്ന വിശ്വാസ സമൂഹത്തെയും രൂപാന്തരപ്പെടുത്തുന്നു, അതിൽ പങ്കുചേരുവാൻ അവരെ യോഗ്യരാക്കുന്നു, വെടിപ്പാക്കുന്നു. പരിശുദ്ധാത്മാവിന്റെ ആവസിപ്പിനു ശേഷം, തുബ്ദേൻ ആരംഭിക്കുന്നതിനു മുമ്പുള്ള കാർമ്മികന്റെ പ്രാർത്ഥനയിൽ അതാണ് നാം കാണുന്നത്: ''ഈ തിരുശരീരവും തിരുരക്തവും സ്വീകരിക്കുന്നതിനാൽ ഞങ്ങളുടെ ആത്മാക്കളും ശരീരങ്ങളും ശുദ്ധീകരിക്കപ്പെടുകയും ഞങ്ങൾ നിത്യജീവന് യോഗ്യരാവുകയും ചെയ്യണമേ''. അതിനാൽ ആ പ്രാർത്ഥനയും കഴിഞ്ഞു മാത്രമേ, തുബ്ദേനുവേണ്ടി നാം ഇരിക്കുവാൻ പാടുള്ളൂ എന്നാണ് സഭ നമ്മെ പഠിപ്പിക്കുന്നത്.

9. **പരിശുദ്ധ അമ്മയ്ക്ക് വലിയ പ്രാധാന്യവും, മറിയത്തിന്റെ പങ്കും** ആരാധനയിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നു. ആരാധനയിൽ പരിശുദ്ധ മറിയത്തെ വിശേഷിപ്പിക്കുവാൻ കൂടുതലായി ഉപയോഗിക്കുന്ന 2 പ്രധാന വാക്കുകളാണ് ദൈവമാതാവ് (ഏമോ ദാലോഹോ) എന്നതും, ദൈവപ്രസവിത്രി/ദൈവജനനി (യെൽദാസ് ആലോഹോ) എന്നതും. വാരചക്രത്തിലെ ബുധൻ എന്ന ദിവസം മുഴുവൻ പരിശുദ്ധ അമ്മയ്ക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്നു. അതുപോലെ, കൗമായിലും, യാമപ്രാർത്ഥനകളിലും, വി. കുർബാനയിലും പരിശുദ്ധ അമ്മയെ നാം നിരന്തരം അനുസ്മരിക്കുന്നു. അതോടൊപ്പം ആണ്ടുവട്ടത്തിൽ നിരവധി തിരുനാളുകൾ പരിശുദ്ധ അമ്മയുടേതായി നാം ആചരിക്കുന്നു. വചനിപ്പു തിരുനാൾ (മാർച്ച് 25), ദൈവമാതാവിന്റെ ജനനപ്പെരുനാൾ (സെപ്റ്റംബർ 8), ദൈവമാതാവിന്റെ ദേവാലയപ്രവേശനം (നവംബർ 21), ദൈവമാതാവിന്റെ അമലോത്ഭവം (ഡിസംബർ 8), ദൈവമാതാവിന്റെ പുകഴ്ച (ഡിസംബർ 26), വിത്തുകളെപ്രതിയുള്ള ദൈവമാതാവിന്റെ ഓർമ്മ (ജനുവരി 15), കതിരുകളെപ്രതിയുള്ള ദൈവമാതാവിന്റെ ഓർമ്മ (മെയ് 15), ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം (ഓഗസ്റ്റ് 15) എന്നീ മരിയൻ തിരുനാളുകളും സഭയിൽ ആഘോഷമായി നടത്തപ്പെടുന്നു.

വി. കുർബാനയുടെ ഒരുക്കശുശ്രൂഷയിൽ 5 പ്രാവശ്യം കാർമ്മികൻ രഹസ്യമായും (private commemoration), 11 പ്രാവശ്യം പരസ്യശുശ്രൂഷയിൽ (public commemoration) ദൈവജനം ഒന്നിച്ചും ദൈവമാതാവിനെ അനുസ്മരിക്കുന്നു: 1. പരസ്യശുശ്രൂഷയ്ക്കു മുമ്പുള്ള ഗീതം (മുൾമരമെരിയാതെരിതീ തൻ നടുവിൽ.....) 2. പരസ്യശുശ്രൂഷയിൽ വൈദികൻ, നിന്നെ പ്രസവിച്ച മറിയാമും.... 3. അന്ത്യോക്യായിലെ സേവേറിയോസിന്റെ മാനീസായിൽ ജനം ചൊല്ലുന്നു...''വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള ദൈവമാതാവായ കന്യക മറിയാമിൽനിന്നും.....'' 4. സുവിശേഷ വായനയ്ക്കുമുമ്പ് കാർമ്മികൻ – ''പരിശുദ്ധ കന്യകമറിയാമിൽനിന്ന് ശരീരം ധരിച്ചവനും...'' 5.സുവിശേഷ വായനയ്ക്കുശേഷമുള്ള ഗാനം – ദൈവജനനീ ധന്യേ കന്യകയേ...6. വിവിധ പ്രുമിയോൻ-സെദറാകൾ ഉദാ. ''കാലത്തികവിൽ മറിയാമിൽനിന്ന് ജനിക്കുകയും....'' 7. വിശ്വാസപ്രമാണത്തിൽ – ''ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിൽനിന്നും ശരീരിയായിത്തീർന്നവനും'' 8.തുബ്ദേനിൽ – ''ബാറെക്മോർ, ശുദ്ധിമതിയും ഭാഗ്യവതിയും അനുഗ്രഹീതയും നിത്യകന്യകയുമായ ദൈവമാതാവായ മറിയാമിനെയും...'' 9. കുക്കിലിയോൻ – നിന്നാൾ സ്തുതിയൊടു രാജമകൾ ...10. ദിവ്യരഹസ്യങ്ങൾ എഴുന്നെള്ളിച്ചു കഴിയുമ്പോൾ – ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും, തന്റെ മാതാവിന് പുകഴ്ചയുടെ കിരീടവും....'' 11. ഹൂത്തോമോ – മഹിമാ നായകനീ ശോയാം, സത്യപരൻ തൻ മാതാവാം ...

10. **വി. ത്രിത്വനാമത്തിന് വലിയ സ്ഥാനം** ആരാധനയിലുണ്ട്. കൗമാപ്രാർത്ഥന ആരംഭിക്കുന്നതും, പ്രാർത്ഥനകളൊക്കെ അവസാനിപ്പിക്കുന്നതും എപ്പോഴും ത്രിത്വനാമത്തിലാണ്.

11. **വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും അവരെ അനുസ്മരിക്കലും** നമ്മുടെ ആരാധനക്രമത്തിൽ ഉടനീളം കാണുവാൻ സാധിക്കും. ഓരോ ദിവസത്തെയും യാമപ്രാർത്ഥനകളിലും (ശ്ഹീമോ), കൂദാശകളിലും, മറ്റു പ്രാർത്ഥനകളിലും വാങ്ങിപ്പോയവരെ നാം പ്രത്യേകം അനുസ്മരിക്കുന്നു. കൊഹനേ ഞായറാഴ്ച വാങ്ങിപ്പോയ സകല ആചാര്യന്മാരെയും, ആനീദെ ഞായറാഴ്ച വാങ്ങിപ്പോയ സകല വിശ്വാസികളെയും പ്രത്യേകമായി അനുസ്മരിക്കുന്നു. ആഴ്ചവട്ടത്തിൽ



www.malankaralibrary.com

ശനിയാഴ്ച, വാങ്ങിപ്പോയ സകല ആചാര്യന്മാരെയും, പരേതരെയും അനുസ്മരിക്കുന്നു. വി.കുർബാനയിൽ ഒരുക്കശുശ്രൂഷയിലും, പരസ്യശുശ്രൂഷയിലും അനേക പ്രാവശ്യം വാങ്ങിപ്പോയവരെ നാം അനുസ്മരിക്കുന്നുണ്ട്.

12. **ആരാധനക്രമവത്സരത്തിന്റെ ആകർഷകത്വം**

അന്ത്യോക്യൻ-മലങ്കര പാരമ്പര്യത്തിൽ ആരാധനക്രമവത്സരം ആരംഭിക്കുന്നത് കൂദോശ് ഈത്തോ (സഭയുടെ വിശുദ്ധീകരണം) ഞായറാഴ്ചയാണ്. ഒക്ടോബർ മാസത്തിന്റെ 30/31 ഞായറായി വന്നാൽ അന്നായിരിക്കും കൂദോശ് ഈത്തോ, അല്ലെങ്കിൽ നവംബർ മാസത്തിന്റെ ആദ്യ ഞായറാഴ്ചയായിരിക്കും. കൂദോശ് ഈത്തോയ്ക്കുശേഷമുള്ള ഞായർ, ഹൂദോസ് ഈത്തോ (സഭയുടെ നവീകരണം) എന്നറിയപ്പെടുന്നു.

മലങ്കര ആരാധനക്രമവത്സരത്തെ ദിനചക്രം (daily cycle), വാരചക്രം (weekly cycle), വാർഷികചക്രം (annual cycle) എന്നിങ്ങനെ മൂന്നായി വിഭജിച്ചിരിക്കുന്നു.

**a. ദിനചക്രം (Daily cycle) ഏഴ് യാമങ്ങൾ**

യഹൂദ പാരമ്പര്യമനുസരിച്ച് ഒരു ദിവസത്തെ ഏഴു യാമങ്ങളായി തിരിച്ചിരിക്കുന്നതുപോലെ അന്ത്യോക്യൻ പാരമ്പര്യത്തിലും ഒരു ദിവസത്തെ ഏഴു യാമങ്ങളായി തിരിച്ചിരിക്കുന്നു. റംശോ (സന്ധ്യ), സുത്താറ (ശയനനമസ്കാരം), ലിലിയോ (രാത്രി), സപ്രൊ (പ്രഭാതം), ത്‌ലോസ് ശോയിൻ (ഏഴര - മൂന്നാംമണി), ശേത് ശോയിൻ (മദ്ധ്യാഹ്നം - ആറാംമണി), ത്ശാ ശോയിൻ (ഇരുപത്തിരണ്ടര - ഒമ്പതാം മണി) എന്നിവയാണ് ഈ ഏഴു യാമങ്ങൾ. ഏഴു യാമങ്ങളിലേക്കും പ്രത്യേക പ്രാർത്ഥനകളുണ്ട്.

**b. പ്രതിവാരചക്രം (Weekly cycle) ഏഴ് ദിനങ്ങൾ**

ആഴ്ചയിലെ ഓരോ ദിവസത്തിനും പ്രത്യേക അനുസ്മരണയും നിയോഗവും ഉണ്ട്.

**ഞായർ** - നമ്മുടെ കർത്താവിന്റെ ഉയിർപ്പിനെ ഓർക്കുന്നു. അന്നത്തെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉയിർപ്പു സംഭവത്തെയാണ് പ്രത്യേകമായി അനുസ്മരിക്കുക. ഉദാ. ''രക്ഷകനേ നിന്നുത്ഥാനത്തിൻ ദിനമാമിന്നടിയാരിൽ'' (പ്രഭാത പ്രാർത്ഥന). ഞായറാഴ്ച ഉയിർപ്പിന്റെ ദിവസമാകയാൽ (weekly Easter) നോമ്പുകാലത്തുപോലും അന്നേ ദിവസം കുമ്പിടാറില്ല.

**തിങ്കൾ, ചൊവ്വ** - ഈ ദിവസങ്ങളിൽ അനുതാപത്തിന്റെ ചിന്തകൾ ഉൾക്കൊള്ളുന്ന പ്രാർത്ഥനകളും ഗീതങ്ങളുമാണുള്ളത്. ''കരുണക്കടലേ ഞാൻ നോക്കും, ദേവാതനയാ....'' (തിങ്കൾ സുത്താറ). ''മനസാ പിഴ ചെയ്തേൻ, മനസാ തേറുന്നു....'' (ചൊവ്വ പ്രഭാതം). ''ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെടുവിൻ, അനുതപിക്കുവിൻ'' എന്നതാണ് ഈ ദിവസങ്ങളിലെ പ്രധാന ചിന്താവിഷയം.

**ബുധൻ** - പരിശുദ്ധ കന്യകാമറിയത്തിന് പ്രത്യേകം സമർപ്പിക്കപ്പെട്ട ദിവസം. രക്ഷാകര സംഭവത്തിലുള്ള പരി. അമ്മയുടെ പങ്കിനെയും പ്രത്യേകം അനുസ്മരിക്കുന്നു. ''പാവനകന്യേ മറിയാമേ സ്വസ്തി....'' (ബുധൻ പ്രഭാതം)

**വ്യാഴം** - അപ്പസ്തോലന്മാർ, വേദപാരംഗിതർ, വിശുദ്ധർ, രക്തസാക്ഷികൾ, പ്രവാചകന്മാർ എന്നിവരെ അനുസ്മരിക്കുന്നു. അവരുടെ ജീവിത മാതൃക പിൻചെല്ലാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ''വിശ്വാസത്തിൻ ശില്പികളായ് സഭതൻ തൂണുകളാം, നിബിയന്മാർക്കും ശ്ലീഹർക്കും സഹദേർക്കും......'' (വ്യാഴം സന്ധ്യ)

**വെള്ളി** - നമ്മുടെ കർത്താവ് വി. സ്ലീബായിലൂടെ നമുക്ക് നേടിത്തന്ന രക്ഷയെ ഓർത്ത് അവിടുത്തെ സ്തോത്രം ചെയ്യുന്നു. ''ശുഭചിഹ്നം താൻ സ്ലീബാ, വിജയക്കൊടി താൻ....'' (വെള്ളി പ്രഭാതം)

**ശനി** - വാങ്ങിപ്പോയവരെ പൊതുവായി അനുസ്മരിക്കുന്ന ദിവസം. നമ്മെ വിശ്വാസത്തിൽ പരിശീലിപ്പിച്ച് വാങ്ങിപ്പോയ മേല്പ്പട്ടക്കാർ, വൈദികർ, മാതാപിതാക്കൾ, വിശ്വാസികൾ എന്നിവരെ അന്നേദിവസം ഓർക്കുന്നു. ''നാം ദൈവസുതന്മാരാവാൻ...'' (ശനി സന്ധ്യ)

**c. വത്സരചക്രം (Annual cycle) ഏഴ് കാലങ്ങൾ**

അന്ത്യോക്യൻ ആരാധനക്രമവത്സരത്തിൽ വത്സരചക്രത്തെ ഏഴു കാലങ്ങളായാണ് വിഭജിച്ചിരിക്കുന്നത്. സുബോറോ (വചനിപ്പുകാലം), യൽദാ-ദനഹാക്കാലം, സൗമോ റാബോ (വലിയനോമ്പുകാലം), ക്യംതാ (ഉയിർപ്പുകാലം), പെന്തിക്കോസ്തിക്കാലം, തേജസ്കരണകാലം, സ്ലീബാക്കാലം എന്നിവയാണ് ഈ ഏഴു കാലങ്ങൾ.

**1. സുബോറോ (വചനിപ്പ്) കാലം** - ആരാധനക്രമവത്സരം ആരംഭിക്കുന്ന കൂദോശ് ഈത്തോ ഞായറോടുകൂടിയാണ് വചനിപ്പു (അറിയിപ്പു) കാലം ആരംഭിക്കുന്നത്. ഏഴു ഞായറാഴ്ചകളുള്ള ഈ കാലയളവിൽ കൂദോശ് ഈത്തോ, ഹൂദോസ് ഈത്തോ ഞായറാഴ്ചകൾക്കുശേഷം സഖറിയായോടുള്ള അറിയിപ്പ്, ദൈവമാതാവിനോടുള്ള അറിയിപ്പ്, ദൈവമാതാവ് എലിസബേത്തിനെ



www.malankaralibrary.com

സന്ദർശിക്കുന്നത്, സ്നാപകയോഹന്നാന്റെ ജനനം, വി. യൗസേപ്പിനുള്ള ദർശനം എന്നിവ അനുസ്മരിക്കുന്നു. വചനിപ്പുകളുടെ (അറിയിപ്പുകളുടെ) കാലമായതിനാലാണ് ഇതിനെ വചനിപ്പു കാലം എന്ന് വിളിക്കുക. ഈ കാലത്തിന്റെ പ്രധാന ചിന്താവിഷയം ദൈവത്തിന്റെ രക്ഷാകരമായ വാഗ്ദാനവും, രക്ഷകനുവേണ്ടിയുള്ള ഒരുക്കവുമാണ്.

**2. യൽദാ-ദനഹാകാലം** - നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിന് മുമ്പുള്ള ഞായ റാഴ്ചയോടുകൂടിയാണ് യൽദാ-ദനഹാകാലം ആരംഭിക്കുന്നത്. എന്നാൽ യേശുവിന്റെ ജനനതിരു നാളിന് ഒരുക്കമായ 25 നോമ്പ് ഡിസംബർ ഒന്നാം തീയതി മുതൽ ആചരിക്കുന്നു. കർത്താവിന്റെ മനുഷ്യാവതാരവും (യൽദാ) മാമോദീസായും (ദനഹാ) ആണ് ഈ കാലത്തെ പ്രധാന ചിന്താവി ഷയം. അതിനാലാണ് യൽദാ-ദനഹാക്കാലം എന്ന് വിളിക്കുക. യൽദായും ദനഹായും പ്രകാശ ത്തിന്റെ പെരുന്നാളുകളാണ്.

**3. സൗമോ റാബോ (വലിയനോമ്പുകാലം)** - വലിയനോമ്പിലെ 7 ഞായറാഴ്ചകളിൽ അവസാന ഞായറായ ഓശാന ഒഴികെ ആറ് ഞായറാഴ്ചകളിലും യേശുനാഥൻ പരസ്യജീവിതകാലത്ത് പ്രവർത്തിച്ച ഓരോ അടയാളമാണ് (അത്ഭുതമാണ്) ചിന്താവിഷയം.

ഒന്നാം ഞായർ : കാനായിലെ അത്ഭുതം (കൊത്തിനെ ഞായർ - യോഹ. 2:1-11).
രണ്ടാം ഞായർ : കുഷ്ഠരോഗിയെ സൗഖ്യമാക്കിയത് (ഗർബോ ഞായർ - ലൂക്കാ 5:12-16).
മൂന്നാം ഞായർ : തളർവാതരോഗിയെ സൗഖ്യമാക്കിയത് (മ്ശറിയോ ഞായർ - മർക്കോസ് 2:1-12).
നാലാം ഞായർ : കാനാൻകാരിയുടെ മകളെ സൗഖ്യമാക്കിയത് (ക്നാനയിത്തോ ഞായർ - മത്തായി 15:21-28).
അഞ്ചാം ഞായർ : കൂനിയെ സൗഖ്യമാക്കിയത് (കിഫ്ത്തോ ഞായർ - ലൂക്കാ 13:10-17).
ആറാം ഞായർ : കുരുടനെ സൗഖ്യമാക്കിയത് (സമിയോ ഞായർ - യോഹ. 9:1-41).
ഏഴാം ഞായർ : ഓശാന (യോഹ. 12:12-19).

**4. ക്യംതാ (ഉയിർപ്പ് കാലം)** - ഉയിർപ്പ് ഞായറിനെ തുടർന്നുള്ള 50 ദിവസമാണ് ക്യംതാകാലം. ഇതിൽ 40-ാം ദിവസം സ്വർഗ്ഗാരോഹണതിരുനാളായി (സൂലോക്കോ) കൊണ്ടാടുന്നു. കർത്താ വിന്റെ സ്വർഗാരോഹണത്തിനുശേഷമുള്ള പത്താം ദിവസമാണ് പെന്തിക്കോസ്തി. ഈ പത്ത് ദിവ സങ്ങൾ പരിശുദ്ധാത്മാവിന്റെ വരവിനായും, നവീകരണാനുഭവത്തിനായും സഭ മുട്ടിപ്പായി പ്രാർത്ഥിക്കുന്ന കാത്തിരിപ്പിന്റെ ദിവസങ്ങളാണ്. കാത്തിരിപ്പിന്റെ ദിവസങ്ങളാകയാൽ ഈ പത്ത് ദിവസങ്ങളിൽ സഭ വിവാഹാഘോഷങ്ങൾ വിലക്കിയിരിക്കുന്നു.

**5. പെന്തിക്കോസ്തിക്കാലം** - പരിശുദ്ധാത്മാവിന്റെ കടന്നുവരവ്, സഭയുടെ സ്ഥാപനം ഇവയാണ് ഈ കാലത്തിന്റെ ചിന്താവിഷയം.

**6. തേജസ്ക്കരണക്കാലം** - താബോർമലയിലെ കർത്താവിന്റെ രൂപാന്തരീകരണസംഭവം അനുസ്മരിക്കുന്ന തേജസ്ക്കരണ പെരുനാളോടുകൂടിയാണ് (ഓഗസ്റ്റ് 6) ഈ കാലം ആരംഭിക്കുന്ന ത്. യേശുവിന്റെ രൂപാന്തരീകരണവും, മനുഷ്യവംശത്തിന്റെ മഹത്വീകരണവുമാണ് പ്രധാന ചിന്താ വിഷയം.

**7. സ്ലീബാക്കാലം** - ആരാധനക്രമവത്സരത്തിലെ അവസാനകാലമായ സ്ലീബാക്കാലം, സ്ലീബാ പെരുന്നാൾ ദിവസമായ സെപ്റ്റംബർ 14-ാം തീയതി മുതലാണ് ആരംഭിക്കുന്നത്. ദൈവസ്നേഹ ത്തിന്റെയും മനുഷ്യരക്ഷയുടെയും അടയാളമായ സ്ലീബായും അതുമായി ബന്ധപ്പെട്ട ചിന്തകളു മാണ് ഈ കാലയളവിൽ അനുസ്മരിക്കുക.

**ഉപസംഹാരം**

ജറുസലേമിലാണ് ഉണ്ടായതെങ്കിലും ഈ ആരാധനക്രമത്തിന് വളർച്ചയും പ്രചാരവും ലഭി ച്ചത് അന്ത്യോക്യൻ സഭയിലാണ്. അതിനാൽ ഈ ആരാധനയെ അന്ത്യോക്യൻ ആരാധനക്രമം (Antiochean liturgy) എന്നു വിളിക്കുന്നു. പാശ്ചാത്യ സുറിയാനിഭാഷ ആരാധനഭാഷയായി ഉപയോ ഗിച്ചതുകൊണ്ട് ഈ ക്രമം പാശ്ചാത്യസുറിയാനി ആരാധനക്രമം (West Syrian liturgy) എന്നും അറി യപ്പെടുന്നു. 17-ാം നൂറ്റാണ്ടിൽ കേരളസഭയിൽ അന്ത്യോക്യൻബന്ധം ആരംഭിച്ചതിനെ തുടർന്ന് ഈ ആരാധനക്രമം പ്രാബല്യത്തിൽ വന്നതിനാൽ മലങ്കര ആരാധനക്രമം (Malankara liturgy) എന്ന പേരിലും അറിയപ്പെടുവാൻ തുടങ്ങി.

(തുടരും....)



www.malankaralibrary.com

# മതബോധനവും വിശ്വാസപരിശീലനവും സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം



**ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ**
(അതിഭദ്രാസന വിശ്വാസപരിശീലന ഡയറക്ടർ)

**തി**കച്ചും അസാധാരണമായ ഒരു സാഹചര്യത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. കോവിഡ് 19 ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്കിടയിലും, വിശ്വാസത്തിൽ നിലനിൽക്കാനും, പ്രതിസന്ധികളെ അതിജീവിക്കാനുമുള്ള പ്രതിവിധികൾ എന്തെല്ലാമാണെന്നു കണ്ടെത്തേണ്ടത് ഇന്നിന്റെ അടിയന്തരാവശ്യമാണ്. പുതിയ കാലവും പുതിയ വെല്ലുവിളികളുമാണ് നമ്മുടെ കുട്ടികൾ ഇന്നു നേരിടുന്നത്. വിദ്യാലയങ്ങളും ദൈവാലയങ്ങളും അടയ്ക്കപ്പെട്ടു. Online പഠനങ്ങൾ എന്ന അസാധാരണത്വം സാധാരണത്വമായി. കുട്ടികളുടെ വിദ്യാഭ്യാസപരവും, മാനസികവും, ധാർമ്മികവും, ആത്മീയവുമായ വളർച്ചയിൽ മാന്ദ്യവും വീഴ്ചകളും കണ്ടു തുടങ്ങിയിരിക്കുന്നു. സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗവും ദുരുപയോഗവും കുട്ടികളെയും മാതാപിതാക്കളെയും ഒന്നുപോലെ അസ്വസ്ഥരും നിസ്സഹായരുമാക്കുന്നു. കലാ





www.malankaralibrary.com

ലയ ജീവിതവും, പാഠ്യേതര വിഷയങ്ങളും, സദാചാര മൂല്യങ്ങളും നഷ്ടമാകുന്നു എന്ന തിരിച്ചറിവ് മാതാപിതാക്കളെ അലട്ടുന്നു. കുട്ടികൾ, കൂടുതൽ അസ്വസ്ഥരും പ്രകോപിതരും പിരിമുറുക്കമുള്ളവരും അക്രമാസക്തരും ഭയവും ഭീതിയുമുള്ളവരും, മൊബൈലിനോടും ഗെയിമുകളോടും ആസക്തിയുള്ളവരുമാകുന്നുവെന്നും പഠനങ്ങൾ തെളിയിക്കുന്നു. ഈ പ്രതിസന്ധികളെ നേരിടാൻ കർശനമായ നിരീക്ഷണങ്ങളും നിരന്തരമായ ശ്രദ്ധയും ആവശ്യമായിരിക്കുന്നു. ഈ കാലഘട്ടത്തെ ഇന്റർനെറ്റ് യുഗമെന്നോ, കമ്പ്യൂട്ടർ യുഗമെന്നോ, മൊബൈൽ ജനറേഷനെന്നോ, ദൃശ്യമാധ്യമങ്ങളുടെ യുഗമെന്നോ ഒക്കെ വിശേഷിപ്പിക്കുമ്പോൾ, virtual learning നോടും നൂതന സംവിധാനങ്ങളോടും എങ്ങനെ ക്രിയാത്മകമായി പ്രതികരിക്കണമെന്നും, ഇവയെ എങ്ങനെ ശ്രദ്ധിക്കണമെന്നും, ഇതിനെ എങ്ങനെ നിരീക്ഷിക്കണമെന്നും, ഇതിലേക്ക് എങ്ങനെ സ്വയം സജ്ജരാക്കപ്പെടണമെന്നും അറിയാൻ വയ്യാതെ മാതാപിതാക്കളും മക്കളും ഒരുപോലെ പകച്ചുനിന്നു പോകുകയാണ്.

സമാനമായ സാഹചര്യങ്ങൾതന്നെയാണ് ഇന്നു വിശ്വാസപരിശീലനത്തിലും നമ്മൾ അഭിമുഖീകരിക്കുന്നത്. ദൈവാലയകൂട്ടായ്മകളും ആരാധനയും മതബോധന ക്ലാസുകളും ഇല്ലാതായപ്പോൾ വിശ്വാസപരിശീലനം ഭവനങ്ങളിൽ online ആരാധനകളിലേക്കും വേദപാഠ ക്ലാസുകളിലേക്കും മാതാപിതാക്കളിലേക്കും കുടുംബപ്രാർത്ഥനകളിലേക്കും മാത്രം ഒതുങ്ങിയിരിക്കുകയാണ്. ഈ സാഹചര്യങ്ങളിൽ നമ്മൾ തളരാൻ പാടില്ല. ഇവയെ പുതിയ അവസരങ്ങളാക്കി മാറ്റിയെടുക്കണം. ഈ പ്രതിസന്ധികളെയെല്ലാം നാം അഭിമുഖീകരിക്കണം. പോരായ്മകൾക്ക് പരിഹാരം കണ്ടെത്തണം. വിശ്വാസത്തിൽ നമ്മുടെ മക്കളെ പരിശീലിപ്പിക്കാനും രൂപീകരിക്കാനും നമ്മുടെ കുടുംബങ്ങൾ സജ്ജമാക്കപ്പെടണം. ഇത്തരുണത്തിൽ വിശ്വാസപരിശീലനത്തിന്റെ അന്തസത്തയും കൂട്ടുത്തരവാദിത്വവും ദൈവികമായി ഭരമേല്പിക്കപ്പെട്ട ഈ ദൗത്യവും ചിന്താവിഷയമാക്കുന്നത് ഉചിതമാണല്ലോ.

### വിശ്വാസ പരിശീലനം ഓരോ ക്രൈസ്തവന്റെയും കടമയും ദൗത്യവും

തലമുറകളിലൂടെ പകർന്നുകൊടുക്കേണ്ട അമൂല്യ സമ്പത്താണ് വിശ്വാസം. വിശ്വാസം, ദാനവും കൈമാറ്റം ചെയ്യപ്പെട്ടു കിട്ടുന്നതുമാണ്. ഈ വിശ്വാസ നിക്ഷേപം കാത്തുസൂക്ഷിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുക എന്നതാണ് മാമോദീസ സ്വീകരിച്ച ഓരോ വ്യക്തിയുടെയും പ്രേഷിത ദൗത്യം. സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യവും കടമയുമാണ് വിശ്വാസ പരിശീലനം. ഒരു വിശ്വാസിയുടെ 5 കടമകളെക്കുറിച്ച് സഭ പഠിപ്പിക്കുന്നത് ഇങ്ങനെയാണ്:

1. വിശ്വാസം പഠിക്കുക : സഭയ്ക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന അമൂല്യമായ വിശ്വാസ നിക്ഷേപത്തെ അറിയുവാനും പഠിക്കുവാനും ബോധ്യപ്പെടുവാനും ഗവേഷണങ്ങൾ നടത്തുവാനും ഒരു വിശ്വാസിക്ക് കടമയുണ്ട്.

2. വിശ്വാസം പ്രഘോഷിക്കുക : താൻ സ്വന്തമാക്കിയ വിശ്വാസം ആത്മധൈര്യത്തോടെ വാക്കിലും പ്രവർത്തിയിലും ലോകമെങ്ങും പ്രഘോഷിക്കണം.

3. വിശ്വാസം കാത്തുസൂക്ഷിക്കുക : സഭയുടെ പൈതൃകങ്ങളും പാരമ്പര്യങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഏതു കാലഘട്ടത്തിലും സാഹചര്യങ്ങളിലും നിർവിഘ്നം കാത്തുസൂക്ഷിക്കുവാനും സംരക്ഷിക്കുവാനും വിശ്വാസസാക്ഷ്യത്തോടെ ജീവിക്കുവാനും ഓരോ ക്രൈസ്തവനും കടമയുണ്ട്.

4. വിശ്വാസം ആഘോഷിക്കുക : ആരാധനാകർമ്മങ്ങളിലൂടെ വിശ്വാസം ആഘോഷിക്കപ്പെടണം. പ്രാർത്ഥിക്കുന്നതാണു നമ്മൾ വിശ്വസിക്കുന്നത്, വിശ്വസിക്കുന്നതാണ് നമ്മൾ പ്രാർത്ഥിക്കുന്നത്.

5. വിശ്വാസം കൈമാറ്റം ചെയ്യപ്പെടുക : താൻ അനുഭവിച്ചറിഞ്ഞ, ആഘോഷിച്ച, പ്രഘോഷിച്ച, കാത്തുസൂക്ഷിച്ച വിശ്വാസം മറ്റുള്ളവർക്കു സ്വീകാര്യമായ രീതിയിൽ - വരുംതലമുറയ്ക്ക് പകർന്നു കൊടുക്കുവാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടിരിക്കുന്നു. സഭയുടെ അമൂല്യമായ വിശ്വാസ നിക്ഷേപമായ വി.ലിഖിതവും, അപ്പസ്തോലിക പാരമ്പര്യങ്ങളും, സഭാചരിത്രവും, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും, സഭയുടെ പൈതൃകങ്ങളും, ആരാധനാനുഷ്ഠാനങ്ങളുമാണ് വിശ്വാസപരിശീലനത്തിൽ പകർന്നു കൊടുക്കപ്പെടേണ്ടത്, നവോന്മേഷത്തോടെ കൈമാറ്റം ചെയ്യപ്പെടേണ്ടത്.

ദൈവം മനുഷ്യനു വെളിപ്പെടുത്തി കൊടുത്ത രക്ഷാകരചരിത്രത്തിന്റെ എഴുതപ്പെട്ട രൂപമാണ് വി. ലിഖിതം. ഈ വചനസമ്പത്ത് വാമൊഴിയായി പ്രഘോഷിക്കപ്പെട്ടപ്പോൾ പാരമ്പര്യമായി. ആ വിശ്വാസം പ്രാർത്ഥനയായി തീർന്നപ്പോൾ അതു വിശ്വാസപ്രമാണമായി, ആ പ്രമാണം ആഘോഷിച്ചപ്പോൾ അത് ആരാധനയായി, അതു വ്യാഖ്യാനിച്ച



www.malankaralibrary.com

പ്പോൾ വിശ്വാസസംഹിതയും ദൈവശാസ്ത്രവുമായി നമുക്കു നൽകപ്പെട്ടു. എല്ലാ ബോധനവും ആരാധനയിലേക്കും, എല്ലാ ആരാധനയും ജീവിത സാക്ഷ്യത്തിലേക്കും നയിക്കപ്പെടണം. അറിവിൽനിന്ന് (information) രൂപീകരണത്തിലേക്കും (formation), രൂപീകരണത്തിൽനിന്ന് രൂപാന്തരീകരണത്തിലേക്കും (transformation) നയിക്കുന്ന പ്രക്രിയയാണ് വിശ്വാസപരിശീലനം. വിശ്വാസപരിശീലനം ഒരു പ്രേഷിതദൗത്യവും കൂട്ടുത്തരവാദിത്വവുമാണ്. വിശ്വാസപരിശീലനം ഞായറാഴ്ച മാത്രം നടക്കുന്ന പരിപാടിയായോ, അച്ചന്റെയും മതാദ്ധ്യാപകരുടെയും മാത്രം ഉത്തരവാദിത്വമായോ തെറ്റിദ്ധരിക്കരുത്. വിശ്വാസജീവിത പരിശീലനം കൂട്ടായ പ്രവർത്തനമാണ്. നാല് ഘടകങ്ങൾ ഈ രൂപീകരണത്തിൽ കൂട്ടുത്തരവാദികളാണ്.

**1. കുടുംബവും മാതാപിതാക്കളും**

കുടുംബമാണ് വിശ്വാസപകർച്ചയുടെ പ്രധാനയിടം. മാതാപിതാക്കളാണ് അവിടെ അദ്ധ്യാപകർ. കുടുംബത്തിലെ ജീവിതസാക്ഷ്യമാണ് കുട്ടികൾക്ക് മാതൃക. ''ശൈശവത്തിൽതന്നെ ബാലൻ നടക്കേണ്ട വഴി പരിശീലിപ്പിക്കുക. വാർദ്ധക്യത്തിലും അവൻ അതിൽനിന്നു പിന്മാറുകയില്ല'' (സുഭാ. 22:6). വിശ്വാസപരിശീലനരംഗത്ത് മാതാപിതാക്കൾ ഇന്നു കണ്ണടച്ചാൽ, നാളെ നിങ്ങൾ കണ്ണുനീർ കുടിക്കേണ്ടി വരും. നീതിമാനായ യൗസേപ്പും, നന്മനിറഞ്ഞ മറിയവും ഉള്ളിടത്ത് ജ്ഞാനത്തിലും പ്രായത്തിലും, മനുഷ്യരുടെയും ദൈവത്തിന്റെയും പ്രീതിയിൽ വളരുന്ന മക്കൾ രൂപീകരിക്കപ്പെടുമെന്ന് നസ്രത്തിലെ തിരുക്കുടുംബം പഠിപ്പിക്കുന്നു. മാതാപിതാക്കളുടെ വിശ്വാസവും പ്രാർത്ഥനയും പ്രോത്സാഹനവും ജീവിതമാതൃകകളുമാണ് കുട്ടികളുടെ ജീവിതത്തെ രൂപീകരിക്കുന്നത്.

**എന്താണ് മാതാപിതാക്കൾക്ക് ചെയ്യാൻ സാധിക്കുക?**

കുട്ടികളുടെ ശാരീരികവും മാനസികവും ആത്മീയവുമായ വളർച്ചയ്ക്ക് അനുയോജ്യമായ പശ്ചാത്തലവും സാഹചര്യങ്ങളും ഭവനങ്ങളിൽ ഒരുക്കപ്പെടണം. കുട്ടികളുടെ സ്വഭാവമഹിമ നിശ്ചയിക്കുന്നത് അവരുടെ ചിന്തകളുടെ നിലവാരമനുസരിച്ചാണ്. ശുഭാപ്തി വിശ്വാസമുള്ള (positive attitude) ക്രിയാത്മക (creative) ചിന്തകൾ അവരിൽ പരിപോഷിപ്പിക്കണം. നിരാശയും മനഃക്ലേശവും മാനസിക പിരിമുറുക്കവും സ്വയം കുറ്റപ്പെടുത്തലും അപകർഷതാബോധവും അതിജീവിക്കാനുള്ള കരുത്ത് അവരിൽ വളർത്തണം. ജീവിതത്തെ ധന്യമാക്കുന്ന അഭിരുചികൾ, വിനോദങ്ങൾ (hobbies) അവരിൽ പ്രോത്സാഹിപ്പിക്കണം. വായനയോടും സംഗീതത്തോടും കലയോടും സാമൂഹികപ്രവർത്തനങ്ങളോടും പക്ഷി മൃഗാദികളോടും കൃഷിയോടും പ്രകൃതിയോടും ആഭിമുഖ്യമുള്ളവരാക്കി മക്കളെ വളർത്തണം. ''ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസുണ്ടാകും''. ശാരീരിക വ്യായാമങ്ങൾ, യോഗ, കായികാഭ്യാസങ്ങൾ, കളികൾ തുടങ്ങിയ വ്യായാമങ്ങളിൽ അവർക്കു പരിശീലനം നൽകണം. മതിയായ വിശ്രമവും ഉറക്കവും ആരോഗ്യകരമായ ഭക്ഷണക്രമവും യോഗ്യമായ ജീവിതസാഹചര്യങ്ങളും നിഷ്ഠയോടെയുള്ള ജീവിതക്രമങ്ങളും അവർക്കു ലഭ്യമാക്കണം. സാമൂഹ്യപ്രതിബദ്ധതയും സഹായമനോഭാവവും സമൂഹത്തോട് ആദരവും ബഹുമാനവും ജീവിതത്തിന്റെ ഭാഗമാക്കി മാറ്റണം. കുടുംബപ്രാർത്ഥനയും വേദപാരായണവും കൂദാശകളിലും തിരുക്കർമ്മങ്ങളിലുമുള്ള ഭാഗഭാഗിത്വവും വേദോപദേശ പഠനത്തിനും ആത്മീയ ഗ്രന്ഥ പാരായണത്തിനും സഭാത്മക പ്രവർത്തനങ്ങൾക്കുമുള്ള ആത്മീയ ചൈതന്യവും ആവേശവും തീക്ഷ്ണതയും രൂപീകരിക്കപ്പെടേണ്ടത് കുടുംബപശ്ചാത്തലത്തിലാണ്. കുടുംബത്തിൽ വിശ്വാസം സംസാരവിഷയമാകണം, അത് നിറവോടെ കൈമാറ്റം ചെയ്യപ്പെടണം.

**2. മതാദ്ധ്യാപകർ**

വിശ്വാസ നിക്ഷേപത്തിന്റെ ശക്തിയും സൗന്ദര്യവും അനുദിന ജീവിതത്തിനുതകുന്ന രീതിയിൽ കുഞ്ഞുങ്ങൾക്കു പ്രാപ്യമായ രീതിയിൽ അവതരിപ്പിച്ചു കൊടുക്കുക എന്ന വലിയ ഉത്തരവാദിത്വമാണ് മതാദ്ധ്യാപകർ ഏറ്റെടുത്തിരിക്കുന്നത്. ബോധനത്തേക്കാൾ മതാദ്ധ്യാപകരുടെ വിശ്വാസവും വിശുദ്ധിയും ജീവിതസാക്ഷ്യവുമാണ് കുട്ടികൾ ഒപ്പിയെടുക്കുക. ആശയങ്ങൾ പറഞ്ഞ് പഠിപ്പിക്കുകയല്ല, ബോധ്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുകയാണ് വിശ്വാസ പരിശീലകരുടെ ലക്ഷ്യം. മതതീവ്രവാദികളെയല്ല, മറിച്ച് തീക്ഷ്ണമതികളെ രൂപീകരിക്കുവാൻ വിശ്വാസപരിശീലനംകൊണ്ടു സാധ്യമാവണം. മതബോധനം സഭയിലെ പ്രത്യേക ശുശ്രൂഷയായി അടുത്ത കാലത്ത് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിക്കുകയും വിശ്വാസരൂപീകരണത്തിൽ വ്യാപൃതരായിരിക്കുന്ന എല്ലാ



www.malankaralibrary.com

അദ്ധ്യാപകരെയും ആദരിക്കുകയും ചെയ്തിട്ടുണ്ട്.

### 3. ഇടവക സമൂഹം

ആരാധനാകർമ്മങ്ങളിൽ ആഘോഷിക്കപ്പെടുകയും പകർന്നു കൊടുക്കപ്പെടുകയും ചെയ്യുന്ന വിശ്വാസം സജീവമാക്കി തീർക്കുന്നത് ദൈവാലയത്തിലാണ്. ഇടവകസമൂഹം ഒന്നുചേർന്ന് ആഘോഷിക്കുന്ന വി. കുർബാനയും യാമപ്രാർത്ഥനകളും കൂദാശകളും കൂദാശാനുകരണങ്ങളും ധ്യാനയോഗങ്ങളും പെരുന്നാളുകളും പ്രാർത്ഥനാകൂട്ടായ്മകളും വിവിധ സംഘടനാ പ്രവർത്തനങ്ങളും വിശ്വാസത്തിന്റെ തായ്‌വേരുകൾ ആഴമായി രൂപീകരിക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു. കുഞ്ഞുനാളു മുതൽ കണ്ടും കേട്ടും അനുഭവിച്ചും വരുന്ന വിശ്വാസത്തിന്റെ ഈ ആഘോഷവും കൂട്ടായ്മയും, ഇടവകാംഗങ്ങൾ നൽകുന്ന ജീവിതസാക്ഷ്യവും മാതൃകയും പ്രോത്സാഹനങ്ങളും തിരുത്തലുകളും പ്രാർത്ഥനാ ജീവിതവുമാണ് വിശ്വാസപരിശീലനത്തെ കോട്ട കെട്ടി സംരക്ഷിക്കുന്നതും വളർത്തുന്നതും. മതബോധനത്തിന്റെ കേന്ദ്രസ്ഥാനവും അവരവരുടെ ഇടവകയാണല്ലോ.

### 4. കുട്ടികൾ

വിശ്വാസപരിശീലനം കൊടുക്കുന്നവരെപ്പോലെ പ്രധാനപ്പെട്ടവരാണ് മതബോധനം സ്വീകരിക്കുന്നവരും. വിശ്വാസപരിശീലനം തേടുന്നവർ ഒരുക്കമുള്ളവരും വിശ്വാസ തീക്ഷ്ണതയുള്ളവരും പരിശീലിക്കപ്പെടാൻ താല്പര്യമുള്ളവരുമായിരിക്കണം. മതബോധനം - അത് യേശുവിനെ അറിയലും അറിയിക്കലുമാണ്. അത് വിശ്വാസജീവിതം തന്നെയാണ്. യേശുവിനെക്കുറിച്ചുള്ള അറിവിനേക്കാൾ, യേശുവിന്റെ നിറവ് കുട്ടികൾക്ക് ലഭിക്കണം. ആത്മവിശ്വാസവും സ്വഭാവശുദ്ധിയും മൂല്യബോധവും ജീവിതവിശുദ്ധിയും ആഴമായ ദൈവവിശ്വാസവും, തീക്ഷ്ണമായ സഭാസ്നേഹവും, സാമൂഹിക പ്രതിബദ്ധതയും തികഞ്ഞ ബോധ്യങ്ങളുമുള്ള തലമുറയെ രൂപീകരിക്കാൻ വിശ്വാസ പരിശീലനത്തിനു സാധിക്കട്ടെയെന്നു നമുക്ക് ആഗ്രഹിക്കാം. വിശ്വാസജീവിതത്തിന്റെ പൂർണ്ണതയിലേയ്ക്ക് നയിക്കപ്പെടാനും കുട്ടികളെ പരിശീലിപ്പിക്കാനും കൂട്ടായ ഉത്തരവാദിത്വത്തോടെ നമ്മൾക്ക് പരിശ്രമിക്കാം.



സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രൽ നവതി സ്മാരക മന്ദിരത്തിന്റെ ഉദ്ഘാടനം അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത നിർവഹിക്കുന്നു. വികാരി ഫാ. ഡോ. ഐസക് പറപ്പള്ളിൽ, ഫാ. ജറോം പുളിക്കൽ, ട്രസ്റ്റി സെബാസ്റ്റ്യൻ കൈലാത്തുമലയിൽ, സെക്രട്ടറി എം. കെ. വർക്കി മുളമൂട്ടിൽ എന്നിവർ സമീപം



www.malankaralibrary.com

# വി. ജോൺ മരിയ വിയാനി
## A Saint of Perseverence



ഫാ. ഡോ. ആന്റണി ചെത്തിപ്പുഴ
(മാതാ സ്കൂൾ, ആലപ്പുഴ)

**ജീ**വിതംകൊണ്ടും ജീവിതവിശുദ്ധി കൊണ്ടും ലോകത്തെ സ്വാധീനിച്ച അനേകം വിശുദ്ധരും മഹത്വ്യക്തികളും ചരിത്രത്തിൽ ഇടം പിടിച്ചിട്ടുണ്ട്. അതിൽ ഒരാളാണ് വി. ജോൺ മരിയ വിയാനി. ഫ്രഞ്ചു വിപ്ലവത്തിന് മൂന്നു വർഷ ങ്ങൾക്കുമുമ്പ് 1786 മെയ് 8 ന് ഫ്രാൻസിലെ ലിയോൺസ് എന്ന നഗരത്തിനടുത്ത് ഡാർഡിലി



എന്ന ഗ്രാമത്തിൽ ഭക്തരായ മാത്യു വിയാനിയു ടെയും മരിയ ബെലീസയുടെയും ആറു മക്കളിൽ നാലാമനായി ജോൺ ജനിച്ചു. ഫ്രഞ്ചു വിപ്ല വത്തെ തുടർന്നുണ്ടായ സഭാവിരുദ്ധ പ്രവർത്തന ങ്ങൾ കാരണം ബാലനായ വിയാനിക്ക് വിശ്വാസ പരിശീലനവും ആത്മീയ കാര്യങ്ങളും രഹസ്യ മായി നടത്തേണ്ടി വന്നു. 1812 ൽ മൈനർ സെമി നാരിയിൽ ചേർന്നു. തുടർന്ന് ലിയോൺസിലെ മേജർ സെമിനാരിയിൽ പഠനം ആരംഭിച്ചു. പഠനത്തിൽ വളരെ പിറകിലായിരുന്നെ ങ്കിലും വിയാനിയുടെ ഭക്തജീവിതവും മരിയഭക്തിയും കണക്കിലെടുത്ത് 1815 ആഗസ്റ്റ് 13 ന് വൈദികപട്ടം നല്കി. താമസി യാതെ 230 പേർ മാത്രമുള്ള ആർസ് എന്ന ഗ്രാമത്തിലെ ഇടവകയുടെ വികാരിയായി നിയമിച്ചു. വിശ്വാസരാഹിത്യവും, ദൈവ സ്നേഹവും മങ്ങിയ ആർസിനെ തന്റെ പ്രാർത്ഥനയും ഉപവാസവും പ്രായശ്ചിത്ത ജീവിതവുംവഴി പ്രശോഭിതമാക്കി. ഒഴിഞ്ഞു കിടന്ന ദൈവാലയം വിശ്വാസി കളെകൊണ്ടു നിറഞ്ഞു. വിശുദ്ധിയും ലാളി ത്യവും നിറഞ്ഞുനിന്ന ജീവിതം അനേകാ യിരങ്ങളെ ആകർഷിച്ചു. നാലു പതിറ്റാണ്ടു കാലത്തെ അജപാലന ശുശ്രൂഷയിലൂടെ വിയാനി അനേകായിരങ്ങൾക്ക് സ്വർഗ്ഗത്തി ലേക്കുള്ള മാർഗദർശിയായി. 1859 ആഗസ്റ്റ് 4 ന് ജോൺ മരിയ വിയാനി നിത്യസമ്മാന ത്തിനായി വിളിക്കപ്പെട്ടു. 1905 ജനുവരി 8 ന് പത്താം പീയൂസ് മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 1925 മെയ് 31 ന് പതിനൊന്നാം പീയൂസ് മാർപാപ്പ ജോൺ മരിയ വിയാനിയെ വിശു ദ്ധരുടെ പദവിയിലേക്കുയർത്തി.

വി. ജോൺ മരിയ വിയാനിയുടെ ജീവിതത്തിലൂടെ കടന്നു പോകുമ്പോൾ സ്ഥിരചിത്തതയുടെ ഒരു വിശുദ്ധനെയാണ് (a saint of perseverence) നാം കണ്ടുമുട്ടു ക. സ്ഥിരചിത്തത, സ്ഥൈര്യം, സ്ഥിരോ ത്സാഹം (perseverence) ആത്മീയ ജീവിത ത്തിലും ഭൗതിക ജീവിതത്തിലും അടിസ്ഥാ നപരമായ ഒരു പുണ്യമാണ്. Perseverence is the ability to persist an undertaking over a long period of time, despite periodic set backs. ജീവിതയാത്രയിൽ



www.malankaralibrary.com

സ്ഥിരചിത്തത പാലിക്കുവാൻ വി. ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. നല്ല നിലത്തു വീണതോ, വചനം കേട്ട് ഉത്കൃഷ്ടവും നിർമ്മലുമായ ഹൃദയത്തിൽ അതു സംഗ്രഹിച്ച് ക്ഷമയോടെ ഫലം പുറപ്പെടുവിക്കുന്നതാണ് (ലൂക്കാ 8:15). എന്റെ നാമംമൂലം നിങ്ങൾ സർവ്വരാലും ദ്വേഷിക്കപ്പെടും. അവസാനം വരെ സഹിച്ചു നില്ക്കുന്നവൻ രക്ഷപ്പെടും (മത്താ. 10:22). ദൈവകൃപയിൽ ഉറച്ചു നില്ക്കുവാൻ വി. പൗലോസ് വിശ്വാസികളെ പ്രോത്സാഹിപ്പിച്ചു (നടപടി 13:43). അതിനാൽ എന്റെ വത്സല സഹോദരരെ, കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമല്ലെന്നു ബോദ്ധ്യപ്പെട്ട് അവിടുത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച് സ്ഥിരചിത്തരും അചഞ്ചലരും ആയിരിക്കുവിൻ (1 കോറി. 15:58). വി. പത്രോസ് ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: ദുഷ്ടരുടെ തെറ്റിനെ അനുകരിച്ച് നിങ്ങൾ സ്ഥൈര്യം നഷ്ടപ്പെടുത്താതിരിക്കുവാൻ ശ്രദ്ധിക്കുവിൻ. സത്കർമ്മത്തിൽ സ്ഥിരതയോടെനിന്ന് മഹത്വവും ബഹുമാനവും അക്ഷയത്വവും അന്വേഷിക്കുന്നവർക്ക് അവിടുന്നു നിത്യജീവൻ പ്രദാനം ചെയ്യും (റോമ. 2:7). വി. യാക്കോബ്ശ്ലീഹാ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: സ്ഥിരതയോടെ നില്ക്കുന്നവൻ, ഉറച്ചു നില്ക്കുന്നവൻ, തന്റെ പ്രവൃത്തികളാൽ അനുഗ്രഹീതനാകും (യാക്കോ. 1:25). സ്ഥിരചിത്തതയുടെ ജീവിതം നയിച്ച വി. വിയാനിയുടെ പ്രത്യേകതകൾ ഏതെല്ലാം എന്നു നോക്കാം.

**1. പ്രാർത്ഥനയിൽ സ്ഥിരത** : ഭക്തരായ മാതാപിതാക്കളിൽനിന്ന് ലഭിച്ച ആത്മീയ ചൈതന്യം വിശുദ്ധൻ വളർത്തിയെടുത്തു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത ദൈവത്തെ മുറുകെ പിടിച്ചു. ദൈവവിളിയുടെ സ്വീകരണത്തിലും പരിപോഷണത്തിലും പ്രാർത്ഥനയുടെ സ്ഥാനം വിയാനി തിരിച്ചറിഞ്ഞു. ദൈവത്തിനും ദൈവജനത്തിനുമിടയിൽ മദ്ധ്യസ്ഥം വഹിക്കേണ്ടവനാണ് വൈദികൻ എന്ന ബോദ്ധ്യം വിയാനിയെ പ്രാർത്ഥനയുടെ മനുഷ്യനാക്കി. തങ്ങളുടെ വികാരി തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട് എന്നു ജനത്തിനു മനസ്സിലായി. ഇടവകയെ അദ്ദേഹം സ്വർഗ്ഗമയമാക്കി. പ്രാർത്ഥനയെക്കുറിച്ചുള്ള വിയാനിയുടെ വാക്കുകൾ ശ്രദ്ധേയമാണ്. "God commands you to pray but fobids you to worry". "My little children, your hearts are small. But proper prayer stretches them and makes them capable of loving God". എന്റെ മക്കളെ, നിങ്ങളുടെ ഹൃദയം ചെറുതാണ്. എന്നാൽ ശരിയായ പ്രാർത്ഥന അതിനെ വലുതാക്കുകയും ദൈവത്തെ സ്നേഹിക്കാൻ പ്രാപ്തമാക്കുകയും ചെയ്യും. Through prayer, we receive a foretaste of heaven, and something of paradise comes upon us. When we pray properly, sorrows disappear like snow before the sun.

**2. പഠനത്തിൽ സ്ഥിരത** : 'മണ്ടൻ' എന്നു മുദ്രകുത്തപ്പെട്ട വിയാനി സ്ഥിരചിത്തതയോടെ പഠനത്തിൽ മുന്നേറി. അറിവിനേക്കാൾ (knowledge) പ്രായോഗിക പരിജ്ഞാനം (practical wisdom) ആർജിച്ചു. വലിയ പാണ്ഡിത്യവും വാക്ചാതുര്യവും ഇല്ലായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ പ്രസംഗങ്ങളും വാക്കുകളും ജനഹൃദയങ്ങളെ സ്പർശിച്ചു.

**3. താപസ ജീവിതത്തിൽ (ascetical life) സ്ഥിരത :** നിഷ്ഠയായ താപസജീവിതമാണ് ഒരു വ്യക്തിയെ ശക്തനാക്കുന്നത്. ഉപവാസം, പ്രാർത്ഥന, പ്രായശ്ചിത്തം എന്നീ കാര്യങ്ങളിൽ അദ്ദേഹം അതീവ ശ്രദ്ധ ചെലുത്തിയിരുന്നു. വി. കുർബാനയെ സ്നേഹിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്തു (He loved the Eucharist and lived the Eucharist). "We should consider those moments spend before the Blessed Sacrament as the happiest moments of our lives".

**4. അജപാലന ശുശ്രൂഷയിൽ സ്ഥിരത :** ദൈവത്തിന്റെ സ്നേഹവും കാരുണ്യവും തന്റെ ശുശ്രൂഷയിലൂടെ ജനഹൃദയങ്ങളിലേക്കൊഴുക്കി. നിരന്തരമായ ഉപദേശങ്ങൾ, പ്രസംഗങ്ങൾ, ഭവന സന്ദർശനങ്ങൾവഴി പാപത്തെ ജനഹൃദയങ്ങളിൽ നിന്നകറ്റി. അദ്ദേഹം പറഞ്ഞു : "Don't try to please everyone. Try to please God, angels and saints".

**5. വി. കുമ്പസാരക്കൂട്ടിലെ സ്ഥിരത :** കുമ്പസാരക്കൂട്ടിൽ മണിക്കൂറുകൾ മടുപ്പില്ലാതെ ചെലവഴിച്ച് മനുഷ്യരെ മാനസാന്തരത്തിലേക്കു നയിച്ചു. കുമ്പസാരിക്കാനും കുമ്പസാരിപ്പിക്കാനും വിമുഖത കാണിക്കുന്നവർക്ക് ഇതൊരു മഹനീയ മാതൃകയാണ്. "See, my children, one who is in a state of sin is always sad, while one who is at peace with God is always happy, and always joyful".

**6. സഹനത്തിൽ സ്ഥിരത :** പല തരത്തിലുള്ള സഹനങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നപ്പോഴെല്ലാം സ്ഥിരചിത്തതയോടെ അദ്ദേഹം മുന്നേറി. സഹവൈദികരിൽനിന്നുള്ള



www.malankaralibrary.com


അസൂയ, ജനത്തിന്റെ വിമർശനം, പൈശാചിക പരീക്ഷണങ്ങൾ എല്ലാം അതിജീവിച്ച മഹനീയ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹം പറഞ്ഞു: "Everything is a reminder of cross. We ourselves are made in the image of a cross".

**7. ദൈവപരിപാലനയിലുള്ള സ്ഥിരത :** അനാഥാലയം നടത്തുമ്പോഴും, ജീവിതത്തിന്റെ ഓരോ പ്രതിസന്ധിഘട്ടത്തിലും ദൈവം നടത്തുമെന്ന ആശ്രയബോധം വിയാനിയെ നയിച്ചു.

**8. ദാനം ചെയ്യലിൽ സ്ഥിരത :** ദാനമായി കിട്ടി, ദാനമായി കൊടുത്ത ജീവിതശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. സ്വരുക്കൂട്ടാനായി സമൂഹം എപ്പോഴും വെമ്പൽ കൊള്ളുമ്പോൾ എല്ലാം കൊടുത്തു തൃപ്തിയടയുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ജീവിതകാലം മുഴുവൻ സ്ഥിരചിത്തതയുടെ ജീവിതശൈലി കാണിച്ചുതന്ന വിയാനി, ഉപേക്ഷയുടെ സംസ്കാരത്തിൽ ജീവിക്കുന്ന നമുക്ക് ഒരു വെല്ലുവിളിയാണ്. മനുഷ്യൻ നിസ്സാര കാര്യങ്ങൾക്കുവേണ്ടി പലതും ഉപേക്ഷിക്കുന്നു. ഉദ്ദേശിച്ചവ നടക്കാതെ വരുമ്പോൾ ഇട്ടെറിഞ്ഞു പോകുന്നു. പവിത്രമായ വ്യക്തിബന്ധങ്ങൾ ഉപേക്ഷിക്കുന്നു, വിവാഹ ബന്ധങ്ങൾ ഉപേക്ഷിക്കുന്നു, സമർപ്പിത ജീവിതം ഉപേക്ഷിക്കുന്നു, പൗരോഹിത്യം ഉപേക്ഷിക്കുന്നു, മാതാപിതാക്കളെ ഉപേക്ഷിക്കുന്നു, കുട്ടികളെ ഉപേക്ഷിക്കുന്നു, പ്രാർത്ഥന ഉപേക്ഷിക്കുന്നു, വി.കുർബാന ഉപേക്ഷിക്കുന്നു, വിശ്വാസ ജീവിതം ഉപേക്ഷിക്കുന്നു. ഇങ്ങനെ അനേകം ഉപേക്ഷകൾ (give up) നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ വി.ജോൺ മരിയ വിയാനി സ്ഥിരതയോടെ ജീവിച്ചു വിജയിച്ചു. വിശുദ്ധന്റെ മാതൃകയും മാദ്ധ്യസ്ഥവും നമുക്കു സ്വീകരിക്കാം. സ്ഥിരചിത്തത എന്ന പുണ്യത്തിനായി പ്രാർത്ഥിക്കാം.

Dear God, you are the God of perseverence. And I am made in your image and likeness. Help me to persevere in loving; give me a positive view of discipline; show me how important my vision for future is. God, eternally patient one, help me to persevere, for you are the God of perseverence, and that is my hope for salvation. Amen.

## ജൂബിലി മംഗളങ്ങൾ





**പൗരോഹിത്യ സുവർണ്ണ ജൂബിലി** ആഘോഷിക്കുന്ന റവ. ഫാ. വർഗീസ് മണലേൽ, **പൗരോഹിത്യ രജതജൂബിലി** ആഘോഷിക്കുന്ന റവ. ഫാ. വർഗീസ് പള്ളിക്കൽ, റവ. ഫാ. വർഗീസ് ഈരാച്ചേരിൽ എന്നിവർക്ക് അഭിനന്ദനങ്ങൾ, ആശംസകൾ.

## അഭിനന്ദനങ്ങൾ



**2020-2021 ലെ**
**കെ.സി.ബി.സി. യുടെ**
ഗുരുപൂജ പുരസ്കാരത്തിന്
അർഹനായ ആലപ്പുഴ
ഇടവകാംഗമായ
**വാളക്കുഴി ടോമി ഈപ്പൻ.**



അഞ്ച് മണിക്കൂർകൊണ്ട് 195 രാജ്യങ്ങളുടെ ദേശീയ പതാകകൾ സിഡിയിൽ വരച്ച് ഇന്ത്യ ബുക്ക് ഓഫ് റെക്കോഡ്സിന്റെ അംഗീകാരം ലഭിച്ച **ക്രിസ്റ്റി പുന്നൂസ്.** അങ്ങാടി പുളിമുക്ക് മാണിക്യം വീട്ടിൽ പുന്നൂസ്-എൽസ ദമ്പതികളുടെ മകളും വരവൂർ ഹോളി ഫാമിലി ഇടവകാംഗവുമാണ്.



www.malankaralibrary.com



# വിശുദ്ധ എവുപ്രാസ്യ

**സി. എയ്ഞ്ചൽ എസ്.ഐ.സി.**
ബഥനി കോൺവന്റ്, തിരുമൂലപുരം

'മരിച്ചാലും മറക്കില്ലെട്ടോ'' എന്ന സ്നേഹമന്ത്രം കർണ്ണപുടങ്ങളിൽ പ്രതിധ്വനിക്കുമ്പോൾ അറിയാതെ ഹൃദയം മന്ത്രിക്കും.... അമ്മേ,.....എവുപ്രാസിയമ്മേ......ഒരായിരം നന്ദി. സ്വന്തവും ബന്ധവും, എന്തിനേറെ അമൂല്യമെന്നു കരുതിയ പലതും ഇന്ന് ഉപഭോഗവസ്തുക്കളായി കാണുന്ന ഒരു സംസ്കാരത്തിൽ നാം ജീവിക്കുമ്പോൾ വി. എവുപ്രാസിയയുടെ ജീവിതം ഒരു വെല്ലുവിളിയായി നമ്മുടെ മുമ്പിൽ ഉയർന്നു നിൽക്കുന്നു. തന്റെ സഹായം അഭ്യർത്ഥിക്കുന്നവർക്ക് ഒരു അമ്മയുടെ സ്നേഹവും ആർദ്രതയും നൽകുകയും, ഒപ്പം മറ്റുള്ളവരിൽനിന്നും ലഭിക്കുന്ന ചെറിയ ഉപകാരങ്ങൾക്കു പോലും മരിച്ചാലും മറക്കില്ല എന്ന് പറഞ്ഞു നന്ദി അർപ്പിക്കുന്ന സ്നേഹനിധിയായ അമ്മ ഇന്നത്തെ തലമുറയ്ക്ക് വലിയ മാതൃകയാണ്.

48 വർഷക്കാലം സന്യാസിനിയായി വിശുദ്ധിയുടെ പരിമളം പരത്തിയ വി. എവുപ്രാസ്യമ്മ പ്രദേശവാസികളുടെ ''പ്രാർത്ഥിക്കുന്ന അമ്മയായിരുന്നു''. അപ്രകാരം മനുഷ്യൻ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്താ. 5:16). വി. എവുപ്രാസ്യമ്മയുടെ ജീവിതത്തിന്റെ വെളിച്ചം എന്നും ലോകത്തിനു പ്രകാശമായി നിലകൊള്ളുന്നു, ആ ജീവിതസുകൃതങ്ങൾ ലോകത്തിനു വെളിച്ചമായി ശോഭിക്കുന്നു. ചലിക്കുന്ന സക്രാരി, പ്രാർത്ഥിക്കുന്ന അമ്മ, പുണ്യപ്പെട്ട കന്യാസ്ത്രീ എന്നീ പേരുകളിൽ വി. എവുപ്രാസ്യമ്മ ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു.

1877 ഒക്ടോബർ 17 ന് കാട്ടൂർ എന്ന ഗ്രാമത്തിൽ എലുവത്തിങ്കൽ തറവാട്ടിൽ അന്തോണിയുടെയും കുഞ്ഞെത്തിയുടെയും മകളായി റോസാ ജനിച്ചു. കുടുംബത്തിലെ എല്ലാ സൗഭാഗ്യങ്ങൾക്കിടയിലും ദൈവത്തെ മാത്രം സ്വന്തമാക്കാൻ ആഗ്രഹിച്ചിരുന്ന അവൾ, ഒൻപതാം വയസിൽ തന്റെ കന്യാകാത്വം ദൈവത്തിനു പൂർണമായും സമർപ്പിച്ചു. 'അമ്മ കുഞ്ഞെത്തിയുടെ നിറകണ്ണുകളിൽനിന്ന് പ്രാർത്ഥനാ ചൈതന്യം ആർജിച്ചും, അമ്മയുടെ മടിയിലിരുന്ന് യേശുവിനെക്കുറിച്ചും, പരിശുദ്ധ അമ്മയെക്കുറിച്ചും പഠിച്ച് അവൾ ദൈവസ്നേഹത്തിൽ വളർന്നു വന്നു.

ഒരു സമ്പന്ന കുടുംബത്തിൽനിന്ന് വിവാഹം ആലോചിക്കണം എന്ന് വീട്ടുകാർ തീരുമാനിച്ചപ്പോൾ ഒരു കന്യാസ്ത്രീ ആകണം എന്ന ആഗ്രഹം റോസ മാതാപിതാക്കളെ അറിയിച്ചു. റോസയുടെ ആഗ്രഹത്തിന് വിസമ്മതിച്ചുവെങ്കിലും മാതാപിതാക്കൾ ദൈവഭയമുള്ളവരായിരുന്നതിനാൽ റോസയ്ക്ക് പകരം അവളുടെ അനുജത്തി വലുതാകുമ്പോൾ മഠത്തിൽ അയയ്ക്കാമെന്നു നിശ്ചയിച്ചു. എന്നാൽ അനുജത്തി ജീവിതത്തിൽനിന്നും അനന്തതയിലേക്ക് യാത്രയായി. റോസിന്റെ ജപമാല, ഉപവാസം, പരിത്യാഗ പ്രവർത്തികൾ,





www.malankaralibrary.com

വിശ്വാസത്തോടെയുള്ള പ്രാർത്ഥനാജീവിതം എന്നിവ റോസിന്റെ പിതാവിൽ മാനസാന്തരം ഉള വാക്കി. അങ്ങനെ റോസയുടെ കന്യാമഠത്തിലേക്കുള്ള വഴി തുറന്നു കിട്ടി. 1888 ഒക്ടോബർ 24 നു സീറോ മലബാർസഭയിലെ ആദ്യത്തെ തദ്ദേശീയ സഭയായ കൂനമ്മാവിലെ കർമ്മല മാതാവിന്റെ മഠത്തിൽ അവൾ പ്രവേശിച്ചു. സന്യാസ പരിശീലനവേളയിൽ പലവിധ രോഗങ്ങളാൽ ക്ലേശിച്ചിരുന്നു. ഒരു കന്യാസ്ത്രീ ആകുവാനുള്ള തീവ്രമായ ആഗ്രഹം കഷ്ടപ്പാടുകൾ അതിജീവിക്കുവാൻ റോസിനെ പ്രാപ്തയാക്കി. പരിശുദ്ധ മാതാവിന്റെയും തിരുക്കുടുംബത്തിന്റെയും മദ്ധ്യസ്ഥതയിലൂടെ രോഗവിമുക്തിയും, ദൈവവിളിയിൽ നിലനിൽക്കാനുള്ള കൃപയും റോസിനു ലഭിച്ചു. 1898 ജനുവരി 10-ാം തീയതി തിരുഹൃദയത്തിന്റെ സിസ്റ്റർ എവുപ്രാസ്യ എന്ന സന്യാസ നാമം സ്വീകരിച്ച് കർമലസഭയിൽ സന്യാസ പ്രതിഷ്ഠ നടത്തി. താഴ്മ, ദാനധർമ്മം, പരിത്യജിക്കൽ എന്നീ ഗുണങ്ങൾ പരിശീലിക്കുകയും വിശുദ്ധിയിൽ വളരുകയും ചെയ്തു. രോഗങ്ങളും ക്ലേശങ്ങളും ഒന്നിനൊന്നു കൂടി വന്നെങ്കിലും ഏല്പിച്ച ജോലികളെല്ലാം എവുപ്രാസിയ വിശ്വസ്തയായി നിർവഹിച്ചു. രോഗത്തിന്റെ കാലഘട്ടങ്ങളിലും, അന്ധകാരശക്തികളുടെ പരീക്ഷണങ്ങളിലും സിസ്റ്റർ തീവ്രമായ ആത്മീയ സന്തോഷത്തിൽ ലയിച്ചിരുന്നു.

1900 മെയ് 24 നു ഒല്ലൂർ മഠാംഗമായി. നീണ്ട 13 വർഷത്തോളം നവസന്യാസ ഗുരുനാഥയായി, മാതൃകാ സന്യാസിനിയായി സേവനം ചെയ്തു. താഴ്മ, ദാരിദ്ര്യം, തപസ്സ്, അനുസരണം, ദൈവേഷ്ടം നിറവേറ്റൽ എന്നീ വീരോചിത ഗുണങ്ങളാൽ സിസ്റ്റർ ശക്തി പ്രാപിച്ചു. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും പ്രാർത്ഥനാ ചൈതന്യത്തിലും വളരാൻ എല്ലാവരെയും സ്വന്തം ജീവിതത്തിലൂടെ പഠിപ്പിച്ചു. തന്നേക്കാളുപരിയായി തന്റെ സഹോദരങ്ങളെ സ്നേഹിച്ച ആ അമ്മ, വേദന അനുഭവിക്കുന്നവർക്കുവേണ്ടി രാവും പകലും ഊണും ഉറക്കവുമുപേക്ഷിച്ച് ദിവ്യനാഥന്റെ അടുക്കൽ തപസ്സിരുന്നു. അവരുടെ വേദന സ്വന്ത ഹൃദയത്തിൽ ഏറ്റെടുത്ത് തിരുസന്നിധിയിൽ അർപ്പിച്ചു. നല്ലവനായ ദൈവം അതിനു നൂറു മേനി ഫലവും നൽകി. സഹനങ്ങൾ ദൈവദാനമായി കണ്ട് അമ്മ സ്വീകരിച്ചു. കുരിശിനെയും സഹനത്തെയുംകുറിച്ച് suffering is a part of vocation എന്നതായിരുന്നു അമ്മയുടെ മുഖമുദ്ര. അതിനുദാഹരണമാണ് ''അങ്ങയുടെ പീഡാനുഭവത്തിൽ എന്നെയും പങ്കുകാരിയാക്കണമേ'' എന്ന അമ്മയുടെ ഹൃദയ മന്ത്രം. ക്രൂശിതരൂപത്തെ നോക്കി നിന്ന നിമിഷങ്ങളാണ് ജീവിതത്തിലെ ഏറ്റവും ആശ്വാസകരമായ നിമിഷം എന്ന് അമ്മ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വ്രതങ്ങളോടുള്ള എവുപ്രാസ്യമ്മയുടെ വിശ്വസ്തത മാതൃകാപരമാണ്. ദൈവതിരുമനസ്സിനോടുള്ള വിധേയത്വം അധികാരികളെ അനുസരിക്കുന്നതിലൂടെ അമ്മ പ്രകടമാക്കി. എളിമയുടെയും വിനയത്തിന്റെയും പ്രവർത്തിയിലൂടെ ദാരിദ്ര്യവ്രതത്തെ വരച്ചുകാട്ടി. 'ദൈവം മാത്രം മതി' എന്ന ചിന്തയോടെ ബ്രഹ്മചര്യം ജീവിച്ചു. ദൈവത്തെ സ്നേഹിക്കാത്ത ഒരു വ്യക്തിക്കും തന്റെ ജീവിതചിത്രം ഭംഗിയായി വരയ്ക്കുവാൻ സാധിക്കില്ല എന്ന് അമ്മ നമ്മെ പഠിപ്പിക്കുന്നു. നിശബ്ദമായ സ്നേഹ-സേവന-ത്യാഗത്തിലൂടെ എവുപ്രാസ്യമ്മ തന്റെ ജീവിതം ഏറ്റവും മികവുറ്റതാക്കി. വീരോചിത മനുഷ്യ സ്നേഹത്തിന്റെ ചിത്രം വരച്ചു കാട്ടിയ മനുഷ്യ സ്നേഹിയാണ് ഈ വിശുദ്ധ. മാരകമായ രോഗം പിടിപെട്ടവരെയും കോളറ, ക്ഷയം എന്നീ രോഗങ്ങളാൽ പ്രയാസപ്പെട്ടവരെയും സ്വന്തം മക്കളെപ്പോലെ അടുത്തിരുത്തി ശുശ്രൂഷിച്ചു. ഈ സുകൃത ജീവിതത്തിന്റെ ശക്തിയുടെ ഉറവിടം ആഴമായ പ്രാർത്ഥനയായിരുന്നു. കൂദാശകളിൽ ഭക്തിപൂർവ്വം പങ്കുകൊണ്ടും, അനുദിനം ജപമാല ചൊല്ലിയും, സുകൃതജപങ്ങൾ ഉരുവിട്ടും, മണിക്കൂറുകൾ പ്രാർത്ഥനയിൽ മുഴുകിയും സ്വന്തം മുറി ഒരു ത്രോണോസായി ഉയർത്തി. മലയിൽ ഉയർത്തപ്പെട്ട ദീപം പോലെ അമ്മ സകലർക്കും പ്രകാശം ചൊരിഞ്ഞ് പ്രാർത്ഥനയുടെ പ്രേഷിതയായി.

തന്റെ ജീവിതം മുഴുവൻ അവിടുത്തെ മുൻപിൽ കാണിക്കയായി സമർപ്പിച്ച് സ്വയം ഒരു ബലിവസ്തുവായി മാറിയ എവുപ്രാസ്യമ്മയുടെ ജീവിതവിശുദ്ധി ലോകമെമ്പാടും പരിലസിക്കുമ്പോൾ ആ വിശുദ്ധിയുടെ സൗരഭ്യം നമുക്കും ഏറ്റു വാങ്ങാം. നിശബ്ദ ജീവിതം നയിച്ച് തന്റെ ഓട്ടം പൂർത്തിയാക്കി, വരുംതലമുറയ്ക്ക് കൂടുതൽ ദൈവിക ചൈതന്യവും ആധ്യാത്മിക സമ്പത്തും പ്രദാനം ചെയ്ത ആ റോസാപുഷ്പം 1952 ഓഗസ്റ്റ് 29 നു സ്വർഗീയ ആലിംഗനത്തിൽ ദൈവത്തോടൊപ്പം ചേർന്നു. 2014 നവംബർ 23 ന് ലോകം മുഴുവനുവേണ്ടി ഒരു വിശുദ്ധയായി ഉയർത്തപ്പെട്ട എവുപ്രാസ്യമ്മ യേശുവിനെ അനുഗമിക്കാൻ നമുക്ക് ഉത്തമ മാതൃകയാണ്. ''മരിച്ചാലും മറക്കില്ലെട്ടോ'' എന്ന അമ്മയുടെ സ്നേഹമന്ത്രം ഏറ്റുവാങ്ങി നന്ദിയുടെ ജീവിതം സമർപ്പിക്കാം.



www.malankaralibrary.com

# പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായ്ക്ക് വിട ചൊല്ലി വിശ്വാസസമൂഹം



മലങ്കര ഓർത്തഡോക്സ്സഭയുടെ പരമാദ്ധ്യക്ഷനും, കാതോലിക്കായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ ബാവാ ജൂലൈ 13 ന് കാലം ചെയ്തു. ഓർത്തഡോക്സ് സഭ ആസ്ഥാനമായ ദേവലോകം അരമനയിൽ നടന്ന കബറടക്ക ശുശ്രൂഷയിൽ വിശ്വാസി സമൂഹത്തോടു വിട ചൊല്ലി ബാവാ നിത്യതയിലേക്ക് ചേർക്കപ്പെട്ടു. കാൻസർ രോഗബാധിതനായിരുന്ന തിരുമേനി പരുമല ആശുപത്രിയിൽ ചികിത്സയിലായിരുന്നപ്പോഴായിരുന്നു അന്ത്യം സംഭവിച്ചത്. മലങ്കര ഓർത്തഡോക്സ് സഭ അവളുടെ ചരിത്രത്തിന്റെ നിർണ്ണായക കാലഘട്ടത്തിലൂടെ കടന്നുപോയപ്പോൾ കലഹത്തിന്റെ മാർഗമല്ല, സ്നേഹത്തിന്റെ മാർഗമാണ് യഥാർത്ഥ വഴിയെന്നും അത് നിലപാടുകളിൽ വീഴ്ച വരുത്തിക്കൊണ്ടാകരുത് എന്നും നിലപാടെടുത്ത് സഭയെ നയിച്ച ശ്രേഷ്ഠാചാര്യനായിരുന്നു കാതോലിക്കാബാവാ. സാധാരണക്കാരുടെയും അശരണരുടെയും നിസ്സഹായരുടെയും ഹൃദയവ്യഥ മനസ്സിലാക്കി അവർക്ക് സാന്ത്വനമാകുവാനും സഭയുടെ ഉപവി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും സഭയ്ക്ക് സ്നേഹസ്പർശനത്തിന്റെ രൂപം നൽകുവാനും വന്ദ്യ പിതാവിന് സാധിച്ചു. പ്രാർത്ഥനയും, അപരനോടുള്ള കരുതലും കൈമുതലായി സ്വീകരിച്ച് ഹൃദയ വിശാലതയോടെയും ആനന്ദത്തോടെയും ജീവിക്കുവാൻ ബാവായ്ക്ക് കഴിഞ്ഞു.

1946 ഓഗസ്റ്റ് 30 ന് ജനിച്ച അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസത്തിനും ബിരുദ പഠനത്തിനുംശേഷം വൈദികനാകുവാൻ സെമിനാരിയിൽ ചേർന്നു. 1973 ജൂൺ 2 നു കൊച്ചി ഭദ്രാസനാദ്ധ്യക്ഷൻ യൂഹാനോൻ മാർ സേവേറിയോസിൽനിന്ന് വൈദികപട്ടവും, 1983 മെയ് 14 നു റമ്പാൻസ്ഥാനവും ലഭിച്ചു. 1985 മെയ് 15 ന് എപ്പിസ്ക്കോപ്പയായി വാഴിക്കപ്പെട്ടു. തുടർന്ന് പുതുതായി രൂപീകരിച്ച കുന്നംകുളം ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി നിയമിതനായി. കോട്ടയം പഴയ സെമിനാരിയിൽ 1991 ഒക്ടോബർ 25 ന് മെത്രാപ്പോലിത്തയായി ഉയർത്തപ്പെട്ടു. പരുമല സെമിനാരിയിൽ 2006 ഒക്ടോബർ 12 നു കൂടിയ മലങ്കര അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലിത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു. 2010 നവംബർ 1 നു പരുമല സെമിനാരി ചാപ്പലിൽ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കയായി സ്ഥാനാരോഹണം ചെയ്തു. ആഗോള കത്തോലിക്കാ സഭാതലവൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായുടെ ദേഹവിയോഗത്തിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയും, തിരുവല്ല അതിഭദ്രാസനത്തിന്റെയും ഐക്യദീപം മാസികയുടെയും അനുശോചനം അറിയിക്കുന്നു.



www.malankaralibrary.com

# കർത്തന്റെ കരുത്തിൽ കാലിടറാതെ...



തയ്യാറാക്കിയത് : ബേബിച്ചൻ തെക്കേടത്ത്

'**ക്രൈ**സ്തവ ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് സഭാമക്കളെ നയിക്കുക എന്ന ലക്ഷ്യത്തോടെ സജീവമായും, ക്രമീകൃതമായും ക്രൈസ്തവ പ്രബോധനങ്ങൾ പഠിപ്പിക്കുകയെന്നതാണ് മതബോധനത്തിന്റെ മുഖ്യധർമ്മം. കുട്ടികളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുന്നതിലുള്ള പരിശീലനമാണ് മതബോധനം. അതിനായി നാം നമ്മുടെ ഹൃദയത്തിൽ ക്രിസ്തുവിനെ സ്വാംശീകരിക്കണം. അതിലൂടെ ക്രിസ്തുദർശനം മറ്റുള്ളവരിലേക്ക് പകർന്ന് നൽകുവാൻ നാം പര്യാപ്തരാകും''. വിശ്വാസ പരിശീലനത്തെക്കുറിച്ച് ആധികാരികമായി പറയുന്നത് മതാദ്ധ്യാപനരംഗത്ത് തുടർച്ചയായി 42 വർഷങ്ങൾ പിന്നിടുന്ന **തൈപ്പറമ്പിൽ ശ്രീ. റ്റി. എ. കുര്യൻ.** തിരുവല്ല അതിഭദ്രാസനത്തിലെ മല്ലപ്പള്ളി വൈദിക ജില്ലയിലെ കുന്നന്താനം സെന്റ് ഫ്രാൻസിസ് അസീസി മലങ്കര കത്തോലിക്ക ദൈവാലയത്തിന്റേയും, മല്ലപ്പള്ളി മേഖലയുടേയും സർവ്വസ്വമായി നിറഞ്ഞ് നിൽക്കുകയാണ് സൺഡേസ്കൂൾ പ്രധാനാദ്ധ്യാപകൻ കൂടിയായ കുര്യൻസാർ. എളിമയുടെ പ്രതിരൂപമായ ഈ ചെറിയ മനുഷ്യൻ തന്റെ ജീവിതത്തിന്റെ നാൾവഴികളിലൂടെ അനുവാചകരിലേക്ക് ഇറങ്ങിവരുന്നു.



മല്ലപ്പള്ളി വൈദികജില്ലയിൽ കുന്നന്താനം പഞ്ചായത്തിൽ വിശുദ്ധിയുടെ വിളനിലമായി പരിലസിച്ച് നിൽക്കുകയാണ്, കരുണയുടേയും സമാധാനത്തിന്റേയും കാവൽദൂതനായ വി. ഫ്രാൻസിസ് അസീസിയുടെ നാമധേയത്തിലുള്ള സെന്റ് ഫ്രാൻസിസ് അസീസി മലങ്കര കത്തോലിക്കാ ദൈവാലയം. തിരുവല്ല ഭദ്രാസനാദ്ധ്യക്ഷനായിരുന്ന അഭി. സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റേയും ശ്രേഷ്ഠ വൈദികരുടേയും നിസീമമായ പരിശ്രമ ഫലത്താൽ കുന്നന്താനം എന്ന കൊച്ച് ഗ്രാമത്തിൽ മലങ്കര മക്കൾക്ക് വളരുവാനും ശക്തി പ്രാപിക്കാനുമുള്ള അവസരം ദൈവം ഒരുക്കി. അഭി. പിതാവ് സീറോ മലബാർസഭയുമായി ഗാഢബന്ധം പുലർത്തിയിരുന്നതിനാൽ സീറോമലബാർസഭയുടെ കുന്നന്താനത്തുള്ള സെന്റ് ജോസഫ് ദൈവാലയത്തിൽ എല്ലാ ഞായറാഴ്ചയും മലങ്കര മക്കൾക്കായി സീറോ മലങ്കര കുർബാന അർപ്പിച്ചിരുന്നു. അഭി. കർദ്ദിനാൾ പിതാവിന്റെ നിർദ്ദേശപ്രകാരം സീറോ മലബാർ റീത്തിലുള്ള 9 കുടുംബങ്ങളെ മലങ്കരയ്ക്കായി വിട്ടുതരുകയും ചെയ്തു. ഇന്നും ഇടവകയുടെ സെമിത്തേരിയായി ഉപയോഗിക്കുന്നത് സെന്റ് ജോസഫ് ദൈവാലയത്തിന്റെ സെമിത്തേരിയുടെ ഭാഗമാണ്. 1967 ൽ മലങ്കര കത്തോലിക്ക ദൈവാലയം കുന്നന്താനത്ത് കൂദാശ ചെയ്യപ്പെട്ടു. 2004 ൽ ബഹു. ജോൺ തോമസ് കണ്ടത്തിങ്കലച്ചൻ വികാരിയായിരിക്കുമ്പോൾ ഈ ആലയം പുതുക്കി പണിത് മനോഹരമാക്കി വി. ഫ്രാൻസിസ് അസീസിയുടെ തിരുശേഷിപ്പ് ഈ പള്ളിയിൽ സൂക്ഷിച്ചിരിക്കുന്നു. ബഹു. സൈമൺ പുളിയൻകീഴ്, ബഹു. വർഗീസ് മേലേടത്ത്, സിസ്റ്റർ പങ്കേഷ്യ എസ്. ഐ.സി., സിസ്റ്റർ ആനി എസ്.ഐ.സി. തുടങ്ങിയവർ ഈ ഇടവകയിൽനിന്നും ദൈവവേലക്കായി വിളിക്കപ്പെട്ടവരാണ്. 27 വൈദികർ ഈ ഇടവകയിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. 70 ൽ പരം കുടുംബങ്ങൾ ഉൾപ്പെടുന്ന ഈ ആരാധനാ



www.malankaralibrary.com

ലയത്തിന്റെ ഇപ്പോഴത്തെ അമരക്കാരൻ ബഹു. ഫിലിപ്പ് ആഞ്ഞിലിമൂട്ടിലച്ചനാണ്. ഈയടുത്ത കാലത്തായി വൈദികമന്ദിരം പണികഴിപ്പിച്ചതോടെ ഇടദിവസങ്ങളിലും ഇവിടെ വി. കുർബാന അർപ്പിക്കപ്പെടുന്നു.

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽപ്പെട്ട കുന്നന്താനം പഞ്ചായത്തിൽ ആഞ്ഞലിത്താനത്താണ് ശ്രീ. റ്റി. എ. കുര്യൻ ജനിച്ചത്. 1952 മെയ് മാസം 25-ാം തീയതി കർഷക ദമ്പതികളായ തൈപ്പറമ്പിൽ ഏബ്രഹാം കുര്യന്റേയും ശോശാമ്മ ഏബ്രഹാമിന്റെയും 5 മക്കളിൽ കനിഷ്ഠ പുത്രനായി ജനനം. 2 പുത്രന്മാരും 3 പുത്രിമാരും ഉൾപ്പെടുന്ന പഞ്ചദളങ്ങളിൽ 4-ാമത്തെ മകൻ ചെറുപ്പത്തിലെ മരിച്ചു. തികഞ്ഞ ഓർത്തഡോക്സ് വിശ്വാസികളായിരുന്ന കുടുംബം ആഞ്ഞലിത്താനം ഇടവകക്കാരായിരുന്നു. ഓർത്തഡോക്സ് സഭയിൽ അക്കാലത്ത് ഉണ്ടായിരുന്ന ഉയർന്ന വേദപഠന ക്ലാസ്സായ 6-ാം ക്ലാസ് പഠനം കുര്യൻ പൂർത്തിയാക്കിയിരുന്നു. 1968 ൽ അഭി. സഖറിയാസ് മാർ അത്തനാസിയോസ് പിതാവാണ് അപ്പനേയും മകനേയും കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുത്തിയത്.

കഷ്ടപ്പാടും ക്ലേശങ്ങളും നിറഞ്ഞതായിരുന്നു കുട്ടിക്കാലം. അതിനെയെല്ലാം അതിജീവിച്ച് വളർന്നത് ദൈവത്തിന്റെ ശക്തമായ സംരക്ഷണത്തിലാണ്. ''അന്വേഷിക്കുവിൻ കണ്ടെത്തും, മുട്ടുവിൻ തുറക്കപ്പെടും, യാചിപ്പിൻ തരപ്പെടും'' എന്ന ബൈബിൾ വാചകം തന്റെ ജീവിതത്തിലും അർത്ഥപൂർണ്ണമാക്കപ്പെട്ടു. പ്രീഡിഗ്രിയും റൈപ്പും പഠിച്ച ഈ ചെറുപ്പക്കാരൻ അലസനാകാൻ പാടുണ്ടായിരുന്നില്ല. തന്റെ ഇളയ 3 സഹോദരിമാരെക്കുറിച്ചുള്ള ചിന്ത മനസ്സിനെ ആശങ്കപ്പെടുത്തി. കുടുംബത്തിന്റെ ഉത്തരവാദിത്വം സ്വയം ചുമലിലേറ്റി നല്ല വേതനമുള്ള ഒരു ജോലിക്കായി അദ്ദേഹം ഇറങ്ങിതിരിച്ചു. തൂത്തുക്കുടി, ആഗ്ര, മദ്ധ്യപ്രദേശ് തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽ ജോലി ചെയ്തു. പഞ്ചാബിൽ സ്പിന്നിംഗ് മില്ലിൽ 2 വർഷക്കാലം പണിയെടുത്തു.1980 മുതൽ നാട്ടിൽ സജീവം ആകാൻ തുടങ്ങി. 1983 ൽ കുര്യൻസാർ വിവാഹിതനായി. ഭാര്യ കല്ലൂപ്പാറ മാരുക്കുഴി വീട്ടിൽ അന്നമ്മയ്ക്ക് ഗൃഹജോലി. ഒരു മകനും ഒരു മകളും ഉൾപ്പെടുന്ന കുടുംബം. പ്ലസ് ടുവും ഐ. റ്റി.ഐ. യിൽ കമ്പ്യൂട്ടറും പാസ്സായ ഇളയ മകൾ ലിജയെ ചമ്പക്കുളത്ത് വിവാഹം ചെയ്തയച്ചു. മകൻ അജോ ഏബ്രഹാം മാത്ത്സിൽ ബി.എസ്.സി. എടുത്ത് ടെസ്റ്റ് പാസ്സായി കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ 'അന്തരീക്ഷ ശാസ്ത്രത്തിൽ' എം.എസ്.സി. ബിരുദം നേടി. സൈന്റിസ്റ്റ് തലത്തിലുള്ള ഈ പഠനം കഴിഞ്ഞെങ്കിലും ജോലിക്ക് വേണ്ടത്ര സ്കോപ്പ് ഉണ്ടായിരുന്നില്ല. അജോ ഇപ്പോൾ നെൻമേനിയിലുള്ള ഗവ. ഐ.റ്റി.ഐ. യിൽ എൽ.ഡി. ക്ലർക്കായി ജോലി ചെയ്യുന്നു. മകന് അനുയോജ്യയായ ഒരു ജീവിത പങ്കാളിയെ കണ്ടെത്താനുള്ള പരിശ്രമത്തിലാണ് ഈ പിതാവ്.

ഏല്പിക്കുന്നതും ഏറ്റെടുക്കുന്നതുമായ ഏത് ഉത്തരവാദിത്വവും ആത്മാർത്ഥതയോടും, വിശ്വസ്തതയോടും ചെയ്തു തീർക്കുക എന്നത് കുര്യൻസാറിൽ പ്രകടമായി കാണുന്ന സവിശേഷതയാണ്. ഈ സ്വഭാവ വൈശിഷ്ട്യം ആണ് മല്ലപ്പള്ളി ഇടവക വികാരിയായിരുന്ന വന്ദ്യ കോർഎപ്പിസ്കോപ്പ ചെറിയാൻ രാമനാലിലച്ചനെ ഏറെ ആകർഷിച്ചത്. 1981 ൽ തിരുവല്ല അതിഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള മല്ലപ്പള്ളി സെന്റ് ജോസഫ് ഐ.റ്റി.ഐ. യുടെ ക്ലെറിക്കൽ തസ്തികയിലേക്ക് കുര്യനെ അച്ചൻ നിയമിച്ചു. ജോലിയിൽ പ്രവേശിക്കുമ്പോൾ അച്ചൻ ഒരു കാര്യം ഓർമ്മിപ്പിച്ചു. ഞാൻ ഡയറക്ടറാണെങ്കിലും സ്ഥാപനത്തിന്റെ എല്ലാ കാര്യങ്ങളിലും കുര്യന്റെ ശ്രദ്ധ എപ്പോഴും ഉണ്ടായിരിക്കണം. ആ ഓർമ്മപ്പെടുത്തൽ ഇപ്പോഴും പാലിക്കപ്പെടുന്നു. തന്റെ പ്രവർത്തന മണ്ഡലം മല്ലപ്പള്ളിയിൽ ആയതിനാൽ സ്വദേശത്തേക്കാൾ ഉപരി മല്ലപ്പള്ളിക്കാർക്ക് അദ്ദേഹം ഏറെ സുപരിചിതനാണ്. ആത്മീയ പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഇടവക ശുശ്രൂഷയിലുള്ള പങ്കാളിത്തമാണ് സാറിന് എപ്പോഴും ആനന്ദം പകരുന്നത്. സുദീർഘമായ 22 വർഷക്കാലം ഇടവകയുടെ സെക്രട്ടറിയായി സേവനം ചെയ്ത അപൂർവ്വ വ്യക്തിത്വം ആണ് കുര്യൻസാർ. 3 വർഷം ട്രസ്റ്റിയായിരുന്നു. 6 വർഷം എം.സി.എ. മേഖല സെക്രട്ടറി. ഇപ്പോൾ ഇടവകയുടെ എം.സി.എ. യൂണിറ്റ് സെക്രട്ടറിയാണ്. യുവജന പ്രസ്ഥാനമായ എം.സി.വൈ.എം. യുവദീപം ആയിരുന്ന ആരംഭകാലം മുതൽ മേഖല ഭാരവാഹിയായിരുന്നു. 1987 മുതൽ 3 തവണ എം.സി.വൈ.എം., മേഖല ആനിമേറ്റർ ആയിരുന്നിട്ടുണ്ട്. സംയുക്ത കുടുംബ കൂട്ടായ്മ മേഖല സെക്രട്ടറിയായിരുന്ന ഇദ്ദേഹം ഇപ്പോൾ പള്ളിയിലെ സെന്റ് തോമസ് കൂട്ടായ്മയുടെ സെക്രട്ടറിയായി തുടരുന്നു. കൂടാതെ മതബോധനത്തിന്റെ മേഖല സെക്രട്ടറിയായും സേവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇടവകയുടെ ഭരണസമിതി യംഗമാണ്.

1986 മുതൽ ദൈവാലയത്തിലെ മദ്ബഹാ ശുശ്രൂഷകനായിരുന്നുകൊണ്ട് തന്റെ ദൈവവേലയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നു. അഭിഷിക്തരെ ആദരിക്കുകയും അവരുടെ താല്പര്യത്തോട് ചേർന്ന് നിന്ന് പ്രവർത്തിക്കുകയും ചെയ്യുന്നത് കാരണം എല്ലാ വൈദികർക്കും കുര്യൻസാർ പ്രിയങ്കരനാണ്. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ എമിരറ്റസ് ബിഷപ്പായിരിക്കുന്ന അഭി. ഏബ്രഹാം മാർ യൂലിയോസ് പിതാവിന്റെ പേരമ്മയുടെ (അമ്മയുടെ ജ്യേഷ്ഠത്തി) കൊച്ചുമകൻ കൂടിയാണ് കുര്യൻസാർ.

ആരോഗ്യമുള്ള കാലവും, ലഭിക്കുന്ന ഓരോ നിമിഷവും ദൈവതിരുമുമ്പിൽ വിലപ്പെട്ടതാണ്.



www.malankaralibrary.com

അദ്ധ്വാനിക്കുന്നതിൽ മടുപ്പ് തോന്നാത്ത ഈ മനുഷ്യന് വെറുതെ കളയാൻ സമയമില്ല. പുലർച്ചെ അഞ്ചേകാലിന് ഉണർന്ന് പ്രാർത്ഥിക്കുന്ന ശീലം ഇപ്പോഴും തുടരുന്നു. തുടർന്ന് കൃഷിയിടങ്ങളിലേക്ക് ഇറങ്ങുകയായി. റബർമരം സ്വയം വെട്ടി കറയെടുക്കുന്നു. മരച്ചീനി, നേന്ത്രവാഴ, ചേന, ചേമ്പ്, പച്ചക്കറികൾ എല്ലാം പുരയിടത്തിൽ കൃഷി ചെയ്യുന്നു. വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ വീട്ടിൽനിന്നുതന്നെ ഉൽപാദിപ്പിക്കുന്നു. പ്രാർത്ഥനയാണ് ഈ അൽമായ ശുശ്രൂഷകന്റെ ഊർജ്ജം. പരി. മാതാവിനോടുള്ള അചഞ്ചലമായ ഭക്തിയും, വിശ്വാസവും അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും കരുത്തായി മാറുന്നു. ഇപ്പോഴും യുവത്വത്തിന്റെ പ്രസരിപ്പോടെയും ഉത്സാഹത്തോടെയും കർമ്മമണ്ഡലങ്ങളിൽ സജീവമാണ് ഈ 68 കാരൻ. 14 വർഷങ്ങൾക്ക് മുമ്പ് പിതാവും, 1 വർഷം മുമ്പ് മാതാവും ഈ ലോകത്തിൽനിന്ന് യാത്രയായി.

മതാദ്ധ്യാപനം അത്ര നിസ്സാരമായി കാണരുതെന്നും ഏറെ ഒരുക്കത്തോടും തയ്യാറെടുപ്പോടുംകൂടി വേണം കുട്ടികളെ പഠിപ്പിക്കാനെന്നുമുള്ള ബോധ്യമാണ് അദ്ദേഹത്തിനുള്ളത്. കാരണം കുഞ്ഞുങ്ങളെ വിശ്വാസത്തിൽ ആഴപ്പെടുത്താൻ അടിസ്ഥാനമിടുന്ന ശിലകൾ ബലവത്തായിരിക്കണം. ടീച്ചിംഗ് നോട്ട്സ് ഉപയോഗിച്ചാണ് ഇപ്പോഴും പഠിപ്പിക്കുന്നത്. സഭയുടെ ചരിത്രം കുട്ടികളെ പഠിപ്പിക്കുന്നതിൽ സാറിന് അതിയായ താല്പര്യമാണ്. തിയോളജിക്കൽ ടീച്ചിംഗ് കോഴ്സ് കറസ്പോണ്ടൻസായി പഠിച്ച് 2 പ്രാവശ്യം, 1 വർഷ സർട്ടിഫിക്കറ്റും (2000-2001, 2005-2006) 1 തവണ, 2 വർഷ കോഴ്സിലും (2006-2008) പങ്കെടുത്ത് അതിഭദ്രാസനത്തിന്റെ സർട്ടിഫിക്കറ്റും വാങ്ങിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വിലപ്പെട്ട നിസ്തുല സേവനത്തിന് 2009 ലെ മതാദ്ധ്യാപകർക്കുള്ള മല്ലപ്പള്ളി മേഖലയുടെ ''അദ്ധ്യാപക രത്ന'' അവാർഡ് ലഭിക്കുകയുണ്ടായി.

അദ്ധ്വാനത്തിന് കാലം തിരുനെറ്റിയിൽ ചാർത്തികൊടുത്ത നേരിയ വരപ്പാടുകളിൽ മെല്ലെ തടവി അദ്ദേഹം തുടർന്നു. കുട്ടികൾ വഴിതെറ്റി പോകാൻ ഏറെ സാദ്ധ്യതകൾ ഉള്ള ഈ കാലഘട്ടത്തിൽ യേശുവിനെ അറിഞ്ഞ് ദൈവാനുഭവമുള്ള കുഞ്ഞുങ്ങളായി വളർത്തിയെടുക്കുക ഏറെ ദുഷ്ക്കരം തന്നെയാണ്. ഇന്ന് നാം പറഞ്ഞ് കൊടുക്കുന്ന ദൈവികപ്രബോധനം പ്രായോഗിക ജീവിതത്തിൽ അവർക്ക് പാഠമാകണം. ഇപ്പോൾ നാം അടിസ്ഥാനം ഇട്ടുകൊടുക്കുന്ന വിശ്വാസ പരിശീലനം ആയിരിക്കണം ജീവിതത്തിൽ എന്നും ഒരു ലാൻഡ് മാർക്കായി അവരിൽ നിലനിൽക്കേണ്ടത്. അതിനായി നാം അല്പം ത്യാഗം സഹിക്കേണ്ടി വരും. കുര്യൻസാർ സൺഡേസ്കൂൾ പഠിപ്പിച്ച ഒരു പെൺകുട്ടി ഇന്ന് ഗുജറാത്തിൽ ജേർണലിസ്റ്റായി ജോലി ചെയ്യുന്നു. ആ കുട്ടി എല്ലാ അദ്ധ്യാപകദിനത്തിലും കൃത്യമായി സാറിനെ വിളിച്ച് ആശംസ അറിയിക്കും. നാം ദൈവിക അറിവ് പകർന്ന് നൽകിയ കുഞ്ഞുങ്ങൾ അതിന്റെ ഫലപ്രാപ്തിയിലെത്തുമ്പോൾ നമ്മളിലുണ്ടാകുന്ന സംതൃപ്തിയും സന്തോഷവും വർണ്ണനാതീതമാണ്. താൻ പഠിപ്പിച്ച സെലിൻ മാത്യു എന്ന പെൺകുട്ടി ഇന്ന് സിസ്റ്ററായി സേവനം ചെയ്യുന്നെന്നറിയുമ്പോഴും അഭിമാനമാണ് തോന്നുന്നത്. 31 കുട്ടികളുടെ പ്രധാനാദ്ധ്യാപകനായി ശുശ്രൂഷ ചെയ്യുന്ന ഇദ്ദേഹം 11-ാം ക്ലാസ്സുവരെ പഠിപ്പിക്കുകയും ചെയ്യുന്നു. സീറോ മലബാർ റീത്തിലുള്ള കുന്നന്താനം ദൈവപരിപാലന ഭവനിലെ 2 ബഹു. സിസ്റ്റേഴ്സ് ഈ പള്ളിയിൽ സ്ഥിരമായി വേദപാഠം പഠിപ്പിക്കുന്നുണ്ട്.

കോവിഡുകാലം നമ്മെ പലതും പഠിപ്പിച്ചു. ലോക്ഡൗൺ നാളുകളിൽ ആരാധനാലയങ്ങൾ അടഞ്ഞപ്പോൾ നമ്മുടെ ഭവനങ്ങൾ ആരാധനാലയങ്ങളായി മാറി. ദൈവാഭിമുഖ്യമുള്ള ധാരാളം ഭവനങ്ങൾ ഈ കാലയളവിൽ വളർന്നു വന്നു. ഈ പ്രത്യേക സാഹചര്യത്തിൽ അതിഭദ്രാസന തലത്തിൽ നടക്കുന്ന ഓൺലൈൻ മതപഠനക്ലാസ് ഏറെ അനുഗ്രഹപ്രദവും, ശ്ലാഘനീയവുമായിരിക്കുന്നു. ഇത് വിജയകരമാക്കി തീർക്കാൻ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകിച്ച് ബഹു. സന്തോഷ് അഴകത്തച്ചനോടും അതിഭദ്രാസന മതബോധന ഡയറക്ടർ തോമസ്കുട്ടി പതിനെട്ടിലച്ചനോടും നന്ദി പറയുന്നു. വെറുമൊരു വൈറസിന് മുമ്പിൽ കീഴടങ്ങാനുള്ളതല്ല നമ്മുടെ ജീവിതം. ''കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യം അവലംബിക്കുവിൻ''. സങ്കീർത്തകന്റെ വാക്കുകൾ കടമെടുത്ത് അദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞ് നിർത്തി. സാവധാനം എഴുന്നേറ്റ് തന്റെ ഓഫീസ് തിരക്കിലേക്ക് മറഞ്ഞു. ഫോട്ടോസ്റ്റാറ്റ് മെഷീന്റെ ഫ്ളാപ്പ് തുറന്ന് ഓഫീസ് രേഖകൾ അതിനുള്ളിലേക്ക് തിരുകി വെച്ച് മെല്ലെ ഫ്ളാപ്പ് അടച്ച്, അതിനുള്ളിലെ വെള്ളി വെളിച്ചത്തിൽ, നേരിയ ശബ്ദത്തോടെ ഒഴുകിയിറങ്ങുന്ന ശരിപകർപ്പുകളെ പ്രതീക്ഷിച്ച് ക്ഷമയോടെ കാത്തിരിക്കുമ്പോഴും ആ ഓഫീസുമുറിയിലെ 4 ചുവരുകളിൽ തട്ടി പ്രതിദ്ധ്വനിച്ച് അന്വർത്ഥമാകുന്നത് വി. ഫ്രാൻസിസ് അസീസി വിളിച്ചു പറഞ്ഞ അതേ വാചകങ്ങളാണ്. ''ജീവിതത്തിന്റെ അവസാനം വരെ ഒരു വ്യക്തമായ ധാരണ ഉണ്ടാകണം. നിങ്ങളുടെ ലക്ഷ്യങ്ങളും വിധികളും ദൈവം സൃഷ്ടിച്ചതാണെന്ന് മറക്കാതിരിക്കുക. അദ്ദേഹത്തിന്റെ മുന്നിൽ നിങ്ങൾ എന്താണോ അതാണ് നിങ്ങൾ. അതിൽ കവിഞ്ഞൊന്നും ഇല്ല. ഈ ഭൂമിയിൽനിന്നു മടങ്ങുമ്പോൾ നിങ്ങൾ ഉന്നതത്തിൽനിന്നും നൽകപ്പെട്ടതല്ലാതെ മറ്റൊന്നും കൊണ്ട് പോകുന്നില്ല എന്നും ഓർക്കണം. സത്യസന്ധമായ സേവനവും സ്നേഹവും ത്യാഗവും ധൈര്യം നിറഞ്ഞ ഹൃദയവും മാത്രമാണ് തിരികെ പോകുമ്പോൾ കൊണ്ടു പോകുന്നത്''.



www.malankaralibrary.com

# സുറിയാനി പഠനം

## അഞ്ചാം ഭാഗം



ഫാ. ഡോ. രാജു പറക്കോട്ട്

1

### പാഠം 4
### കോഫ്-ലോമാദ്-മീം-നൂൻ


ഇംഗ്ലീഷ് അക്ഷരമാലയിലെ k, l, m, n എന്നി അക്ഷരങ്ങളുടെ ക്രമത്തിൽ വരുന്ന 4 അക്ഷരങ്ങളും, വാവ്-ഹെ-യൂദ് എന്നി അക്ഷരങ്ങളുമായി ബന്ധപ്പെട്ട മൂന്ന് നിയമങ്ങളുമാണ് പ്രധാനമായി ഈ പാഠത്തിന്റെ ഉള്ളടക്കം.

**അക്ഷരങ്ങൾ**

ഈ നാല് അക്ഷരങ്ങളും ഏതെങ്കിലും ഒരു പദത്തിന്റെ അന്ത്യാക്ഷരമായി വരുമ്പോൾ അവയ്ക്ക് രൂപവ്യത്യാസം സംഭവിക്കുന്നു. അതിനാൽ ഓരോ അക്ഷരത്തിന്റെയും സാധാരണ രൂപവും പദാന്ത്യരൂപവും ഒന്നിച്ച് നല്കിയിരിക്കുന്നു.

| അക്കം | ഉച്ചാരണം | പേര് | അക്ഷരം |
|---|---|---|---|
| 20 | ക് | കോഫ് | ܟ ܟ |
| 30 | ല് | ലോമാദ് | ܠ ܠ |
| 40 | മ് | മീം | ܡ ܡ |
| 50 | ന് | നൂൻ | ܢ ܢ |

**അക്ഷരങ്ങൾ എഴുതുന്ന വിധം**



**അക്ഷരങ്ങൾക്കുണ്ടാകുന്ന രൂപവ്യത്യാസങ്ങൾ**

| അവസാനം | ഇടയിൽ | ആദ്യം | അക്ഷരം |
|---|---|---|---|
| ܟ | ܟܟܟ | ܟܟ | കോഫ് |
| ܠ | ܠܠܠ | ܠܠ | ലോമാദ് |
| ܡ | ܡܡܡ | ܡܡ | മീം |
| ܢ : ܢ | ܢܢܢ | ܢܢ | നൂൻ |

2

**ശ്രദ്ധിക്കുക**

1. ഈ 4 അക്ഷരങ്ങളും വലതുവശത്തെയും ഇടതുവശത്തെയും അക്ഷരങ്ങളുമായി ബന്ധിപ്പിച്ചാണ് എഴുതുന്നത്.

2. ഈ നാല് അക്ഷരങ്ങളും ഏതെങ്കിലും ഒരു പദത്തിന്റെ അന്ത്യാക്ഷരമായി വരുമ്പോൾ അവയ്ക്ക് രൂപവ്യത്യാസം സംഭവിക്കുന്നു.

3. തൊട്ടു മുൻപിലെ അക്ഷരത്തോട് ബന്ധിപ്പിച്ച് എഴുതുന്ന നൂൻ (ܢ), ഇടതുവശത്തെ അക്ഷരവുമായി ബന്ധിപ്പിച്ച് എഴുതാത്ത അക്ഷരത്തോട് ചേർക്കുന്ന നൂൻ (ܢ) എന്നിങ്ങനെ ഒരു പദത്തിന്റെ അന്ത്യാക്ഷരമായി നൂൻ എന്ന അക്ഷരം രണ്ട് വ്യത്യസ്ത രീതികളിൽ എഴുതുന്നു.

**വായനാ പരിശീലനം**

| | | |
|---|---|---|
| കു, കൂ = ܟܽ | കി, കീ = ܟܺ | ക, കാ = ܟܰ |
| | കൊ, കോ = ܟܳ | കെ, കേ = ܟܶ |
| ലു, ലൂ = ܠܽ | ലി, ലീ = ܠܺ | ല, ലാ = ܠܰ |
| | ലൊ, ലോ = ܠܳ | ലെ, ലേ = ܠܶ |
| മു, മൂ = ܡܽ | മി, മീ = ܡܺ | മ, മാ = ܡܰ |
| | മൊ,മോ = ܡܳ | മെ, മേ= ܡܶ |
| നു, നൂ = ܢܽ | നി, നീ= ܢܺ | ന, നാ = ܢܰ |
| | നൊ, നോ = ܢܳ | നെ, നേ= ܢܶ |

**സംയുക്തരൂപങ്ങൾ** (Ligatures)

രണ്ട് അക്ഷരങ്ങൾ ഒന്നിച്ച് ഒറ്റ അക്ഷരമായി എഴുതുന്ന രൂപമാണ് അക്ഷരങ്ങളുടെ സംയുക്തരൂപം (ligature). ഇപ്രകാരമുള്ള 2 സംയുക്തരൂപങ്ങൾ താഴെ നല്കുന്നു.

1. ലോമാദ് ( ܠ ) എന്ന അക്ഷരം ആദ്യവും, അതിനോടു ചേർന്നു തന്നെ ഓലാഫ് (ܐ) എന്ന അക്ഷരവും വന്നാൽ, ലോമാദിന്റെ ചരിഞ്ഞ (slanted) വര, ഓലാഫിന്റെ വര പോലെ നേരെയാക്കി (straight) ഒറ്റ അക്ഷരമായി എഴുതുന്നു.

⁘ ܠܐ = ܐ + ܠ



www.malankaralibrary.com

ജന്മനാ ചരിഞ്ഞവനായ ലോമാദ് ( ܠ ), ജന്മനാ നേരെയുള്ളവനായ ഓലാഫിനോടു (ܐ) ചേരുമ്പേൾ ലോമാദും നേരെയുള്ളവനാകുന്നു. ചുരുക്കത്തിൽ രണ്ടാമത്തെ അക്ഷരത്തിന്റെ രൂപം ആദ്യത്തെ അക്ഷരത്തിന് ലഭിക്കുന്നു.

ܟܠܐ ❖ ܥܡܠܐ ❖ ܗܝܟܠܐ ❖

2. ഓലാഫ് (ܐ) എന്ന അക്ഷരം ആദ്യവും, അതിനോടു ചേർന്നു തന്നെ ലോമാദ് ( ܠ) എന്ന അക്ഷരവും വന്നാൽ, ഓലാഫിന്റെ നേരേയുള്ള (straight) വര, ലോമാദിന്റെ വര പോലെ ചരിച്ച് (slanted) ഒറ്റ അക്ഷരമായി എഴുതുന്നു.

ܐܠ = ܠ + ܐ

ജന്മനാ നേരെയുള്ളവനായ ഓലാഫ് (ܐ), ജന്മനാ ചരിഞ്ഞവനായ ലോമാദിനോടു ( ܠ) ചേരുമ്പേൾ ഓലാഫും ചരിഞ്ഞവനാകുന്നു. ചുരുക്കത്തിൽ രണ്ടാമത്തെ അക്ഷരത്തിന്റെ രൂപം ആദ്യത്തെ അക്ഷരത്തിന് ലഭിക്കുന്നു.

ܐܠܐ ❖ ܐܠܗ ❖ ܐܠܗܐ ❖

**ശ്രദ്ധിക്കുക**

ഒരു പദത്തിന്റെ അന്ത്യാക്ഷരമായി വരുന്ന ലോമാദിന്റെ രൂപം, ലോമാദും ഓലാഫും ഒന്നിച്ചു വരുന്ന സംയുക്തരൂപം, രണ്ട് ലോമാദുകൾ ഒന്നിച്ചുവരുന്ന രൂപം എന്നിവ പരസ്പരം തിരിച്ചറിയാൻ സാധിക്കേണ്ടതാണ്.

1. ഒരു പദത്തിന്റെ അന്ത്യാക്ഷരമായി വരുന്ന ലോമാദിന്റെ രൂപം

ܠ — ܥܡܠ ❖

2. ലോമാദും ഓലാഫും ഒന്നിച്ചു വരുന്ന സംയുക്തരൂപം.

ܠܐ — ܥܡܠܐ ❖

3. രണ്ട് ലോമാദുകൾ ഒന്നിച്ചുവരുമ്പോഴുള്ള രൂപം.

ܠܠ - ܟܠܠ ❖

**പദപരിചയം**

(from) നിന്ന് ܡܢ

(fish) മത്സ്യം ܢܘܢܐ

(sea) സമുദ്രം ܝܡܐ

(dog) നായ്, പട്ടി ܟܠܒܐ



(God) ദൈവം ܐܠܗܐ

**പരിശീലനം 4.1 സുറിയാനിയിൽ എഴുതുക**

1. ക കാ കി കീ കു കൂ കെ കേ കൊ കോ
2. ല ലാ ലി ലീ ലു ലൂ ലെ ലേ ലൊ ലോ
3. മ മാ മി മീ മു മൂ മെ മേ മൊ മോ
4. ന നാ നി നീ നു നൂ നെ നേ നൊ നോ

**പരിശീലനം 4.2**
**സ്വരങ്ങൾ നല്കി അർത്ഥം എഴുതുക**

1.ܐܠܗܐ ❖ 2.ܟܠܒܐ ❖ 3.ܝܡܐ ❖ 4.ܢܘܢܐ ❖ 5.ܡܢ ❖

**പരിശീലനം 4.3 വിവർത്തനം ചെയ്യുക**

1. ܢܘܢܐ ܡܢ ܝܡܐ ❖
2. ܐܠܗܐ ܚܙܐ ܕܒܐ ❖
3. ܟܠܒܐ ܗܘܐ ܡܢ ܒܝܬܐ ❖

**പരിശീലനം 4.4 സുറിയാനിയിൽ എഴുതുക**

1. കടലിൽ നിന്നുള്ള മത്സ്യം
2. അല്ലയോ നല്ല ദൈവമെ മത്സ്യം തരൂ
3. കുട്ടി പാപം ചെയ്യുകയും ദൈവം കാണുകയും ചെയ്തു



www.malankaralibrary.com

# പുഷ്പഗിരി കാൻ കെയർ പദ്ധതി

**തി**രുവല്ല പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രി ആറു പതിറ്റാണ്ടുകൾക്കു മുൻപ് അക്കാലത്തെ ഏറ്റവും വലിയ പ്രശ്നമായിരുന്ന അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ പരിപാലനക്കുറവും മരണ നിരക്കും കണക്കിലെടുത്ത് എട്ടു ബെഡുകൾ ഉള്ള മദർ ആന്റ് ചൈൽഡ് ആശുപത്രിയായി തുടങ്ങി. ഇന്ന് അറുപതു വർഷങ്ങൾ പിന്നിടുമ്പോൾ മദ്ധ്യ കേരളത്തിലെ ജനങ്ങൾക്ക് കാലോചിതമായ പുരോഗതികൾ പരിശോധന-രോഗ നിർണ്ണയ രീതിയിലും ചികിൽസാരീതിയിലും വരുത്തുന്നതിനൊപ്പം മെഡിക്കൽ പാരാമെഡിക്കൽ കോഴ്സുകൾവഴി ഭാവിയിൽ മെഡിക്കൽ സേവന മേഖലയിൽ വിദഗ്ധരെ സംഭാവന ചെയ്യുന്നതിലും ശ്രദ്ധ നൽകുന്നു.

കാൻസർ മൂലമുള്ള മരണ സാധ്യത വികസ്വര രാജ്യങ്ങളിൽ വളരെ കൂടുതലാണ്. കാരണങ്ങൾ പലതാണ്. ഇതിൽ പ്രധാനപ്പെട്ട ഒരു പ്രശ്നം സമയാസമയങ്ങളിൽ ഉള്ള പരിശോധനക്കുറവും രോഗത്തിന്റെ സൂചനകളോടുള്ള അജ്ഞതയുമാണ്. പ്രാരംഭ ഘട്ടത്തിൽതന്നെ കണ്ടുപിടിച്ചാൽ നല്ലൊരു പരിധിവരെ ചികിത്സിച്ചു ഭേദമാക്കാൻ പറ്റുന്ന രോഗാവസ്ഥയാണ് കാൻസർ. കാൻസർ മൂലമുള്ള മരണസംഖ്യ കൂടുന്നത് സമൂഹത്തിന്റെ സ്വാഭാവിക ജനന-മരണ സന്തുലതയെ ബാധിക്കുന്ന വിഷയമാണ്. കാൻസർ പ്രാരംഭഘട്ടത്തിൽ കണ്ടുപിടിക്കുന്നതിനും ക്യാൻസറിനെ പ്രതിരോധിക്കുവാനുമുള്ള ബോധവൽക്കരണം നടത്തുവാനുമാണ് കാൻ കെയർ പദ്ധതി ലക്ഷ്യമിടുന്നത്. പൊതുവെ വാർഷിക പരിശോധന നടത്തുന്ന പ്രവണത നമുക്കു കുറവാണ്. സ്ത്രീകൾ പ്രത്യേകമായി പരിശോധന നടത്തേണ്ട സ്തനങ്ങളും, ഗർഭാശയമുഖവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പ്രാരംഭ ഘട്ടത്തിൽ തന്നെയാണെങ്കിൽ ചെറിയ മാറ്റങ്ങൾ കണ്ടുപിടിക്കാൻ സഹായിക്കും എന്നതിനാലാണ്. തുടർന്ന് പരിശോധനകൾ നടത്താനുള്ള പ്രവണതയും ഇതിലൂടെ വളർത്തി എടുക്കാനും സാധിക്കും. ഒരു സ്ത്രീയ്ക്ക് കുടുംബത്തിലുള്ള സ്ഥാനവും ഉത്തരവാദിത്വും വലുതാണ്. ഇതിനാൽതന്നെ സമൂഹത്തിന് സ്ത്രീകളോടുള്ള ഉത്തരവാദിത്വവും കൂടുതലാണ്. അതിനാൽ നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ് അമ്മ, സഹോദരി, ഭാര്യ, മകൾ എന്നിവരെ വാർഷിക പരിശോധന നടത്തിക്കേണ്ടത്. മുനിസിപ്പാലിറ്റി/പഞ്ചായത്ത്/കുടുംബശ്രീ/അയൽക്കൂട്ടം/സാമൂഹിക സാമുദായിക വനിതാ സംഘടനകൾ ഈ പദ്ധതിക്ക് നേതൃത്വം കൊടുക്കുകയും പുഷ്പഗിരി മെഡിക്കൽ കോളേജിലെ വിദഗ്ധരായ ഡോക്ടർമാരുടെ സേവനവും സംവിധാനങ്ങളും ഉപയോഗപ്പെടുത്തുമ്പോൾ പൂർണ്ണമായ കാൻസർ ബോധവൽക്കരണ-പരിശോധന-രോഗ നിർണ്ണയ പദ്ധതിയായി ഈ പദ്ധതി ഫലവത്താകുകയും ചെയ്യും. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി ജില്ലക






www.malankaralibrary.com

ളിൽ ഒരു വർഷ കാലയളവിലാണ് പദ്ധതി പൂർത്തിയാക്കുക.

**ലക്ഷ്യം**

1. സ്ത്രീകളിൽ ബ്രസ്റ്റ്, തൈറോയിഡ്, ഓറൽ, സെർവിക്സ് എന്നീ ഭാഗങ്ങൾ അത്യാധുനിക ഉപകരണങ്ങളുടെ സഹായത്താൽ വിദഗ്ധ ഡോക്ടർമാർ പരിശോധിക്കുന്നു.

5. രോഗം സംശയിക്കുന്ന സ്ത്രീകളുടെ തുടർ പരിശോധനയ്ക്ക് സാമ്പത്തിക സഹായത്തോടുകൂടി വിദഗ്ധ ഡോക്ടർമാരുടെ സേവന ലഭ്യത ഉറപ്പാക്കുന്നു.

6. രോഗം നിർണ്ണയിച്ചാൽ ചികിത്സയ്ക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നു.

7. പരിശോധന പദ്ധതി : സ്ത്രീകൾക്ക് മുൻഗണന കൊടുത്തുകൊണ്ട് ബ്രസ്റ്റ്, തൈറോയ്ഡ്, ഓറൽ, സർവിക്സ് ഭാഗങ്ങളുടെ പരിശോധന നടത്തുന്നു. ഇത് ഏറ്റവും അത്യാധുനിക സംവിധാനങ്ങളുടെ സഹായത്തോടെയും എല്ലാ സുരക്ഷിതത്വത്തോടും കൂടിയും നടത്തപ്പെടുന്നു.

8. ബോധവൽക്കരണ ക്ലാസുകൾ

9. പ്രത്യേക പരിശീലനം ലഭിച്ച വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകളും കൗൺസിലിങ്ങും നടത്തപ്പെടും.

10. സ്തന പരിശോധന: ക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാ സ്ത്രീകളെയും സ്തനപരിശോധനയ്ക്ക് വിധേയമാക്കും. പ്രത്യേക പരിശീലനം ലഭിച്ച ഡോക്ടർമാരും നഴ്സുമാരും പരിശോധനകൾ നടത്തുന്നതാണ്. iBreast Exam ഉപകരണം സ്തനങ്ങളിലെ ചെറുതും വലുതുമായ മാറ്റങ്ങളും തടിപ്പുകളും കമ്പ്യൂട്ടറിന്റെ സഹായത്തോടുകൂടി കണ്ടുപിടിക്കുവാൻ സഹായിക്കുന്നു. സമ്മതപത്രത്തോടുകൂടി നടത്തുന്ന ഈ പരിശോധനയുടെ ഫലത്തിൽ ഏതെങ്കിലും സംശയമുള്ള കാര്യങ്ങൾ കണ്ടുപിടിച്ചാൽ തുടർ പരിശോധനയ്ക്ക് മാമോഗ്രാം, അൾട്രാസൗണ്ട് പോലെയുള്ള പരിശോധനകൾ പ്രായപരിഗണനയിൽ നടത്തുന്നതിന് പുഷ്പഗിരി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്നതാണ് .

11. തൈറോയ്ഡ് പരിശോധന: ക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാ സ്ത്രീകളെയും തൈറോയ്ഡ് പരിശോധനയ്ക്ക് വിധേയമാക്കും. പ്രത്യേക പരിശീലനം ലഭിച്ച ഡോക്ടർമാരും നഴ്സുമാരും പരിശോധനകൾ നടത്തുന്നതാണ്. കഴുത്തിലുള്ള വീക്കം, ഗ്രന്ഥി വീക്കം, മറ്റെന്തെങ്കിലും മാറ്റങ്ങൾ എന്നിവ പരിശോധനയിലൂടെ കണ്ടെത്താം. സമ്മതപത്രത്തോടെ നടക്കുന്ന ഈ പരിശോധനയിൽ ഏതെങ്കിലും സംശയം തോന്നുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ അൾട്രാസൗണ്ട് പരിശോധനക്കുവേണ്ടി പുഷ്പഗിരി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്നതാണ്.

12. ഗർഭാശയമുഖ പരിശോധന:

ക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാ സ്ത്രീകളെയും ഗർഭാശയമുഖ പരിശോധനയ്ക്ക് വിധേയമാക്കും VIA (Visual Inspection of Actowhite Areas) കോൾപോസ്കോപ്പ് എന്ന ഉപകരണം ഉപയോഗിച്ച് ഗർഭാശയമുഖത്തെ ശ്രവം അസറ്റിക് ആസിഡുമായി യോജിപ്പിച്ച് അതിന്റെ കളർ വ്യത്യാസം പരിശോധിക്കുന്നു. ഇതിൽ സംശയം തോന്നുന്ന സ്ത്രീകളെ തുടർപരിശോധനയ്ക്കായി (papanilkolaou smear examination) പുഷ്പഗിരി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്നു.

13. ക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാ സ്ത്രീകൾക്കും വായ്ക്കുള്ളിൽ ഉള്ള പരിശോധന velcope ഉപയോഗിച്ച് നടത്തുന്നു. ദന്തഡോക്ടർ നടത്തുന്ന പരിശോധനയിൽ വായ്ക്കുള്ളിലെ നിറവ്യത്യാസം, തടിപ്പുകൾ, ഗ്രന്ഥിവീക്കം എന്നിവ നടത്തുന്നു. ക്യാൻസർ സാധ്യതയുള്ള വ്യത്യാസങ്ങളും തടിപ്പുകളും പരിശോധിച്ച് ഏതെങ്കിലും തരത്തിൽ സംശയമുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പുഷ്പഗിരി മെഡിക്കൽ കോളേജിലേക്ക് punch biopsy ക്ക് റഫർ ചെയ്യുന്നു.

**റഫറൽ സേവനങ്ങൾ** : ക്യാമ്പിൽ പങ്കെടുക്കുന്ന സ്ത്രീകൾക്ക് ഏതെങ്കിലും തരത്തിലുള്ള സംശയാസ്പദമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടാൽ പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് തുടർ പരിശോധനയ്ക്കായി റഫർ ചെയ്യുന്നു. തുടർപരിശോധനകൾ തികച്ചും സൗജന്യമായിരിക്കും.

**a. റഫറൽ സൗജന്യങ്ങൾ :** ക്യാമ്പിൽനിന്നും പുഷ്പഗിരി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തിട്ടുള്ളവർക്ക് കൺസൽറ്റേഷനും പരിശോധനകൾക്കും സൗജന്യങ്ങൾ ലഭിക്കുന്നതാണ്. രജിസ്ട്രേഷന് ഡോക്ടറുടെ കൺസൽട്ടേഷൻ ഫീസ് പൂർണമായും സൗജന്യം ആയിരിക്കും. മറ്റ് രോഗനിർണ്ണയ പരിശോധനകൾക്ക് ഒരു വ്യക്തിക്ക് 2000 രൂപ വരെയുള്ള പരിശോധനകൾ പൂർണ്ണമായും സൗജന്യമായി ലഭിക്കുന്നതാണ്. വിദഗ്ധ പരിശോധനയ്ക്കായി വരുന്നതിന്, ദിവസം 200 രൂപ മറ്റ് ചിലവുകൾക്കായി വ്യക്തിക്ക് നൽകുന്നതാണ്.

**b. അറിയിപ്പുകളും മാർഗ്ഗനിർദ്ദേശങ്ങളും :** പുഷ്പഗിരി മെഡിക്കൽ കോളജിലെ കമ്യൂണിറ്റി ഹെൽത്ത് വിഭാഗത്തിലെ ഡോക്ടർമാരും നേഴ്സുമാരും അനുബന്ധ സ്റ്റാഫും പേഷ്യൻസുമായി സ്ഥിരമായി ആശയവിനിമയം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ കൃത്യസമയത്ത് നൽകുകയും ചെയ്യും. ഏറ്റവും ഉചിതമായ ചികിത്സകൾ രോഗിക്ക് കൃത്യമായ സമയത്തും സ്ഥലത്തും ലഭിക്കുവാൻ പ്രത്യേകമായ കരുതൽ നടപടികളും, കൗൺസിലിംഗും, സാമ്പത്തിക സഹായത്തിന് ആവശ്യമായ വിവിധ പദ്ധതികളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതാണ്.



www.malankaralibrary.com

**പദ്ധതി ആസൂത്രണം:**

പരിശോധന ക്യാമ്പുകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ

**a . ക്യാമ്പ് നടത്തേണ്ടവർ**

ക്യാമ്പ് നടത്തേണ്ട സ്ഥലം നിർദ്ദേശിക്കുകയും ക്യാമ്പിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും വേണം.

**b.** പുഷ്പഗിരി മെഡിക്കൽ കോളേജിലെ പബ്ലിക് റിലേഷൻ ഓഫീസർ നിർദ്ദിഷ്ട സ്ഥലത്തെ സൗകര്യങ്ങൾ അവലോകനം ചെയ്യുകയും ഉത്തരവാദിത്തപ്പെട്ട ആൾക്കാരോടൊപ്പം സുരക്ഷിതത്വം ഉറപ്പു വരുത്തുകയും ചെയ്യും.

**c.** പബ്ലിക് റിലേഷൻ ഓഫീസർ റോഡ് സൗകര്യങ്ങൾ, മുറിയുടെ സുരക്ഷിതത്വം, പോർട്ടബിൾ ആയിട്ടുള്ള ഉപകരണങ്ങൾ വയ്ക്കാനുള്ള സ്ഥലം, കുടിവെള്ളം, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങൾ എന്നിവ അവലോകനം ചെയ്യും.

**d.** പൊതുജനങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ ഒരു സമയത്ത് ആയിരിക്കണം ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടത്. നാലു മണിക്കൂർ സമയംകൊണ്ട് 50 സ്ത്രീകളെ അവലോകനം ചെയ്യുവാനുള്ള സംവിധാനം ക്യാമ്പിൽ ഉണ്ടായിരിക്കുന്നതാണ്.

**e.** കോവിഡിന്റെ മാനദണ്ഡങ്ങൾ പരിഗണിച്ചും പാലിച്ചും ഗവൺമെന്റ് നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ പാലിച്ചും മാത്രമേ ക്യാമ്പുകൾ നടത്തുവാൻ പാടുള്ളൂ.

**സംഘാടകരുടെ ഉത്തരവാദിത്വം**

1. ക്യാമ്പ് നടത്തേണ്ട സ്ഥലം നിർദ്ദേശിക്കുക
2. ക്യാമ്പ് നടത്തുന്ന സ്ഥലത്തിന് ആവശ്യമായ സജ്ജീകരണങ്ങൾ നടത്തണം
3. ക്യാമ്പിൽ പങ്കെടുക്കുവാനുള്ള ആൾക്കാരെ മുൻകൂട്ടി രജിസ്റ്റർ ചെയ്ത് ക്യാമ്പിൽ നിശ്ചിത സമയത്ത് എത്തിക്കണം. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഒരു സമയം അനുവദനീയമായ ആൾക്കാരെ മാത്രമേ പരിശോധന അനുവദിക്കുവാൻ പാടുള്ളൂ.
4. ക്യാമ്പിനെ പറ്റിയുള്ള കാര്യങ്ങൾ മുൻകൂട്ടി പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവരെ അറിയിക്കണം. സംഘടനകൾ ലഘുലേഖകൾ വിതരണം ചെയ്ത് മാധ്യമങ്ങളുടെ സഹായത്തോടു കൂടി പൊതുജനങ്ങളെ അറിയിക്കണം
5. പൊതുപരിപാടികൾ ആവശ്യമുണ്ടെങ്കിൽ മാത്രം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഉദ്ഘാടനം സംഘടിപ്പിക്കുക.

**പുഷ്പഗിരിയുടെ ഉത്തരവാദിത്വങ്ങൾ**

1. ക്യാമ്പ് നടത്തുന്ന സ്ഥലത്തെ ആവശ്യ ക്രമീകരണങ്ങൾ വിലയിരുത്തും. ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും/കൗൺസിലിംഗ് സംഘടിപ്പിക്കും.
2. ഡോക്ടർമാർ, നേഴ്സുമാർ, അനുബന്ധ സ്റ്റാഫ്, ഉപകരണങ്ങൾ എന്നിവരെ ക്യാമ്പുകളിൽ വാഹനങ്ങളിൽ എത്തിക്കും.
3. ക്യാമ്പിൽ സംശയാസ്പദമായി നിർണയിക്കുന്ന പ്രശ്നങ്ങൾ പുഷ്പഗിരിയിൽ തുടർ പരിശോധന നടത്തും
4. തുടർ പരിശോധനയ്ക്ക് വരുന്നവർക്ക് ദിവസ ചിലവും നൽകും
5. സൗജന്യ നിരക്കിൽ പരിശോധനകൾ നടത്തുന്നു
6. തുടർ ചർച്ചകൾക്കായി രേഖകൾ സൂക്ഷിക്കുന്നു

ക്യാമ്പ് വന്നു നടത്തി തരുന്നതിനുള്ള ചിലവുകൾ എല്ലാം പൂർണമായും പുഷ്പഗിരി വഹിക്കുന്നതാണ്.

പത്തുപേർ അടങ്ങുന്ന ഒരു സംഘം നേരത്തേ ബുക്ക് ചെയ്താൽ പുഷ്പഗിരി മെഡിക്കൽ കോളജ് വണ്ടി വിട്ട് കൊണ്ടുവരുകയും പരിശോധനയ്ക്കു ശേഷം തിരികെ കൊണ്ടു വിടുകയും ചെയ്യും. വിവരങ്ങൾക്കും ബുക്കിംഗിനും താഴെ കാണുന്ന ഫോൺ നമ്പറുമായി ബന്ധപ്പെടുക : 9744541776

## ആദരാഞ്ജലികൾ



സി. ലോറ എസ്.ഐ.സി



സി. ബ്ലെസ്സി എസ്.ഐ.സി

തിരുമൂലപുരം



www.malankaralibrary.com


# REMEMBRANCE - AUGUST




**Fr. Philipose**
Elavatta
02 August 1967



**Fr. Joseph**
Cherupuzhathottam
08 August 1992




**Fr. David**
Payyampallil
09 August 1980



**Fr. Joseph**
Pattassery
11 August 1988



**Fr. Joseph**
Pattani
14 August 1994



**Fr. Antony**
Karatt
16 August 1994




**Fr. Varghese**
Karikott
21 August 2010



**Fr. Alexander**
Chalunkaparampil
25 August 2008



**Fr. Chacko**
Elavumparampil
28 August 1999



**Fr. Jacob**
Mundaplackal
30 August 1963





ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുനാളിനോടനുബന്ധിച്ച് 2021 ജൂലൈ 14-ാം തീയതി വൈകുന്നേരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ബാവാതിരുമേനിയുടെ നേതൃത്വത്തിൽ അഭി. പിതാക്കന്മാർ നടത്തിയ മെഴുകുതിരി പ്രദക്ഷിണവും, 15-ാം തീയതി നടന്ന അനുസ്മരണാ ചടങ്ങും



www.malankaralibrary.com




ഫാ. സ്റ്റാൻ സ്വാമിയുടെ നിര്യാണത്തിൽ അനുശോചിച്ച് എം. സി. വൈ. എം. അതിഭദ്രാസന സമിതി സെന്റ് ജോൺസ് കത്തീഡ്രലിനു മുമ്പിൽ നടത്തിയ കൂട്ടായ്മയ്ക്ക് അതിഭദ്രാസന ഡയറക്ടർ ഫാ. എബ്രഹാം തൈപ്പറമ്പിൽ, ഫാ. വർഗീസ് വള്ളിക്കാട്ട്, കത്തീഡ്രൽ വികാരി ഫാ.ഡോ. ഐസക് പറപ്പള്ളിൽ, അതിരൂപത പ്രസിഡന്റ് ലൈജു കോശി മാത്യു, ജനറൽ സെക്രട്ടറി അൻവിൻ ടി. ഐസക്, സി. അലീന എസ്.ഐ.സി എന്നിവർ നേതൃത്വം നല്കുന്നു.




ഫാ. സ്റ്റാൻ സ്വാമിയുടെ നിര്യാണത്തിൽ അനുശോചിച്ച് എം. സി. എ. അതിഭദ്രാസന സമിതി ബി.എസ്.എൻ.എൽ. ഓഫീസിന് മുന്നിൽ നടത്തിയ കൂട്ടായ്മയ്ക്ക് ഫാ. കുര്യൻ കിഴക്കേക്കര, ഫാ. ഡോ. ഐസക് പറപ്പള്ളിൽ, ജിനു തോമ്പുംകുഴി, ജോജി വിഴലിൽ, ബാബു കല്ലുങ്കൽ, അനീഷ് വി. ചെറിയാൻ, ജോയി സാം, വത്സമ്മ കൈതപ്പറമ്പിൽ, സി.പി. ജോൺ, അനി ഏനാരിൽ എന്നിവർ നേതൃത്വം നല്കുന്നു.



എം.സി.എ. അതിഭദ്രാസന കർമ്മപരിപാടികളുടെ ഉദ്ഘാടനം അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത നിർവ്വഹിക്കുന്നു. പ്രസിഡന്റ് ജിനു തോമ്പുംകുഴി, അനി ഏനാരിൽ, ജോജി വിഴലിൽ, ഫാ. വർഗീസ് പള്ളിക്കൽ, ഫാ. ഏബ്രഹാം കുളങ്ങര, സുരേഷ് മുണ്ടിയാക്കൽ എന്നിവർ സമീപം.



www.malankaralibrary.com

## ബഥനി സന്യാസ സമൂഹത്തിന്റെ നവജ്യോതി പ്രോവിൻസിന്റെ പുതിയ നേതൃത്വം



ഫാ. വർഗീസ്
കൈപ്പനടുക്ക ഒ.ഐ.സി.
I കൗൺസിലർ



ഫാ. ജോർജ് ജോസഫ്
അയ്യനേത്ത് ഒ.ഐ.സി.
പ്രൊവിൻഷ്യൽ സുപ്പീരിയർ



ഫാ. ജോസഫ്
നോബിൾ ഒ.ഐ.സി.
II കൗൺസിലർ



ഫാ. ഏബ്രഹാം പ്രസാദ്
ചിറയിൽ ഒ.ഐ.സി.
III കൗൺസിലർ



ഫാ. ഡിബിൻ ജോസഫ്
വരമ്പുങ്കൽ ഒ.ഐ.സി.
IV കൗൺസിലർ



ഫാ. ജേക്കബ് വർഗീസ്
ഈട്ടിതടത്തിൽ ഒ.ഐ.സി.
പ്രൊവിൻഷ്യൽ പ്രൊക്കുറേറ്റർ



ഫാ. ആന്റണി
നെരിഞ്ഞമ്പള്ളി ഒ.ഐ.സി.
പ്രൊവിൻഷ്യൽ സെക്രട്ടറി

## ബഥനി സന്യാസ സമൂഹത്തിന്റെ നവജീവൻ പ്രോവിൻസിന്റെ പുതിയ നേതൃത്വം



**Fr. Cyril Anand OIC**
I Councillor



**Fr. Mathew Jacob Thiruvalil OIC**
Provincial Superior



**Fr. John Christopher OIC**
II Councillor



**Fr. Thomas Prasanth OIC**
III Councillor



**Fr. Isaac Parackal OIC**
IV Councillor



**Fr. Sajan Thomas OIC**
Provincial Procurator



**Fr. Danniel Mannil OIC**
Provincial Secretary

## അഭിനന്ദനങ്ങൾ





എം.സി.എ. അതിഭദ്രാസന പ്രസിഡന്റ് ജിനു തോമ്പുംകുഴി, ജനറൽ സെക്രട്ടറി അനി ഏനാരിൽ, എം.സി.എ. ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് ജോജി വിഴലിൽ.



www.malankaralibrary.com

## ഒന്നാം ചരമവാർഷികം – 26.08.2021



# കെ. എ. മാത്യു
# കൂളിയാട്ട്
### തിരുവല്ല

എന്ന്
സന്തപ്ത കുടുംബാംഗങ്ങൾ

---

## *In Loving Memory of Our Dearest Daddy*
### 5th Death Anniversary



**K.V. Mathews (Thankachan)**

Kanackal House, Thelliyoor

Date of Birth : 18-12-1949

Date of Demise : 22-07-2016

By

Ammalukutty Mathews
Reni Mathews & Family, Rensi Mathews & Family,
Roshan Mathews & Family



www.malankaralibrary.com

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822
Date of Publication : 01.07.2021
Price : ₹10/-
R.N.I. 35982/80
August 2021




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Mangalam Web Media, Kottayam, Kerala, Chief Editor : Rev. Dr. Isaac Parappallil

www.malankaralibrary.com